Date of publication: 9 ജൂലൈ 2016
വോള്യം 12 / ലക്കം 1 / വില 20₹
ISSN 2319 – 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



## സൈബർലോകങ്ങളിലെ പെണ്ണിടങ്ങൾ

# ക്വിയർ രാഷ്ട്രീയ പ്രസ്ഥാനം

**സംഘടിത**

സംഘടിത|ജൂലൈ 2016 |വോള്യം 12 |ലക്കം 1

**കവർ–മോഡൽ** : മായാ മേനോൻ

**കടപ്പാട്** : ഫിജോയ് ജോസഫ്, കളേർസ് പ്രൊഡക്ഷൻസ്



## ചർച്ചാവിഷയം

കേരളവും ക്വിയർ രാഷ്ട്രീയ പ്രസ്ഥാനവും-**രേഷ്മ രാധാകൃഷ്ണൻ** **7**

**21** ചിഞ്ചു അശ്വതി : അവനവൾ ജീവിതം, അദൃശ്യമാക്കപ്പെടുന്ന ദൃശ്യ ശരീരങ്ങൾ **- ജസീല**

ലെസ്ബിയൻ ജീവിതാവിഷ്ക്കാരങ്ങൾ **- കെ.ആർ.രാഗി** **36**

**46** മരിയക്കു വേണ്ടി സ്നേഹപൂർവ്വം **- ജി. ഇമാൻ സെമ്മലർ**

മനീഷയുടെ അവസാനിക്കാത്ത പോരാട്ടങ്ങൾ **- ജസീല** **50**

ലെസ്ബിയൻ ആത്മഹത്യകൾ : സഹയാത്രിക പഠനറിപ്പോർട്ട് **- സുധ കെ.എഫ്.** **54**

## അഭിമുഖം

**40** ദീപ വാസുദേവൻ എന്ന സഹയാത്രിക **അഭിമുഖം -ഗാർഗി**

**52** ഞാൻ ഒരു ട്രാൻസ്മാൻ സുനിൽമോഹൻ- **അമീറ വി.യു**

## ഫോട്ടോ ഫീച്ചർ : ലിംഗഭേദത്തിനുപുറത്തെ ശരീരഭാഷകൾ

**48** പെൺപക്ഷം **അജിത കെ.**

അനുസ്മരണം **കുസുമം ജോസഫ്** **55**

കവിത : **വിവ: ഡോണ മയൂര** **39**

**57** പുസ്തകയാത്രകൾ **എം.ഡി.രാധിക**

**56** വാസ്തവം **ഡോ.ജാൻസി ജോസ്**

**31** ഉപ്പും മുളകും **ഗീത**

**60** ചിന്താനുറുങ്ങുകൾ **രാജി രാധാകൃഷ്ണൻ**

**61** ശാസ്ത്രം **സീമ ശ്രീലയം**

**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ് **പത്രാധിപ സമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ചാരുലത എ.എസ്., അമീറ വി.യു, ഷർമ്മിള.ആർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

സ്ത്രീകൾ, ആദിവാസികൾ, കുടിയൊഴിപ്പിക്കപ്പെട്ടവർ എന്നിങ്ങനെ സമൂഹമദ്ധ്യത്തിൽ നിന്നും നിഷ്ക്കാസിതരായവരുടെ കൂടെ നിലയുറപ്പിച്ച് എഴുത്തും വായനയും കേവലം വരേണ്യാനുഭവ സ്ഥലികളല്ലെന്ന് സ്വന്തം ജീവിതം കൊണ്ട് തെളിയിച്ച ഒരു വഴികാട്ടി കൂടി പിരിഞ്ഞുപോയിരിക്കുന്നു. തീവ്രസമരജ്വാലകൾക്കിടയിലും നിത്യവും പുകഞ്ഞുകൊണ്ടിരിക്കുന്ന സ്ത്രീജീവിതങ്ങളുടെ നേർക്കാഴ്ചകളിൽ നമ്മെ നിർത്തിയ കഥാകാരി എന്ന നിലയിൽ മഹാശ്വേതാദേവി അവശേഷിപ്പിക്കുന്നത് കഠിനജീവിതയാഥാർത്ഥ്യങ്ങളുടെ ലോകങ്ങളാണ്. ചില വേർപാടുകൾ വിരാമങ്ങളാവാത്തതും ഈ അർത്ഥത്തിൽത്തന്നെയാണ്.

1960കളിൽ പുതുഇടതുപക്ഷത്തിന്റെ ഇടിമുഴക്കങ്ങൾ വിശാലമായ ജനാധിപത്യലോകങ്ങളെ സൃഷ്ടിക്കാൻ പ്രേരണയേകിയ സമരഗർജ്ജനങ്ങളായി മാറിയ സാഹചര്യത്തിൽ ആഫ്രിക്കൻ അമേരിക്കക്കാരുടെ വർണ്ണവെറിക്കെതിരെയുള്ള പോരാട്ടങ്ങൾക്കും, സ്ത്രീവിമോചനത്തിന്റെ രണ്ടാംതരംഗത്തിനും, ഭരണകൂടഭീകരതയ്ക്കും വിയറ്റ്നാം യുദ്ധത്തിനും എതിരെ നടന്ന ചെറുത്തുനിൽപ്പുകൾക്കുമൊപ്പം ലിംഗസ്വത്വാവകാശങ്ങൾക്കു വേണ്ടിയും പോരാട്ടങ്ങൾ നടന്നു. 1969 ജൂൺ 28ന് ന്യൂയോർക്കിലെ സ്റ്റോൺവോൾ ഇൻ എന്ന സ്വവർഗ്ഗാനുരാഗികളുടെ ബാറിൽ പോലീസ് നടത്തിയ റെയ്ഡിനെതിരെ ഉയർന്ന വമ്പൻ പ്രതിഷേധം സമരാഗ്നിയായി പടർന്ന് ലോകത്താകമാനമുള്ള ലിംഗസ്വത്വാവകാശ സംഘാടനത്തിന് പ്രചോദനമേകി. സ്റ്റോൺവോൾ സംഭവത്തിന്റെ ഒന്നാം വാർഷികാചരണത്തിന്റെ ഭാഗമായി 1970ൽ നടന്ന ആദ്യ ക്വിയർ പ്രൈഡിനെത്തുടർന്ന് കഴിഞ്ഞ നാൽപ്പത്തഞ്ച് വർഷമായി പ്രൈഡുകൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും നടക്കുന്നു.

ഇന്ത്യൻനിയമവ്യവസ്ഥയിലെ 377-ാം വകുപ്പ് പ്രകാരം പുരുഷസ്വവർഗ്ഗാനുരാഗം ക്രിമിനൽ കുറ്റമായി കണക്കാക്കപ്പെട്ടപ്പോൾ സ്ത്രീകൾ സ്വവർഗ്ഗാനുരാഗികൾ ആവാൻ സാധ്യതയില്ലെന്ന് വിക്ടോറിയ റാണി അഭിപ്രായപ്പെട്ടു എന്നാണ് കേട്ടുകേൾവി. ഇന്ത്യയിലെ ലെസ്ബിയൻ ജീവിതങ്ങളുടെ നേർക്കാഴ്ചകൾ പകർത്തിയ 'ലെസ്ബിയൻ റൈറ്റിങ്ങ് ഫ്രം ഇന്ത്യ' യുടെ സമ്പാദകയായ അശ്വനി സുഖ്തങ്കർ സൂചിപ്പിക്കുന്നതു പോലെ ഈ നിലപാട് സ്ത്രീസ്വവർഗ്ഗാനുരാഗികളെ കുറ്റവിമുക്തരാക്കിയെങ്കിലും അപകടകരമായ അദൃശ്യതകളിലേക്ക് അവരെ തള്ളിവിടുകയാണുണ്ടായത്.

ആദ്യമായി കേരളത്തിലാണ് ട്രാൻസ്ജെണ്ടർ നയം രൂപീകരിക്കുകയും ജനപ്രതിനിധികളുടെ പരസ്യ പിന്തുണ ഈ വിഷയത്തിൽ ലഭിക്കുകയും ചെയ്തതെങ്കിലും ഇവിടെ പൊതുജനങ്ങളുടേയും പോലീസിന്റെയും വേട്ടയാടലിൽ നിന്ന് രക്ഷപ്പെടാൻ അവർക്ക് ഇപ്പോഴും കഴിയുന്നില്ല എന്ന ദുഃഖസത്യം ഓർമ്മിക്കേണ്ടതുണ്ട്. സ്ത്രീപുരുഷരതിമാനകത (heteronormativtiy) യുടെ അധികാരപ്രയോഗങ്ങൾ സ്വതന്ത്രവും സ്വച്ഛവും ജൈവവുമായ ലിംഗസ്വത്വാവിഷ്ക്കാരങ്ങൾ അസാധ്യമാക്കിത്തീർക്കുകയാണുണ്ടായത്. മനുഷ്യലൈംഗികതയെ സ്വാഭാവിക /അസ്വാഭാവിക ദ്വന്ദ്വങ്ങളിൽ ഹിംസാത്മകമായി ബന്ധിക്കുന്ന പരിസരങ്ങളെ മറികടന്ന് വിമതലൈംഗികതകളുടെ ലോകങ്ങൾക്ക് നിലനിൽക്കാൻ കഴിയേണ്ടതുണ്ട്. സാമാന്യജീവിതം അസാധ്യമാക്കുന്ന തരത്തിൽ മനുഷ്യാവകാശങ്ങൾ നിർലജ്ജം ലംഘിക്കപ്പെടുന്ന അവസ്ഥകളിൽ നിന്നുള്ള മോചനം ഇനിയും മാറ്റിവയ്ക്കപ്പെടാവുന്ന ഒരു മുദ്രാവാക്യമാവരുത്.

ലിംഗസ്വത്വപ്രശ്നങ്ങൾ ജാതി, വർഗ്ഗം, മതം, പ്രായം, പ്രദേശം തുടങ്ങിയ നിരവധി സംവർഗ്ഗങ്ങളുമായി പിണഞ്ഞു കിടക്കുന്നതിനാൽ വ്യത്യസ്തങ്ങളായ ജീവിതയാഥാർത്ഥ്യങ്ങൾക്കാണവ രൂപം കൊടുക്കുന്നത്.കുടുംബം, വിദ്യാലയം, തൊഴിലിടം, ആരാധനാലയങ്ങൾ തുടങ്ങി നിലനിൽക്കുന്ന പല സ്ഥാപനങ്ങളുടെയും യുക്തികളുമായി ഈ സമരങ്ങൾക്ക് നിരന്തരം ഏറ്റുമുട്ടേണ്ടതായും വരും. ഈ അർത്ഥത്തിൽ, വ്യവസ്ഥിതിയുടെ അധികാരപ്രയോഗങ്ങൾക്കെതിരെയുള്ള ജനാധിപത്യ മുന്നേറ്റങ്ങൾ എന്ന നിലയിൽ സ്ത്രീ, ആദിവാസി, ദലിത്, കുടിയൊഴിപ്പിക്കപ്പെട്ടവർ തുടങ്ങിയവരുടെ സമരങ്ങൾ ലിംഗസ്വത്വാവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങളുമായി ഐക്യപ്പെടേണ്ടതുണ്ട്. ശീതൾ ശ്യാം സമ്പാദകയായ 'ക്വിയർ രാഷ്ട്രീയ പ്രസ്ഥാനം' ചർച്ച ചെയ്യുന്ന ഈ ലക്കം സംഘടിത ഐക്യദാർഢ്യത്തോടെ സമർപ്പിക്കട്ടെ.

# അതിഥി പത്രാധിപക്കുറിപ്പ്



ശീതൾ ശ്യാം

പാർശ്വവത്ക്കരിക്കപ്പെടുന്ന സമൂഹ വിഭാഗങ്ങളുടെ നിലവിളികൾ എന്നും ഉയർന്നുകൊണ്ടേയിരിക്കുന്നു. പുരോഗമനകാലഘട്ടത്തിലും മറ്റെല്ലായിടത്തും എന്ന പോലെ ഇന്ത്യയിലും ഇത്തരം നിലവിളികൾ അതിശക്തമായി കേട്ടുകൊണ്ടിരിക്കുന്നു. എന്നാൽ LGBTIQ വിഭാഗങ്ങൾ തങ്ങളുടെ അവകാശസമരങ്ങൾ നിലവിളിയോടെ മാത്രമല്ല ആഘോഷത്തോടെയും അഭിമാനത്തോടെയും പൊതുസമൂഹത്തിൽ നടത്തുന്നുണ്ട് ഇത്തരം കാഴ്ച്ചവെക്കപ്പെടലിലൂടെ. സാമൂഹിക കാഴ്ചപ്പാടിൽ മാറ്റം വരുമെന്ന് അവർ പ്രതീക്ഷിക്കുന്നുണ്ട്. ലോകത്ത് പല ഇടങ്ങളിലും ജൂൺ ജൂലായ് മാസങ്ങൾ ക്വിയർ പ്രൈഡ് മാസങ്ങളായി ആഘോഷിക്കുന്നുണ്ട്. തങ്ങൾക്ക് നേരെ നടക്കുന്ന അവകാശ നിഷേധങ്ങൾക്കെതിരെ ഒരു ദിനമെങ്കിലും പ്രതിഷേധിക്കാൻ അവർ തെരെഞ്ഞടുക്കുന്നു. ഇത്തരത്തിൽ ഉള്ള ഒരു ദിനത്തിന്റെ സന്ദേശം ലൈംഗികന്യൂനപക്ഷങ്ങൾ തങ്ങൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾക്കും വിവേചനങ്ങൾക്കും അവകാശ നിഷേധങ്ങൾക്കും എതിരെ തങ്ങളുടെ അഭിമാനം ഉയർത്തിപ്പിടിക്കുന്നു എന്നതാണ്. ഈ വർഷം കേരളത്തിൽ ഓഗസ്റ്റ് 12 നാണ് ക്വിയർ പ്രൈഡ്. കോഴിക്കോട് നഗരമാണ് ഇത്തവണ വേദിയായി തെരഞ്ഞെടുത്തിരിക്കുന്നത്. തങ്ങളുടെ കൂടെ ഐക്യദാർഢ്യം നിലനിർത്തുന്നതിനും തങ്ങളുടെ നേരെ നടക്കുന്ന നീതിനിഷേധങ്ങളെയും അതിക്രമങ്ങളെയും കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുന്നതിനും അന്വേഷിപോലുള്ള സംഘടനകളുടെയൊപ്പം നിലനില്ക്കുന്നതിന്റെ ആവശ്യകത ഏറിവരികയാണ്. പാർശ്വവത്ക്കരിക്കപ്പെടുന്ന ഒരു ജനവിഭാഗത്തിനൊപ്പം നില്ക്കാൻ കഴിഞ്ഞതിൽ അന്വേഷി പ്രസിദ്ധീകരണമായ സംഘടിതയ്ക്ക് അഭിമാനിക്കാം.ഈ ലക്കത്തിൽ LGBTIQ (Lesbian, Gay, Bisexual,Transgender, Intersex, Queer)വിഭാഗങ്ങളും പ്രമുഖ മനുഷ്യാവകാശപ്രവർത്തകരും ഒത്തുചേരുന്നു സംഘടിതയിൽ. ഏഴാമത് ലൈംഗികസ്വാഭിമാന ഘോഷയാത്രക്ക് (Queer Pride) ഐക്യദ്യാർഢ്യം പ്രഖ്യാപിച്ചുകൊണ്ട്. Down with IPC 377 എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട്....






രേഷ്മ രാധാകൃഷ്ണൻ

**2009** ജൂലൈ 2ന് ഡൽഹി ഹൈക്കോടതി, ഒരു സുപ്രധാന വിധിയിലൂടെ, രണ്ടു വ്യക്തികൾ അവരുടെ സ്വകാര്യതയിൽ ഉഭയകക്ഷിസമ്മതത്തോടെ ഏർപ്പെടുന്ന ചില ലൈംഗിക ബന്ധങ്ങളെ ക്രിമിനലൈസ് ചെയ്യുന്ന ഐപിസി സെക്ഷൻ 377[1] റദ്ദു ചെയ്യുകയുണ്ടായി. നാസ് ഫൗണ്ടേഷൻ എന്ന സംഘടന 2001ൽ സമർപ്പിച്ച പൊതുതാത്പര്യഹർജിയിൻമേൽ നടന്ന വാദത്തെത്തുടർന്നാണ് ഈ ചരിത്രപ്രധാനമായ വിധി വന്നത്. തങ്ങളുടെ നിലനിൽപ്പ് പോലും കുറ്റകരമായി കണക്കാക്കപ്പെട്ടിരുന്ന ഒരു അവസ്ഥയിൽ നിന്നുള്ള മോചനം എന്ന നിലയ്ക്ക് ഇന്ത്യയിൽ അങ്ങോളമിങ്ങോളമുള്ള വിമത[2]ലൈംഗികർ ഈ വിധിയെ സ്വാഗതം ചെയ്യുകയും ആഘോഷിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായിട്ടാണ് 2010 മുതൽ കേരളത്തിൽ ക്വിയർ പ്രൈഡ് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. അന്നു മുതൽ ഇങ്ങോട്ട് വിമത

# കേരളവും ക്വിയർ രാഷ്ട്രീയ പ്രസ്ഥാനവും



ലൈംഗിക രാഷ്ട്രീയം ഇന്ത്യയിൽ പൊതുവായും കേരളത്തിൽ പ്രത്യേകിച്ചും ഒട്ടേറെ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചു, ഒട്ടേറെ മാറ്റങ്ങൾക്ക് വിധേയമായി.

## കേരളം "നിശബ്ദതയിൽ നിന്നു ആഘോഷങ്ങളിലേക്ക്"

2010 ജൂലൈ 2ന് മറ്റു പല ഇന്ത്യൻ നഗരങ്ങളോടൊപ്പം കേരളവും ഒന്നാമത് ക്വിയർ പ്രൈഡ് ആഘോഷിച്ചു. മുഖ്യധാരയ്ക്കു പരിചയമോ കണ്ടു ശീലമോ ഇല്ലാത്ത മുദ്രാവാക്യങ്ങളും ശരീരങ്ങളും ശരീരഭാഷകളും അഭിമാനത്തോടെ പുറത്തെടുത്തു കൊണ്ട് അന്നാദ്യമായി കേരളത്തിലെ ജെൻഡർ[3]/സെക്ഷ്വൽ മൈനോറിറ്റികൾ ആഘോഷപൂർവ്വം തെരുവിലിറങ്ങി. 'നിശ്ശബ്ദതയിൽ നിന്നു ആഘോഷങ്ങളിലേക്ക്' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചു കൊണ്ട് നടന്ന ആഘോഷങ്ങളിൽ ക്വിയർ ആക്ടിവിസ്റ്റ് അനിൽ അഥവാ സ്വീറ്റ് മരിയ അന്ന് വിളിച്ചു പറഞ്ഞു, 'ഇന്നു ഞാൻ ഒരു മുഖം മൂടിക്കുള്ളിലാണ്, പക്ഷെ ഇനിയങ്ങോട്ട് അങ്ങനെ ആയിരിക്കില്ല. ഞാനീ മുഖംമൂടി വലിച്ചെറിയുകയാണ്, നിങ്ങളും അങ്ങനെ ചെയ്യുമെന്ന് ഞാൻ ആശിക്കുന്നു. മുഖംമൂടികൾക്കു വെളിയിലേക്കു വരൂ, ഒത്തു ചേരൂ'.

വ്യത്യസ്തതകളെ ആഘോഷിച്ചു കൊണ്ട് അന്ന് തുടക്കം കുറിച്ച കേരളത്തിന്റെ ക്വിയർ പ്രൈഡ് ആഘോഷങ്ങൾ ഇന്ന് ഏഴാം വർഷത്തിലേക്കു കടക്കുകയാണ്. തൃശൂർ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ നഗരങ്ങളിലായി നടന്നു വന്ന പ്രൈഡ് ഇത്തവണ ആഗസ്ത് 12ന് ഒരിക്കൽ കൂടി കോഴിക്കോട്ടെത്തുകയാണ്. എന്നാൽ കേരളത്തിന്റെ വിമത രാഷ്ട്രീയത്തിന് ആറു വർഷത്തെ പഴക്കമല്ല ഉള്ളത്. പതിനഞ്ചിലേറെ വർഷങ്ങളായി ചെറുതും വലുതുമായ ഇടപെടലുകൾ സംസ്ഥാനത്ത് അങ്ങിങ്ങായി നടന്നു വരുന്നുണ്ട്. തുടക്കം മുതലേ ട്രാൻസ്ജെൻഡർ

**2010 ജൂലൈ 2ന് മറ്റു പല ഇന്ത്യൻ നഗരങ്ങളോടൊപ്പം കേരളവും ഒന്നാമത് ക്വിയർ പ്രൈഡ് ആഘോഷിച്ചു. മുഖ്യധാരയ്ക്കു പരിചയമോ കണ്ടു ശീലമോ ഇല്ലാത്ത മുദ്രാവാക്യങ്ങളും ശരീരങ്ങളും ശരീരഭാഷകളും അഭിമാനത്തോടെ പുറത്തെടുത്തു കൊണ്ട് അന്നാദ്യമായി കേരളത്തിലെ ജെൻഡർ / സെക്ഷ്വൽ മൈനോറിറ്റികൾ ആഘോഷപൂർവ്വം തെരുവിലിറങ്ങി.**

സ്ത്രീകളെയും[4] "MSM"[5] വിഭാഗത്തിൽ പെട്ടവരെയും ഉൾപ്പെടുത്തി നടന്നു പോന്ന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കോണ്ടം വിതരണ പദ്ധതികളോടൊപ്പം തന്നെ, കേരളത്തിൽ അങ്ങോളമിങ്ങോളം പല തരം ചെറു ഗ്രൂപ്പുകൾ രൂപം കൊണ്ടു. 'വാതിൽ', 'സ്നേഹതീരം', തുടക്കത്തിൽ FIRM (Foundation for Integrated Research in Mental Health) എന്ന സംഘടനയോട് ചേർന്നു നിന്നു കൊണ്ടും പിന്നീട് സ്വതന്ത്രമായും പ്രവർത്തിച്ചു വരുന്ന 'സഹയാത്രിക', FIRM ന്റെ തന്നെ കീഴിൽ രൂപം കൊണ്ട 'സ്നേഹപൂർവ്വം', തുടങ്ങിയവ അവയിൽ ചിലതു മാത്രം. വലിയ ബഹളമുണ്ടാക്കാതെ ആവും വിധം പരസ്പരം കൈകോർത്തും സഹായിച്ചും വർഷങ്ങളോളം ഇവയെല്ലാം നിലനിന്നുവെങ്കിലും ഇപ്പോഴുള്ള തരം ദൃശ്യതയും പൂർണ്ണമായ അർത്ഥത്തിൽ അല്ലെങ്കിലും സ്വീകാര്യതയും കൈവന്നത് ഇക്കഴിഞ്ഞ ഏതാനും വർഷങ്ങളിൽ തന്നെയാണ്. ദൃശ്യതയ്ക്ക് ഇതിൽ സുപ്രധാനമായ ഒരു പങ്കുണ്ട്. 'ദൃശ്യത' എന്നത് എത്രത്തോളം കുഴഞ്ഞു മറിഞ്ഞതും ചിലപ്പോൾ സഹായകരവും പലപ്പോഴും ബുദ്ധിമുട്ടുണ്ടാക്കുന്നതുമായ ഒരു സംഗതിയാവുന്നതെങ്ങിനെ എന്നു ആദ്യകാലം മുതൽ തന്നെ ഇവിടുത്തെ ക്വിയർ മൂവ്മെന്റിന്റെ മുന്നിൽ നിന്നു പ്രവർത്തിച്ചു പോരുന്ന ദീപ വാസുദേവൻ പറയുന്നുണ്ട്[6]. പ്രത്യേകിച്ചും കേരളത്തെപ്പോലെ വിദ്വേഷാത്മകവും, താങ്ങോ ആശ്രയമോ ആയി ഒരു സംവിധാനവും ഇല്ലാത്തതുമായ ചുറ്റുപാടിൽ ജീവിക്കേണ്ടി വരുമ്പോൾ. എന്നിരിക്കിലും, പലപ്പോഴും ദൃശ്യത എന്നത് ബോധപൂർവ്വമുള്ള ഒരു തെരഞ്ഞെടുപ്പല്ലാത്ത ട്രാൻസ്ജെൻഡർസ്ത്രീകളുടെയും



**പലപ്പോഴും ദൃശ്യത എന്നത് ബോധപൂർവ്വമുള്ള ഒരു തെരഞ്ഞെടുപ്പല്ലാത്ത ട്രാൻസ്ജെൻഡർ സ്ത്രീകളുടെയും "MSM" വിഭാഗങ്ങളുടെയും ഈ സമൂഹത്തിലെ ക്ലേശകരമായ സാന്നിദ്ധ്യം ഇന്നത്തെ സ്ഥിതിവിശേഷത്തിന് ഒരു അടിത്തറയുണ്ടാക്കി എന്നത് കാണാതിരുന്നു കൂട.**



'MSM' വിഭാഗങ്ങളുടെയും ഈ സമൂഹത്തിലെ ക്ലേശകരമായ സാന്നിദ്ധ്യം ഇന്നത്തെ സ്ഥിതിവിശേഷത്തിന് ഒരു അടിത്തറയുണ്ടാക്കി എന്നത് കാണാതിരുന്നു കൂട. ഇതു പറയുമ്പോഴും പൊതു സമൂഹത്തിൽ LGBTQI[7] വിഭാഗങ്ങൾക്ക് സ്വീകാര്യത കൈവന്നു എന്നർത്ഥമില്ല. എന്നാൽ, ഇങ്ങനെ 'എന്തെല്ലാമോ' തരം ആളുകൾ ഉണ്ടെന്നും മുഴുവനുമൊന്നും മനസ്സിലായിട്ടില്ലെങ്കിലും അവരെ തീരെ കണ്ടില്ലെന്നു നടിക്കാൻ ഇനി ആവില്ലെന്നും സമൂഹം മനസ്സിലാക്കിത്തുടങ്ങിയതായി വേണം കരുതാൻ.

വിമത രാഷ്ട്രീയത്തിനു പലപ്പോഴും കിട്ടാതെ പോവുകയും ഇപ്പോൾ കൈ വന്നു തുടങ്ങിയതുമായ പ്രത്യേക ശ്രദ്ധയ്ക്കും ദൃശ്യതയ്ക്കും പുറകിൽ മാധ്യമങ്ങൾക്കുള്ള പങ്ക് തള്ളിക്കളയാനാവാത്തതാണ്. പ്രത്യേകിച്ച്, നവ സമൂഹ മാധ്യമങ്ങൾ ഒരുക്കിയ 'ഇട'ത്തെക്കുറിച്ച് എടുത്തു പറയേണ്ടതാണ്. വിവിധ ആശയങ്ങളെയും സ്വത്വങ്ങളെയും എന്തിനു ജെൻഡർനെയും സെക്ഷ്വാലിറ്റിയെയും പോലും പരസ്പരം മാറ്റിപ്പറയത്തക്ക വിധത്തിൽ ഉപയോഗിച്ചും മറ്റുമാണെങ്കിൽ പോലും സോഷ്യൽ മീഡിയ സംഭാവന ചെയ്തത് എല്ലാ തരം ആളുകൾക്കും അനായാസം കയറിച്ചെല്ലാവുന്ന ഇടത്തെയാണെന്നത് പ്രധാനമാണ്. വിമത രാഷ്ട്രീയത്തിനു, ചിന്തകൾക്ക്, എഴുത്തുകൾക്ക്, വാർത്തകൾക്ക് ഇവിടെ കിട്ടിയ ഇടം വലുതാണ്.

## ആഘോഷത്തിന്റെ മറുപുറം പലായനങ്ങൾ, മരണങ്ങൾ

സ്വവർഗ്ഗാനുരാഗികൾ[8], പ്രത്യേകിച്ച് അവർക്കിടയിലെ സ്ത്രീകൾ, പലപ്പോഴും തങ്ങൾ പ്രണയിക്കുന്നവരോടോപ്പമോ അല്ലാതെയോ നാടു വിട്ട് മറ്റു സംസ്ഥാനങ്ങളിൽ പോയി ജീവിക്കാൻ പാട് പെടുന്ന വാർത്തകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഒട്ടും പുതുമയുള്ളതല്ല. ട്രാൻസ്ജെൻഡർ പുരുഷന്മാർ അഥവാ ട്രാൻസ് മെൻ[9] എന്നൊരു വിഭാഗത്തെക്കുറിച്ച് നമ്മളിൽ പലരും കേട്ടിട്ടു പോലുമില്ല; അത്രയ്ക്ക് അരികുവത്കരിക്കപ്പെട്ടവരാണവർ. തങ്ങൾക്ക് ആശ്വാസകരമായ വേഷത്തിലും ഭാവത്തിലും സ്വത്വത്തിലും ജീവിക്കാൻ സ്വാതന്ത്ര്യമില്ലാതെ ഇവരിലും ബഹുഭൂരിഭാഗം പേരും കേരളം വിടുക പതിവാണ്. തികച്ചും പുതിയ സാഹചര്യങ്ങളിൽ, ഏതൊരു വ്യക്തിക്കും അവകാശപ്പെട്ട അടിസ്ഥാന വിദ്യാഭ്യാസം പോലും നേടാൻ സാധിക്കാതെ എത്തിപ്പെടുന്ന ഇവരുടെയൊക്കെ ജീവിതത്തിൽ പ്രതിസന്ധികൾ ഒഴിഞ്ഞ നേരമുണ്ടാവാറില്ല.

ചെറുപ്രായത്തിലേ ആത്മഹത്യയിൽ ചെന്നവസാനിക്കുന്ന അവസ്ഥയും പതിവാണ്. കൂട്ടത്തിൽ കൂടുതൽ ദൃശ്യർ എന്നു നമ്മൾ മുൻപ് പറഞ്ഞ ട്രാൻസ്ജെൻഡർസ്ത്രീകൾ (and 'MSM' കമ്മ്യൂണിറ്റി) പോലും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഇല്ല എന്നു പറയേണ്ടതില്ലല്ലോ! നാടു വിടാൻ സാധിച്ചില്ലെങ്കിൽ ട്രാൻസ്ജെൻഡർ വിഭാഗങ്ങൾ പലപ്പോഴും തങ്ങളുടേതല്ലാത്ത ശരീരങ്ങളിൽ വീർപ്പു മുട്ടി ജീവിക്കുകയോ അരക്ഷിതമായ സാഹചര്യങ്ങളിൽ ജീവിതം തള്ളി നീക്കുകയോ ചെയ്യുന്നു. വീട്ടുകാർക്ക് നാണക്കേടും നാട്ടുകാർക്ക് പരിഹാസവും ആയി, ചിന്തകളും താത്പര്യങ്ങളും പങ്കു വെക്കാൻ ആരുമില്ലാതെയുള്ള ജീവിതം എത്രത്തോളം ദുസ്സഹമാവും എന്ന് ഊഹിക്കാവുന്നതല്ലേയുള്ളൂ[10]. സമ്മർദ്ദം താങ്ങാനാവാതെ ഒരു വലിയ വിഭാഗം പേർ ജീവനൊടുക്കുന്നു. ചിലർ ദുരൂഹ സാഹചര്യങ്ങളിൽ കൊല്ലപ്പെടുക പോലും ചെയ്ത സംഭവങ്ങളുണ്ട്. തുടക്കത്തിൽ പരാമർശിച്ച അനിൽ അഥവാ സ്വീറ്റ് മരിയ ഇന്ന് ക്വിയർ മൂവ്മെന്റിന് പകരം വെക്കാനില്ലാത്ത അത്തരത്തിലുള്ള ഒരു തീരാ നഷ്ടമാണ്. മരിയയുടെ കൊലപാതകം 2011 ലെ രണ്ടാമത് ക്വിയർ പ്രൈഡിനു ശേഷമായിരുന്നു. ഒന്നാമത്തെയും രണ്ടാമത്തെയും പ്രൈഡുകളിൽ തന്റെ സംഘാടന മികവ് കൊണ്ടും സുന്ദരവും വശ്യവുമായ വേഷവിധാനം കൊണ്ടും ആവേശം കൊണ്ടും മരിയ പരേഡിലും പിന്നീട് വാർത്തകളിലും നിറഞ്ഞു നിന്നു. എന്നാൽ മരിയയുടെ വിയോഗത്തിന്റെ ഞെട്ടൽ മാറും മുൻപ് തന്നെ 2012ൽ ട്രാൻസ്ജെൻഡർപുരുഷനായ (പേര് വെളിപ്പെടുത്താനാവാത്ത) മറ്റൊരു സുഹൃത്തിനെക്കൂടി നമുക്ക് നഷ്ടപ്പെട്ടു. 2016 വരെ ഇതേ തോതിൽ മരണങ്ങൾ ഒരു തുടർക്കഥ പോലെ സംഭവിച്ചു കൊണ്ടേ ഇരിക്കുന്നു. 2000ൽ സഹയാത്രിക അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് തന്നെ കേരളത്തിലെ 'ലെസ്ബിയൻ ആത്മഹത്യകളെ'ക്കുറിച്ചുള്ള ഒരു വളരെ വിശദമായ ഒരു പഠനത്തിലൂടെയാണ്[11]. പറഞ്ഞു വരുന്നത് കേരളത്തിലെ വ്യവസ്ഥാപിതമല്ലാത്തതിനെ അംഗീകരിക്കാതിരിക്കാനുള്ള പ്രവണതയെക്കുറിച്ചും അതു മൂലം, മറ്റാർക്കും ദോഷം ചെയ്യാതെ അവരവരുടെ രീതിയിൽ ജീവിക്കാൻ ആഗ്രഹിക്കുക മാത്രം ചെയ്യുന്ന ഒരു കൂട്ടം മനുഷ്യർക്കുണ്ടാവുന്ന ദാരുണമായ അവസ്ഥയെക്കുറിച്ചുമാണ്. ജെൻഡർ/സെക്ഷ്വൽ മൈനോറിറ്റി എന്ന് ഇന്ന് മുഖ്യധാരാ സമൂഹം ഒരു പക്ഷെ എളുപ്പത്തിൽ തിരിച്ചറിയുകയും നിസ്സാര ബുദ്ധിയോടെ പരിഹസിച്ച് ചിരിച്ചു മറന്നു കളയുകയും ചെയ്യുന്ന ജീവിതങ്ങൾക്കും




ശരീരങ്ങൾക്കും പിന്നിലുള്ള കഥകൾ ഒട്ടും ലളിതമോ എളുപ്പമോ തമാശയോ അല്ലെന്നു നാം ഓർക്കേണ്ടതുണ്ട്.

## വ്യത്യസ്തമാവുന്ന കേരള ക്വിയർ പ്രൈഡ്

ഫെമിനിസ്റ്റ് രാഷ്ട്രീയത്തെപ്പോലെയോ ഒരു പക്ഷെ അതിൽ കൂടുതലോ ഇന്ത്യയിലെ ക്വിയർ മൂവ്മെന്റുകളും ക്വിയർ രാഷ്ട്രീയവും എല്ലായ്പോഴും കേൾക്കേണ്ടി വന്നിട്ടുള്ളതും മറുപടി പറയേണ്ടി വരാറുള്ളതുമായ ഒരു പഴി/ ചോദ്യമുണ്ട്: ഇതു പാശ്ചാത്യ നിർമ്മിതമായ ഒരു പ്രശ്നവും വിഷയവും ആണെന്നും ഇന്ത്യയെപ്പോലൊരു രാജ്യത്ത് ഇത് ഒരു ഉപരിവർഗ്ഗ പ്രശ്നവും പ്രസ്ഥാനവും മാത്രമല്ലേയെന്നും. വിമത




രാഷ്ട്രീയം എന്തു കൊണ്ട് പാശ്ചാത്യ നിർമ്മിതമായ ഒന്നായി കാണാൻ കഴിയില്ല എന്നതിനെക്കുറിച്ച് ധാരാളം പഠനങ്ങളും എഴുത്തുകളും ലഭ്യമാണ്. എന്നാൽ ഇന്ത്യയിലെ പല പ്രധാന നഗരങ്ങളിലെയും ക്വിയർ ഗ്രൂപ്പുകളും അവരൊന്നിച്ചു നടത്തി വരുന്ന പ്രൈഡ് ആഘോഷങ്ങളും ഒരു തരം വരേണ്യത (elitism) പ്രസരിപ്പിക്കുന്നതായി കാണാറുണ്ട്[12]. ഇവയിൽ നിന്നു വ്യത്യസ്തമായി കേരളത്തിലെ ക്വിയർ മൂവ്മെന്റ് പ്രത്യേകിച്ചും പ്രൈഡ് സംഘാടനത്തിൽ തുടക്കം മുതലേ കാണിച്ച ഒരു കരുതൽ എടുത്തു പറയേണ്ട ഒന്നാണ്. സ്വത്വവാദ രാഷ്ട്രീയങ്ങൾ ഉയർത്തിപ്പിടിക്കുന്നവർ, മനുഷ്യാവകാശ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങി വിവിധ മേഖലകളിലുള്ളവരെ കൂട്ടിച്ചേർത്തു കൊണ്ടാണ് ആദ്യ വർഷം മുതൽ തന്നെ കേരളത്തിൽ പ്രൈഡ് സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. മാത്രവുമല്ല, സംഘാടകരിലും അവരുടെ രാഷ്ട്രീയ കാഴ്ചപ്പാടുകളിലും വ്യക്തികളായാലും സംഘടനകൾ ആയാലും അത്തരം വരേണ്യത നന്നേ കുറവായിരുന്നു താനും. വ്യത്യാസങ്ങൾ, മനസ്സിലാവായ്കകൾ, അറിവില്ലായ്മകൾ ഇതെല്ലാം നിലനിൽക്കെത്തന്നെ പാർശ്വവത്കരിക്കപ്പെട്ട ഇതര ജനവിഭാഗങ്ങളോട് സംവദിക്കാൻ നാം ശ്രമിക്കുകയും ഒരു വലിയ പരിധി വരെ വിജയിക്കുകയും ചെയ്തിട്ടുണ്ട്. 2010 ലെ ആദ്യ ക്വിയർ പ്രൈഡിൽ വന്ന 'നവ ജനാധിപത്യ പ്രസ്ഥാന'ത്തിന്റെ ഐക്യദാർഢ്യ പ്രസ്താവന മുതൽ 2015ലെ ആറാമത്തെ പ്രൈഡിൽ സ്വതന്ത്ര സ്ത്രീ വിമോചന പ്രസ്ഥാനത്തിന്റെ ഐക്യദാർഢ്യം വരെ സൂചിപ്പിക്കുന്നത് കക്ഷി രാഷ്ട്രീയത്തിനു വെളിയിൽ

ഈ കാലയളവിൽ വിമത രാഷ്ട്രീയത്തിനുണ്ടായ വളർച്ചയെയാണ്. മൂവ്മെന്റിന്റെ ഭാഗമായിട്ടുള്ളവരോ പുറത്ത് നിന്നു പിന്താങ്ങിപ്പോരുന്നവരോ എല്ലാ വിഷയത്തിലും ഏകതാനമായ അഭിപ്രായം ഉള്ളവരാണെന്നോ രാഷ്ട്രീയപരമായി വേണ്ട സൂക്ഷ്മതയോ സംവേദനക്ഷമതയോ എല്ലായ്പോഴും കാഴ്ച വെക്കുന്നവരാണെന്നോ ഒന്നുമല്ല പറയാൻ ഉദ്ദേശിക്കുന്നത്. മറിച്ച്, വിഷയാധിഷ്ഠിതമായ രാഷ്ട്രീയ ഐക്യപ്പെടൽ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ തമ്മിൽ പതുക്കെയെങ്കിലും സാധ്യമാണ് എന്ന് കേരളത്തിലെ ക്വിയർ മൂവ്മെന്റ് ഇക്കാലം കൊണ്ട് തെളിയിക്കുന്നു എന്നാണ്.

## ആക്ടിവിസ്റ്റ് സ്വത്വം അടിച്ചേല്പിക്കപ്പെടുമ്പോൾ

കൗതുകകരമായ, എന്നാൽ ചിന്തിപ്പിക്കുന്ന ഒരു വിഷയം ഇതു കൂടിയാണ്: 'ക്വിയർ' ആയി സ്വയം തിരിച്ചറിയുകയും അതു ഒളിച്ചു വെക്കാതിരിക്കുകയും ചെയ്യുന്നവരെല്ലാം തന്നെ സ്വാഭാവികമായെന്ന വണ്ണം ക്വിയർ ആക്ടിവിസ്റ്റുകളാവേണ്ടി വരുന്ന ഒരു അവസ്ഥയുണ്ട്! മറ്റൊരു രീതിയിൽ പറഞ്ഞാൽ മറ്റു രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിന്നു വ്യത്യസ്തമായി ക്വിയർ ആക്ടിവിസം ഒരു തെരഞ്ഞെടുപ്പാവുന്നത് പലപ്പോഴും സ്വയം അങ്ങനെ തിരിച്ചറിയാത്തവർക്കോ അങ്ങനെ തിരിച്ചറിയപ്പെടാൻ തയ്യാറാവാത്തവർക്കോ മാത്രമാണ്. ക്വിയർ ആണോ, എങ്കിൽ ആക്ടിവിസ്റ്റ് ആവാതെ തരമില്ല എന്ന മട്ടിൽ! ഓർത്തു നോക്കിയാൽ എന്തൊരു ന്യായരഹിതമായ നിർബന്ധമാണത്! അതു കൊണ്ടു തന്നെ ഒരു കാര്യം നാം മനസ്സിലാക്കേണ്ടതുണ്ടെന്നു തോന്നുന്നു. ഏറ്റവും ഔന്നത്യമുള്ള രാഷ്ട്രീയ ശരികൾ രാഷ്ട്രീയ പ്രവർത്തനം ഒരു തെരഞ്ഞെടുപ്പാക്കാനുള്ള സവിശേഷാധികാരം (privilege) ഉള്ളവർക്ക് പോലും എല്ലായ്പോഴും സാധ്യമാവാറില്ല എന്നിരിക്കെ, ക്വിയർ സമൂഹത്തിൽ അതുണ്ടാവാതെ പറ്റില്ലെന്ന് ശഠിക്കുന്നതും, ചിലപ്പോഴൊക്കെ അതില്ലാത്തത് ഒപ്പം ചേരാനാവാത്ത വിധം അവരുടെ ഒരു വലിയ പോരായ്മയാണെന്നു കരുതുന്നതും തികച്ചും അപക്വമായ സമീപനമായിപ്പോവും.

## നിയമ പോരാട്ടങ്ങൾ, കോടതി വിധികൾ, നയരൂപീകരണങ്ങൾ

ഡൽഹി ഹൈക്കോടതി വിധിക്കു ശേഷമുള്ള എല്ലാ വർഷങ്ങളിലും ഇന്ത്യയിലെ മറ്റു പ്രമുഖ നഗരങ്ങളോടൊപ്പം കേരളവും ക്വിയർ പ്രൈഡ് ആഘോഷിച്ചു വരുന്നു. ക്വിയർ മൂവ്മെന്റിനെ




സംബന്ധിച്ചു ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നിലേറെ കോടതി വിധികൾ ഈ കാലയളവിൽ ഉണ്ടായി. 2013ൽ മേൽ പറഞ്ഞ ഹൈക്കോടതി വിധിയെ സുപ്രീം കോടതി റദ്ദു ചെയ്യുകയും ഇതിന്മേലുള്ള ചർച്ചയും നിയമനിർമ്മാണവും പാർലമെന്റിനു വിടുകയും ചെയ്തു. ഈ വിധിക്കെതിരെയുള്ള പുനഃപരിശോധനാ ഹർജി 2014ൽ സുപ്രീം കോടതി വീണ്ടും തള്ളി. IPC 377 അടിസ്ഥാനപ്പെടുത്തിയുള്ള ക്രിമിനൽവത്കരണം നിർത്തലാക്കാൻ വേണ്ടിയുള്ള ബിൽ 2015ൽ പാർലമെന്റിൽ വോട്ട് ചെയ്തു തള്ളി. 2016ൽ സുപ്രീം കോടതി ഒരിക്കൽ കൂടി ഈ നിയമത്തെ പിന്താങ്ങി.

ഇതിനിടയിൽ മറ്റു ചില ചരിത്ര പ്രധാന വിധികളും ഉണ്ടായി. ആൺപെൺ ദ്വന്ദ്വത്തിൽ ഒതുക്കാവുന്നതല്ല ജെൻഡർ ഐഡന്റിറ്റി എന്നും ഇതിന്റെ പേരിലുള്ള വിവേചനം ഭരണഘടനാ വിരുദ്ധമാണെന്നും ഇതേ സുപ്രീം കോടതി 2014ൽ വിധിച്ചു. നൽസാ (NALSA - National Legal Services Authortiy) പ്രഥമ പെറ്റിഷണർ ആയി വാദിച്ച കേസിന്റെ വിധിയിൽ ട്രാൻസ്ജെൻഡർ വിഭാഗങ്ങളെ 'മൂന്നാം ലിംഗം' എന്നു രേഖപ്പെടുത്തണമെന്നും ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കു വിധേയരായിട്ടുണ്ടോ എന്നതല്ല, മറിച്ച് സ്വയം അടയാളപ്പെടുത്തുന്നതെന്തോ അതാണ് ഒരാളുടെ ജെൻഡർ എന്നും കോടതി പറഞ്ഞു. ഇവരുടെ സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥ കണക്കിലെടുത്ത് 'മൂന്നാം ലിംഗ'ക്കാർക്ക്





വിദ്യാഭ്യാസം, തൊഴിൽ മേഖലകളിൽ സംവരണം അടക്കമുള്ള വ്യവസ്ഥകൾ കൊണ്ടു വരണമെന്നും കോടതി വിധിച്ചു. ഇടപെടുന്ന എല്ലാ മേഖലകളിലും പരിഹാസവും പീഡനവും അനുഭവിച്ച ഓർമ്മകൾ മാത്രം സ്വന്തമായുള്ള ട്രാൻസ്ജെൻഡർ സമൂഹത്തിന് ഈ വിധി ചെറുതല്ലാത്ത ആശ്വാസമാണ് നൽകിയത്.

ഓരോ വർഷവും പ്രൈഡ് ആഘോഷങ്ങളുടെ ഭാഗമായി പൊതു സമ്മേളനങ്ങൾ നടക്കുകയും സർക്കാരിന്റെ പരിഗണനയ്ക്കായി ക്വിയർ സമൂഹത്തിന്റെ അവകാശങ്ങളെക്കുറിച്ച് ഓർമ്മിപ്പിച്ചു കൊണ്ട് ഡിമാന്റുകൾ തയ്യാറാക്കുകയും ചെയ്യാറുണ്ട്. ഈ മേഖലയിൽ



പ്രവർത്തിക്കുന്ന വ്യക്തികളും സംഘടനകളും നിരന്തരം സർക്കാർ സംവിധാനങ്ങളുമായി സംവദിക്കാൻ ശ്രമിച്ചു പോരുന്നുമുണ്ട്. ഈ വിധി കൂടി വന്നതിനെ തുടർന്ന് കേരളത്തിലും മാറ്റങ്ങൾ പ്രകടമായിത്തുടങ്ങി. ഇന്ത്യയിൽ ആദ്യമായി ഒരു ട്രാൻസ്ജെൻഡർ പോളിസിക്ക് രൂപം കൊടുത്ത സംസ്ഥാനമായി കേരളം മാറി. പൊതു സമൂഹത്തിന്റെ ചിന്താഗതിയിലും ജെൻഡർ സെക്ഷ്വൽ മൈനോറിറ്റി വിഭാഗങ്ങളോടുള്ള സമീപനത്തിലും പറയത്തക്ക മാറ്റം ഉണ്ടായിട്ടുണ്ടെന്ന് പറയാനാവില്ലെങ്കിലും പ്രമുഖ രാഷ്ട്രീയ പാർട്ടികൾ ഈ വിഷയത്തിൽ ഒരു തരം മത്സര ബുദ്ധിയോടെ ശ്രദ്ധയും താത്പര്യവും കാണിക്കാൻ തുടങ്ങിയിരിക്കുന്നു. ഇതേക്കുറിച്ച് കൂടുതൽ പറയുന്നതിന് മുൻപ് മറ്റു ചില വ്യക്തതകൾ വരുത്തേണ്ടത് പ്രധാനമാണെന്നു തോന്നുന്നു.

## ക്വിയർ മൂവ്മെന്റ് മുന്നോട്ടു വെക്കുന്ന കാതലായ വിഷയങ്ങളെക്കുറിച്ച്...

ക്വിയർ മൂവ്മെന്റ് അഥവാ വിമത ലൈംഗികതാ പ്രസ്ഥാനം മുന്നോട്ടു വയ്ക്കുന്ന രാഷ്ട്രീയം ഏറ്റവും ലളിതമായി പറഞ്ഞാൽ രണ്ടു വ്യത്യസ്തവും പലപ്പോഴും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നതുമായ വിഷയങ്ങളെ സംബന്ധിച്ചാണ്: ഒന്ന്, ജെൻഡർ അഥവാ ലിംഗപദവി/ലിംഗഭേദം, രണ്ട്, സെക്ഷ്വാലിറ്റി അഥവാ ലൈംഗികത. മാധ്യമങ്ങളിലും ചർച്ചകളിലുമെല്ലാം തന്നെ ഒട്ടുമിക്ക സമയങ്ങളിലും മാറ്റിയും മറിച്ചും തെറ്റിച്ചും അല്ലാതെയുമൊക്കെ ഉപയോഗിക്കപ്പെടുകയും മനസ്സിലാക്കപ്പെടുകയും ചെയ്യുന്ന രണ്ടു പരികൽപ്പനകൾ ആണിവ.

**ജെൻഡർ** (Gender): സ്ത്രീ, പുരുഷൻ എന്നിങ്ങനെ രണ്ടു സാധ്യതകൾ മാത്രമല്ല നിലവിലുള്ളതെന്ന് വിമത രാഷ്ട്രീയം പറയാൻ ശ്രമിക്കുന്നു. ജൈവപരമായിപ്പോലും ഇതിനെ വിശദീകരിക്കാൻ ശാസ്ത്രത്തിനു ഇന്ന് സാധിച്ചു കഴിഞ്ഞിരിക്കുന്നു. ജനിക്കുമ്പോൾ പെൺ സ്വത്വം കല്പിക്കപ്പെടുകയും വളർച്ചയുടെ ഏതോ

ഘട്ടത്തിൽ താനൊരു സ്ത്രീയല്ലെന്നോ പുരുഷനാണെന്നോ തിരിച്ചറിയുകയും ചെയ്യുന്ന ട്രാൻസ്ജെൻഡർ ആണുങ്ങൾ അഥവാ ട്രാൻസ് മെൻ. അതു പോലെ, ജനിക്കുമ്പോൾ ആൺ സ്വത്വം കല്പിക്കപ്പെടുകയും വളർച്ചയുടെ ഏതോ ഘട്ടത്തിൽ താനൊരു പുരുഷനല്ലെന്നോ സ്ത്രീയാണെന്നോ തിരിച്ചറിയുകയും ചെയ്യുന്ന ട്രാൻസ്ജെൻഡർസ്ത്രീകൾ അഥവാ ട്രാൻസ് വിമെൻ. ഇവരിൽ എല്ലാവരും എല്ലായ്പോഴും വസ്ത്രധാരണത്തിൽ നിർബന്ധങ്ങൾ പുലർത്തുന്നവരല്ല. സാമൂഹികമായ പരിമിതികളോ വ്യക്തിപരമായ കാരണങ്ങളോ ഇതിനു പിന്നിൽ ഉണ്ടാവാം. ഇവരിൽ എല്ലാവരും ശാരീരികമായി സർജറിക്കു (SRS - Sex Reassignment Surgery) വിധേയരാവുകയോ അത് ആഗ്രഹിക്കുകയോ ചെയ്യുന്നവർ ആവണമെന്നും നിർബന്ധമില്ല. ഇതിനു സാമ്പത്തികം[13] മുതൽ വ്യക്തിപരമായതു വരെയുള്ള കാരണങ്ങളും ഉണ്ടാവാം. ഇതൊന്നുമല്ലാതെ ഇന്റർസെക്സ് (Intersex) വിഭാഗങ്ങളും ഉണ്ട്. പലപ്പോഴും ജനനത്തിൽ തന്നെയോ അല്ലെങ്കിൽ ചെറു പ്രായത്തിൽ തന്നെയോ പ്രകടമായിത്തന്നെ, നിലനിൽക്കുന്ന ആൺപെൺ മാതൃകകളിൽ നിന്ന് ജനിതകമായ വ്യത്യാസങ്ങൾ ഇവരിൽ കാണപ്പെടുന്നു. ഒരു വൈകല്യമായിക്കണ്ട് പലപ്പോഴും മാതാപിതാക്കളുടെ താല്പര്യത്തിനനുസരിച്ച് രണ്ടിലൊരു ലിംഗപദവിയിലേക്ക് സർജറി മൂലം ഇവരെ മാറ്റുകയാണ് പൊതുവേ സംഭവിക്കാറ്. വളരുമ്പോൾ അവർക്ക് കല്പിച്ചു കൊടുക്കപ്പെട്ട പദവിയുമായി ശാരീരികമായും മാനസികമായും പൊരുത്തപ്പെടാൻ കഴിയണം എന്നില്ല എന്നതാണ് അപകടകരവും സങ്കടകരവും സങ്കീർണവുമായ അവസ്ഥ.

സെക്ഷ്വാലിറ്റി (Sexuality): ഏതൊരു മനുഷ്യന്റെയും ഉള്ളിൽ തോന്നുന്ന ലൈംഗികമായ ചോദനകളെയും ആകർഷണങ്ങളെയും അഭിരുചികളെയും സൂചിപ്പിക്കുന്നതാണ് സെക്ഷ്വാലിറ്റി. കുടുംബം എന്ന സ്ഥാപനത്തിൽ അധിഷ്ഠിതമായ heterosexual (‘എതിർ’ലിംഗത്തോടുള്ള താത്പര്യവും ആകർഷണവും) മാതൃകയാണ് നമ്മുടെ സാമൂഹിക ചട്ടപ്രകാരം സ്വാഭാവികവും ഒരേയൊരു ‘ശരി’യും. ഈ രൂഢമൂലമായ ധാരണയെ ചോദ്യം ചെയ്തു കൊണ്ട് വിമത രാഷ്ട്രീയം പറയാൻ ശ്രമിക്കുന്ന കാര്യങ്ങളിലൊന്ന് ഈ ഒരു സാധ്യത മാത്രമല്ല നിലവിലുള്ളത് എന്നാണ്. Heterosexuality പോലെ തന്നെ homosexuality അഥവാ സ്വവർഗലൈംഗികത/ സ്വവർഗ്ഗപ്രണയം എന്നതും സംഭവ്യവും സ്വാഭാവികവും ഓരോ വ്യക്തിയുടെയും തികച്ചും വ്യക്തിപരമായ തിരഞ്ഞെടുപ്പും ആണെന്നാണ്. ഇതു രണ്ടുമല്ലാത്ത ബൈസെക്ഷ്വാലിറ്റി അഥവാ ദ്വിലൈംഗികത (bisexuality) പോലുള്ള മറ്റു സാധ്യതകളും ഉണ്ട്. ഇവയെല്ലാം ഓരോരുത്തരുടെയും ലൈംഗികക്രമീകരണത്തെ (sexual orientation) വലിയ രീതിയിൽ ആശ്രയിച്ചിരിക്കും. ജെൻഡർ എന്തു തന്നെയായിരുന്നാലും ഓരോ വ്യക്തിക്കും അവരവരുടേതായ ലൈംഗികത അഥവാ സെക്ഷ്വാലിറ്റി ഉണ്ടെന്നു ചുരുക്കം.

ജെൻഡർനേയും സെക്ഷ്വാലിറ്റിയെയും മാറ്റം സംഭവിക്കാവുന്ന, വഴക്കമുള്ള സങ്കല്പങ്ങളായി വേണം നാം മനസ്സിലാക്കാൻ[14] . ലൈംഗികാഭിരുചികളിൽ മാറ്റം സംഭവിക്കാം. ലിംഗപദവിയിലും മാറ്റം വരാം. നമ്മിൽ പലരും ഒരു പക്ഷെ അത്ര തീവ്രമായിട്ടില്ലാത്ത ഉള്ളിലെ ചില അഭിരുചികളെ തിരിച്ചറിയാതെയും ജീവിക്കുന്നു! നമ്മുടെ ജീവിതത്തെയും അഭിരുചികളെയും ചിന്തകളെയും സ്വാധീനിക്കാനും ഉറപ്പിക്കാനുമുള്ള ശക്തിയും കഴിവും സമൂഹത്തിലെ എഴുതപ്പെടാത്ത ചട്ടങ്ങൾക്ക് അത്രയേറെയാണ് എന്നേ പറയാനുള്ളൂ!

## നയങ്ങൾ, പദ്ധതികൾ, പരിഹാരങ്ങൾ അടിസ്ഥാനപരമായ പാളിച്ചകൾ?

ഈ വ്യത്യാസങ്ങളും സങ്കീർണതകളും ശരിയായ രീതിയിൽ മനസ്സിലാക്കിയിട്ടാണോ



രാഷ്ട്രീയ പാർട്ടികളും അവരുടെ യുവജന/ വിദ്യാർത്ഥി സംഘടനകളും സർക്കാരും ഇന്ന് പല തരം വാഗ്ദാനങ്ങളും പരിഹാരങ്ങളും മുന്നോട്ടു വെക്കുന്നതും പദ്ധതികൾക്കു രൂപം കൊടുക്കുന്നതും എന്ന ചോദ്യം ക്വിയർ മൂവ്മെന്റിന് മുന്നിൽ ഉണ്ട്. ട്രാൻസ്ജെൻഡർ വിഭാഗങ്ങൾ 'മൂന്നാം ലിംഗക്കാർ' ആണെങ്കിൽ 'ഒന്നാം ലിംഗക്കാർ' ആരാണെന്ന സുപ്രധാനമായ രാഷ്ട്രീയ പ്രശ്നം ക്വിയർ മൂവ്മെന്റ് ഭരണകൂടത്തോട് ഉന്നയിക്കുന്നു.

നമ്മൾ മനസ്സിലാക്കേണ്ടതും പ്രധാനപ്പെട്ടതുമായ ഒരു കാര്യം ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്ക് പൊതുവായി എന്ന തരത്തിലാണ് ഇപ്പോൾ വന്നു കൊണ്ടിരിക്കുന്ന പദ്ധതികൾ. അവയിൽ മിക്കപ്പോഴും ട്രാൻസ്മെൻ അഥവാ ട്രാൻസ്ജെൻഡർപുരുഷൻ എന്ന, സവിശേഷമായ പരിതഃസ്ഥിതികളും ശ്രദ്ധയും ആവശ്യമായ, അദൃശ്യരിൽ അദൃശ്യരായ ഒരു വിഭാഗം, കൂടുതൽ അരികുവത്കരിക്കപ്പെട്ടു പോവാൻ ഇടയാവുന്ന തികച്ചും നീതിയുക്തമല്ലാത്ത ഒരു സാഹചര്യം നിലനിൽക്കുന്നുണ്ട്. ഈയൊരു വിഷയത്തിൽ ക്വിയർ മൂവ്മെന്റിനോടൊപ്പം നിൽക്കുന്ന ഏവരും ശ്രദ്ധയും ജാഗ്രതയും പുലർത്തേണ്ടതുണ്ട്.

കൊച്ചി മെട്രോയിൽ ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പെട്ടവർക്ക് KMRC ജോലി വാഗ്ദാനം ചെയ്തിരിക്കുന്നു (സുപ്രീം കോടതി വിധി നിലവിലുള്ള ഒരു രാജ്യത്തിലെ, TG പോളിസി നിലവിൽ വന്ന ഒരു സംസ്ഥാനത്ത്, ട്രാൻസ്ജെൻഡർസ്ത്രീകളെ തെരുവിലിട്ട് മർദ്ദിച്ചവശരാക്കുകയും അസഭ്യം പറയുകയും ചെയ്ത കൊച്ചി പോലീസിന്റെ മുഖം രക്ഷിക്കാനായി ധൃതിയിൽ മുന്നോട്ടു വച്ച ഒരു വിലയാണിതെന്നത് മറ്റൊരു വശം). ഇതിൽ ട്രാൻസ്മെന്നിനെ കൂടി ഉൾപ്പെടുത്തുമെന്നും വാക്കാൽ അംഗീകരിച്ചിരിക്കുന്നു. നിബന്ധന ഇത്ര മാത്രം കഴിഞ്ഞ പത്ത് വർഷമായെങ്കിലും കൊച്ചിയിൽ ഉള്ളവരോ കൊച്ചിയിൽ സ്ഥിരതാമസം ആക്കിയവരോ ആണെങ്കിൽ മാത്രമേ അപേക്ഷ സ്വീകരിക്കൂ! ഓർക്കുക, കൊച്ചിയിൽ ഉള്ളവർക്ക് മുൻഗണനയെന്നു പോലുമല്ല! കൊച്ചിയിൽ പോയിട്ട് കേരളത്തിൽ പോലും നിൽക്കാൻ പറ്റാതെ നെട്ടോട്ടമോടുന്ന മനുഷ്യരോട് ഇങ്ങനെ പറയുമ്പോൾ ഉണ്ടാവുന്നത് പരിപൂർണ്ണമായ നീതി നിഷേധമല്ലാതെ മറ്റൊന്നുമല്ല. മറ്റൊരു ജോലിക്കും മറ്റൊരു വിഭാഗത്തിനും പൊതുവെ പറയാത്ത ഇത്തരമൊരു നിബന്ധന വെക്കുന്നതോടെ ഒരു വലിയ വിഭാഗം മനുഷ്യർ ആരും അറിയാതെ പുറത്താക്കപ്പെടുകയാണ്.

ഒറ്റ നോട്ടത്തിൽ ഏറെ ആവേശം കൊള്ളിക്കുന്ന മറ്റൊരു സംഗതി സംസ്ഥാന ബജറ്റിലെ പെൻഷൻ ആണ്. 60 വയസ്സു കഴിഞ്ഞ ട്രാൻസ്ജെൻഡർ വിഭാഗത്തിൽ പെട്ടവർക്ക് സർക്കാർ പെൻഷൻ കൊടുക്കും എന്നു



പ്രഖ്യാപിച്ചിരിക്കുന്നു. പല വിഷയങ്ങളാണ് ഇവിടെ നാം ഓർക്കേണ്ടതായിട്ടുള്ളത്. ഒന്ന്, ലേഖനത്തിന്റെ തുടക്കത്തിൽ ചർച്ച ചെയ്ത ഉയർന്ന ആത്മഹത്യാ/മരണ നിരക്ക് ഓർക്കുമല്ലോ. 60 വയസ്സിനു മുകളിലുള്ള എത്ര ട്രാൻസ്ജെൻഡേർസിനെ സർക്കാരിനു കണ്ടെത്താനാവും എന്നതാവും ഒരു പ്രധാന വെല്ലുവിളി. ഈ പദ്ധതിയുടെ വെളിച്ചത്തിൽ ചിലരെങ്കിലും മുന്നോട്ടു വരുന്നുവെങ്കിൽ നല്ലത്. ഏതായാലും 'സഹയാത്രിക'യുടെ ഇതു വരെയുള്ള പ്രവർത്തനത്തിൽ പുറത്ത് വന്ന (come out[15] ചെയ്ത) ട്രാൻസ്ജെൻഡർ വിഭാഗത്തിൽ ഇതു വരെയും ഒരാൾ പോലും 60 വയസ്സു കഴിഞ്ഞവരായിട്ടുണ്ടെന്നു കരുതാനാവില്ല. ട്രാൻസ്ജെൻഡർ സർവ്വേ ആണ് ഇതിനെല്ലാം ആധാരമാക്കാൻ പോവുന്നതെങ്കിൽ വിഷയത്തെ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കാൻ സർക്കാരിനോ രാഷ്ട്രീയ പാർട്ടികൾക്കോ കഴിഞ്ഞിട്ടില്ല എന്നു മാത്രമേ കരുതാനുള്ളൂ; കാരണം, പുറത്തു വന്നിട്ടുള്ളവർ കുറവും അതിനു സാധിക്കാതെ വീർപ്പു മുട്ടി ജീവിക്കുന്നവർ (ജീവിതം അവസാനിപ്പിക്കു ന്നവരും) വളരെ കൂടുതലുമാണ് എന്നത് തന്നെ. വീട് വീടാന്തരം കയറിയിറങ്ങിയുള്ള സെൻസസ് മാതൃകയിലുള്ള ഒരു സർവ്വേ അല്ല നടന്നിട്ടുള്ളത് എന്നും അത്തരത്തിലൊന്ന് ഇന്നത്തെ സാമൂഹ്യ സാഹചര്യങ്ങളിൽ പ്രായോഗികമല്ല എന്നുമിരിക്കെ, ലഭ്യമായ ബന്ധങ്ങൾ മാത്രമല്ലേ ഇത്തരമൊരു സർവേക്ക് ഉപയോഗിക്കാൻ സാധിക്കൂ! അത് തന്നെയാണ് ഈ സർവേയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു പോരായ്മയും അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള പദ്ധതികളുടെ പ്രശ്നവും. രണ്ടാമതായി നാം ഓർക്കേണ്ട വിഷയം എന്തെന്നാൽ, വാർദ്ധക്യപെൻഷൻ കേരളത്തിലെ 60 വയസ്സു പിന്നിട്ട (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന)വർക്ക് നേരത്തെ തന്നെ കൊടുത്തു വരുന്ന ഒന്നാണ്. മനുഷ്യരായിപ്പോലും പരിഗണിക്കപ്പെടാതിരുന്ന പരിതസ്ഥിതിയിൽ വൃദ്ധരായ ട്രാൻസ്ജെൻഡർ സമൂഹത്തിന് (അങ്ങനെയൊരു വിഭാഗം ഉണ്ടെങ്കിൽ) സ്വാഭാവികമായും ഇതു പ്രയോജനപ്പെടുത്താനായിരുന്നില്ല. സുപ്രീം കോടതി വിധിയെത്തുടർന്ന് 2014 മുതൽ ട്രാൻസ്ജെൻഡർ വിഭാഗത്തിന് 'മൂന്നാം ലിംഗം' എന്നടയാളപ്പെടുത്തിയ തിരിച്ചറിയൽ രേഖ ലഭിച്ചു തുടങ്ങിയതോടെ (ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ആദ്യമായി ട്രാൻസ്ജെൻഡർ ഐഡന്റിറ്റിയിൽ വോട്ടു രേഖപ്പെടുത്തിയ സുജി വാർത്തയാവുന്നത് അങ്ങനെയാണ്), സ്വാഭാവികമായും പെൻഷൻ അടക്കമുള്ള സ്കീമുകളിൽ ഇവർ ചേർക്കപ്പെടും എന്നിരിക്കെ, ഈ പ്രഖ്യാപനത്തിൽ സവിശേഷമായി ഒന്നും തന്നെയില്ല എന്നു പറയേണ്ടി വരും. സുപ്രീം കോടതി നിർദ്ദേശിച്ച കാര്യങ്ങളിൽ വളരെ ചുരുക്കം ചിലത്, ആവശ്യമായ രാഷ്ട്രീയ ഉൾക്കാഴ്ച ഇല്ലാതെ, അതിന്റെ പ്രായോഗികതയും സാഹചര്യങ്ങളും പോലും കണക്കിലെടുക്കാതെ, സർക്കാർ പ്രഖ്യാപിച്ചു തുടങ്ങിയിരിക്കുന്നു എന്നു മാത്രമേ കരുതേണ്ടതുള്ളൂ.

## ഇതര ലൈംഗികാഭിരുചികളും 'പ്രകൃതിവിരുദ്ധത'യും



ഇതെല്ലാം പറഞ്ഞ ശേഷം ഉപസംഹരിക്കും മുൻപായി ഒരിക്കൽ കൂടി നാം സ്വയം ഓർമ്മപ്പെടുത്തേണ്ട ഒന്നുണ്ട്. ഇതര ലൈംഗികാഭിരുചി എന്നത് ഇന്നും നമ്മുടെ നാടിന്റെ നിയമം അനുസരിച്ച് 'പ്രകൃതി വിരുദ്ധം' ആണ്. ജെൻഡർ വ്യത്യാസങ്ങളെ അംഗീകരിക്കാൻ ശ്രമിച്ചു തുടങ്ങുമ്പോഴും രണ്ടു വ്യക്തികളുടെ തികച്ചും വ്യക്തിപരമായ പ്രണയം എന്ന വികാരത്തിലേക്ക്, അവരുടെ സ്വകാര്യതയിൽ ഏർപ്പെടുന്ന ലൈംഗിക ആനന്ദങ്ങളിലേക്ക്, ഇന്നും നമ്മുടെ നീതിന്യായ വ്യവസ്ഥയും ഭരണകൂടവും എത്തി നോക്കുന്നു, അതിലെ ശരിയും ശരികേടും തീരുമാനിക്കുന്നു, ക്രിമിനലുകൾ എന്നു മുദ്ര കുത്തുന്നു. രണ്ടു വ്യക്തികൾ തമ്മിലുള്ള ഇഷ്ടം/ ബന്ധം എന്ന തികച്ചും ലളിതമായ യുക്തിയിൽ മാത്രം മനസ്സിലാക്കേണ്ട ഒരു വിഷയത്തിൽ അനാവശ്യമായി കൈകടത്തി ആളുകളെ പൊതു സമൂഹത്തിനു മുന്നിൽ മുദ്ര കുത്തി അപമാനിക്കുകയാണ് ഇത്തരത്തിൽ. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പോലും ഇതൊരു വൈകൃതമോ മാറ്റിയെടുക്കേണ്ട ഒരു 'പ്രശ്ന'മോ അല്ല, മറിച്ചു ആൺപെൺ ബന്ധം പോലെ തന്നെ

തികച്ചും സ്വാഭാവികമായ ഒരു അവസ്ഥയാണെന്ന് പറഞ്ഞു കഴിഞ്ഞ സാഹചര്യമാണെന്നോർക്കുക! ഏതെങ്കിലും രീതിയിൽ ഒരാളുടെ സ്വവർഗ്ഗ പ്രണയമോ താത്പര്യമോ വീട്ടുകാരോ നാട്ടുകാരോ മറ്റു സഹപാഠികളോ അറിയാനിടവന്നാൽ തൽക്ഷണം താത്പര്യത്തിനു വിരുദ്ധമായി ഇവരെ പരിഹാര നടപടികൾക്കു (corrective measures) വിധേയരാക്കുക, വീട്ടു തടങ്കലിൽ ഇടുക, മാനസിക ചികിത്സ അടിച്ചേൽപ്പിക്കുക തുടങ്ങി അങ്ങേയറ്റം ഹീനമായ




നടപടികളാണ് ഒട്ടുമിക്ക വീടുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും പൊതു സമൂഹം തന്നെയും സ്വീകരിച്ചു പോരുന്നത്. സദാചാര പോലീസിംഗിൽ ഒട്ടും മോശക്കാരല്ലല്ലോ നമ്മൾ (ഇഷ്ടപ്പെട്ടില്ലെങ്കിൽ തല്ലിക്കൊല്ലാനും മടിക്കില്ലെന്ന് പലവട്ടം തെളിയിച്ചു കഴിഞ്ഞ പ്രബുദ്ധ സമൂഹമല്ലേ!). നിർബന്ധിച്ചു വിവാഹം കഴിപ്പിക്കൽ ആണ് മറ്റൊരു കൊടും ക്രൂരത. ഒന്നിലേറെ ജീവിതങ്ങൾ ഇതിലൂടെ താറുമാറാവുന്നതാണോ ആളുകൾ അവരുടെ അഭിരുചിക്കൊത്ത് മറ്റാരെയും ഉപദ്രവിക്കാതെ സന്തോഷത്തോടെ ജീവിക്കുന്നതിനേക്കാൾ അഭികാമ്യം എന്നു നമ്മൾ അദ്ഭുതപ്പെട്ടു പോവും!

## നിയമഭേദഗതിയോടൊപ്പം തന്നെ അവശ്യമായി വേണ്ടത്

IPC 377 എന്ന നിയമത്തെ മാറ്റി നിർത്തിയാൽ സ്വവർഗ്ഗാനുരാഗികൾക്ക് വേണ്ടത് (ജെൻഡർ മൈനോറിറ്റികളിൽ[16] നിന്ന് വ്യത്യസ്തമായി) ഒരു പക്ഷെ നിയമ നിർമ്മാണങ്ങളാവില്ല. മറിച്ച് സമൂഹത്തിന്റെ കാഴ്ചപ്പാടിൽ ഉണ്ടാവേണ്ട മാറ്റമാണ്. മറ്റേതൊരു വ്യക്തിയെയും പോലെ ജീവിക്കാനും പരസ്പരം ഇഷ്ടപ്പെടുന്നവർക്ക് ഒന്നിക്കാനും അവരുടെ സ്വകാര്യതയിലേക്ക് യാതൊരു വിധത്തിലുള്ള ബാഹ്യ ഇടപെടലുകളുമില്ലാതെ അവർക്കിഷ്ടമുള്ളതു ചെയ്യാനും ചെയ്യാതിരിക്കാനുമുള്ള സ്വാതന്ത്ര്യം. മറ്റൊരാളെ ഒരു തരത്തിലും ബാധിക്കേണ്ടതില്ലാത്ത ഈ ഒരു അവകാശത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള കാത്തിരിപ്പിലും അതിനു വേണ്ടിയുള്ള പോരാട്ടത്തിലുമാണ് ഇന്ത്യയിലെ സ്വവർഗ്ഗാനുരാഗികളും ക്വിയർ മൂവ്മെന്റും. ഒരു തെറ്റും ആരോടും ചെയ്യാതെ അകാരണമായി ക്രിമിനലുകൾ എന്നു മുദ്ര കുത്തപ്പെടുകയും, തങ്ങളുടെ അഭിരുചികളെയും ഇഷ്ടങ്ങളെയും അതിനാൽ തന്നെ മറച്ചു വെച്ചു ജീവിക്കുകയും ചെയ്യേണ്ടി വരിക എന്നത് എത്ര വേദനാജനകമാണ്. ഇതിൽ ഒരു മാറ്റം വന്നാൽ മാത്രമേ, അതിനു വേണ്ടിക്കൂടി സഹകരിക്കുകയും ശ്രമിക്കുകയും ചെയ്താൽ മാത്രമേ രാഷ്ട്രീയ പാർട്ടികളായാലും സർക്കാർ ആയാലും ഈ വിഷയത്തിൽ അനുകൂല ചിന്താഗതിയും നിലപാടും ഉള്ളവരാണെന്നു കരുതാൻ വിമതലൈംഗിക പ്രസ്ഥാനത്തിന് നിർവാഹമുള്ളൂ. ഒരു ട്രാൻസ്ജെൻഡർ സ്ത്രീക്ക് സംഘടനാ അംഗത്വം നൽകിയതു കൊണ്ട് പ്രശ്നത്തെ മനസ്സിലാക്കിയെന്നു കരുതാനാവില്ലെന്നും, ഇക്കാലമത്രയും വെച്ചു നീട്ടാതിരുന്ന ഈ അംഗീകാരം സുപ്രീം കോടതി വിധിയുടെ പിൻബലത്തിൽ മാത്രം ഉണ്ടായതാണെന്നും കാണാതിരിക്കാൻ നിവൃത്തിയില്ല. ക്വിയർ മൂവ്മെന്റ് ഉയർത്തുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിലേക്കുള്ള, നിയമത്തിന്റെ വൈകി വന്ന അംഗീകാരത്തിനു

പുറത്തു മാത്രം ഉണ്ടായ, ആദ്യ പടി മാത്രമാണ് ഇതെന്ന് സർക്കാരും രാഷ്ട്രീയ പാർട്ടികളും മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. സമൂഹത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം കൊണ്ടു വരാനായി ആദ്യം ചെയ്യാവുന്നത് പൊതു പ്രവർത്തകരും യുവജന, വിദ്യാർത്ഥി സംഘടനകളും തങ്ങളുടെ സഹപ്രവർത്തകരുടെയും 'അണി'കളുടെയും ഇടയിൽ ഇത്തരം ഒരു അവബോധം ഉണ്ടാക്കിയെടുക്കാനുള്ള ചെറിയ ശ്രമങ്ങളെങ്കിലും നടത്തിത്തുടങ്ങുക എന്നതാവും. ●

1 Section 377 in The Indian Penal Code
377. Unnatural offences: Whoever voluntarily has carnal intercourse against the order of nature with any man, woman or animal shall be punished with imprisonment for life, or with imprisonment of either description for term which may extend to ten years, and shall also be liable to fine.

Explanation: Penetration is sufficient to constitute the carnal intercourse necessary to the offense described in this section.

2. വ്യത്യസ്ത ലൈംഗിക സ്വത്വങ്ങളെയും അഭിരുചികളെയും ലിംഗഭേദങ്ങളെയും കുറിക്കാൻ മലയാളത്തിൽ പരിചിതമായ വാക്കുകൾ നന്നേ കുറവാണ്. അത് കൊണ്ടു തന്നെ പലരും അനുയോജ്യമെന്നു തോന്നുന്ന പല വാക്കുകളും ഉപയോഗിച്ചു പോരുകയും അതേച്ചൊല്ലി അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാവുകയും ചെയ്യാറുണ്ട്. ഇവിടെ ഉപയോഗിച്ചിട്ടുള്ള ചില വാക്കുകളെക്കുറിച്ച്: 'ക്വിയർ' എന്നത് ഇന്ന് വളരെ വിശാലമായ രാഷ്ട്രീയ അർത്ഥങ്ങളിൽ ഉപയോഗിച്ചു വരുന്ന പദമാണ്. ഒരു സാമൂഹ്യ ഘടനയിൽ പ്രബലമായ ചട്ടങ്ങളെയും മേധാവിത്തം പുലർത്തുന്ന ആശയങ്ങളെയും രീതികളെയും ചോദ്യം ചെയ്യുന്ന രാഷ്ട്രീയനിലപാടുകളെയും സ്വത്വങ്ങളെയും സൂചിപ്പിക്കാൻ ഈ പദം ഉപയോഗിക്കാറുണ്ട്. ഈ ലേഖനത്തിൽ വിമത ലൈംഗികർ, ക്വിയർ, വിമത രാഷ്ട്രീയം, ക്വിയർ രാഷ്ട്രീയം തുടങ്ങിയ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നത് അല്പം കൂടി ചുരുങ്ങിയതും സൂക്ഷ്മവുമായ അർത്ഥത്തിലാണ്. മുഖ്യധാരയിൽ പ്രബലവും ശക്തവുമായ ജെൻഡർ, സെക്ഷ്വാലിറ്റി ചട്ടങ്ങളെ ജീവിതം കൊണ്ട് വെല്ലു വിളിക്കുകയും അവയിൽ നിന്ന് വ്യത്യസ്തമായ രീതികളെയും രാഷ്ട്രീയത്തെയും ഉയർത്തിപ്പിടിക്കുകയും വ്യത്യസ്തരായി ജീവിക്കുകയും ചെയ്യുന്നവരെ സൂചിപ്പിക്കാനാണ് ഇവിടെ ഈ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നത്.

3. ജെൻഡർ, സെക്ഷ്വാലിറ്റി എന്നീ വാക്കുകൾ ഇതിൽ മലയാളീകരിച്ചിട്ടില്ല. ലിംഗഭേദം/ലിംഗപദവി, ലൈംഗികത എന്നിങ്ങനെയുള്ള പദങ്ങൾ മലയാളത്തിൽ ഉപയോഗിച്ചു പോരാറുണ്ടെങ്കിലും ഈ ഇംഗ്ളീഷ് പദങ്ങൾ താരതമ്യേന ലളിതവും പരിചിതവും വായനക്ഷമത കൂട്ടുന്നതും ആണെന്ന് കരുതിയത് കൊണ്ടാണ് വിവർത്തനം ഒഴിവാക്കിയത്.

4. ആൺശരീരാവസ്ഥയിൽ നിന്ന് തങ്ങൾക്ക് മാനസികമായി കൂടുതൽ പൊരുത്തപ്പെടാൻ സാധിക്കുന്ന പെൺ ശരീരത്തിലേക്കും ജീവിതത്തിലേക്കും മാറിയവർ/ മാറാൻ ആഗ്രഹിക്കുന്നവർ.

5. MSM - Men having Sex with Men. എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ HIV/AIDS പദ്ധതികളോടൊപ്പം വന്ന ഒരു category ആണ് "MSM" അഥവാ Men having Sex with Men. ആൺപെൺ ദ്വന്ദ്വങ്ങളെ രാഷ്ട്രീയമായി പ്രശ്നവത്കരിക്കാത്തതും ബന്ധങ്ങളെ സെക്ഷ്വൽ എന്ന തലത്തിൽ മാത്രം അടയാളപ്പെടുത്തുന്നതുമായ ഈ വർഗ്ഗീകരണം ക്വിയർ രാഷ്ട്രീയത്തിന്റെ അടിസ്ഥാനയുക്തിക്കു തന്നെ വിരുദ്ധമാണ്.

6. വിശദമായ വായനയ്ക്ക്, രേഷ്മ ഭരദ്വാജ് എഡിറ്റ് ചെയ്ത മിഥ്യകൾക്കപ്പുറം എന്ന പുസ്തകത്തിൽ 'ദേവകി മേനോൻ' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട 'സഹയാത്രിക: ചില അനുഭവ പാഠങ്ങൾ' എന്ന ലേഖനം കാണുക.

7. LGBTQI: L- Lesbian (ലെസ്ബിയൻ), G- Gay (ഗേ), B- Bisexual (ബൈസെക്ഷ്വൽ), T-Transgender (ട്രാൻസ്ജെൻഡർ), Q- Queer (ക്വിയർ), I- Intersex (ഇന്റർസെക്സ്). ഇത് സമഗ്രമല്ല, മറിച്ച് പൊതുവെ ഉപയോഗിച്ചു വരുന്നതും കൂട്ടിച്ചേർക്കലുകൾക്കും തിരുത്തലുകൾക്കും വിധേയമാവാറുള്ളതുമായ ഒരു നാമാവലി/ പ്രയോഗമാണ്.

8. ഒരേ ജെൻഡർ / ലിംഗപദവിയിലുള്ളവർ തമ്മിലുള്ള പ്രണയ, ലൈംഗിക ബന്ധത്തെയാണ് സ്വവർഗ്ഗാനുരാഗം, സ്വർഗ്ഗപ്രണയം, സ്വവർഗ്ഗലൈംഗികത, homosexualtiy തുടങ്ങിയ പദങ്ങൾ സൂചിപ്പിക്കുന്നത്.

9. പെൺശരീരാവസ്ഥയിൽ നിന്ന് തങ്ങൾക്ക് മാനസികമായി കൂടുതൽ പൊരുത്തപ്പെടാൻ സാധിക്കുന്ന ആൺ ശരീരത്തിലേക്കും ജീവിതത്തിലേക്കും മാറിയവർ/ മാറാൻ ആഗ്രഹിക്കുന്നവർ

10. എഴുത്തുകാരിയും നടിയും ക്വിയർ ആക്ടിവിസ്റ്റുമായ എ.രേവതി, Truth About Me: a hijra life story എന്ന തന്റെ ആത്മകഥയിൽ ഏറ്റവും ദുഷ്കരമായ ഈ അനുഭവങ്ങൾ വിവരിക്കുന്നുണ്ട്.

11. വിശദമായ വായനയ്ക്ക് രേഷ്മ ഭരദ്വാജ് എഡിറ്റു ചെയ്ത മിഥ്യകൾക്കപ്പുറം എന്ന പുസ്തകം കാണുക.

12. ഇത് വാദയുക്തമാണ്. വ്യത്യസ്ത അഭിപ്രായങ്ങളും നിലപാടുകളും ഉണ്ടാവാം. ഇതിന് അപവാദങ്ങളും ഉണ്ടാവാം.

13. SRS അഥവാ Sex Reassignment Surgery യിലൂടെ ഒരു വലിയ പരിധി വരെ ആളുകൾക്ക് തങ്ങൾ ആഗ്രഹിക്കുന്ന ശാരീരികാവസ്ഥയിലേക്കു മാറാൻ സാധിക്കും. എന്നാൽ ഇത് ഇന്ന് ചെലവും ദൈർഘ്യവുമേറിയ ഒരു process ആണ് എന്ന കാരണം കൊണ്ട് മാത്രം തങ്ങളുടേതല്ലാത്ത ശരീരത്തിൽ അസംതൃപ്തരായി വീർപ്പു മുട്ടി ജീവിക്കുന്നവർ ഏറെയാണ്. പല പടികളിലായിട്ടാണ് ഈ ശസ്ത്രക്രിയ ചെയ്യുന്നത്. ഇതിൽ തന്നെ വ്യത്യാസങ്ങളും ഉണ്ട്. ഉദാഹരണത്തിന്, 'ആൺ ശരീരാവയവങ്ങൾ' ഉള്ളവർക്ക് 'പെൺ ശരീരഘടന'യിലേക്ക് മാറാൻ വേണ്ടതിനേക്കാൾ ക്രമാതീതമായുള്ള ദൈർഘ്യവും പണച്ചെലവും ആണ് 'പെൺ ശരീര'ത്തിൽ നിന്ന് 'ആൺ ശരീര'ത്തിലേക്കു മാറാൻ ആവശ്യമായിട്ടുള്ളത്.

14. ജെൻഡർ എന്ന സങ്കല്പത്തിന്റെ 'വഴക്ക' (fluidtiy) ത്തെക്കുറിച്ചു പറയുമ്പോൾ പലപ്പോഴും കേൾക്കാറുള്ള ചോദ്യങ്ങളാണ്, 'ഇതൊക്കെ തോന്നിയ പോലെ മാറ്റിപ്പറയാവുന്ന കാര്യങ്ങളാണോ, ഒന്നിനും ഒരു വ്യവസ്ഥയുമില്ലേ, ഇതു നല്ല സൗകര്യമാണല്ലോ?' എന്നും മറ്റും. മാറ്റം സംഭവിക്കാവുന്ന, അയഞ്ഞ രമലേഴീശലെ ആണ് എന്നതിനോടൊപ്പം തന്നെ നമ്മൾ മനസ്സിലാക്കേണ്ടത്, അത്രയ്ക്ക് തീവ്രമായ ത്വര ഇല്ലാതെ ഒരാൾ മറ്റൊരു ശരീരത്തിലേക്ക് മാറാൻ ആഗ്രഹിക്കുകയോ ശ്രമിക്കുകയോ ചെയ്യാൻ തീരെ സാധ്യതയില്ല എന്നു കൂടിയാണ്. കാരണം ഏതു വിധേന തിരിച്ചും മറിച്ചും നോക്കിയാലും സ്വന്തം ശരീരത്തെ സംബന്ധിച്ചുള്ള തൃപ്തിയും അത് മൂലം ഉണ്ടാവുന്ന പറഞ്ഞറിയിക്കാനാവാത്ത ആശ്വാസവും അല്ലാതെ മറ്റൊരു ഭൗതിക നേട്ടവും ഇവർക്കൊന്നും ഇതു മൂലം കിട്ടുന്നില്ല. നഷ്ടങ്ങളും വേദനകളും ജീവിതത്തിൽ നേരിടേണ്ടി വരുന്ന പരിഹാസവും ഏറെയാണ് താനും.

15. സ്വന്തം ജെൻഡർ അല്ലെങ്കിൽ സെക്ഷ്വാലിറ്റി പൊതു സമൂഹത്തിനു മുന്നിൽ ഒളിപ്പിച്ചു വെക്കാതെ തുറന്നു പറയൽ/ പരസ്യപ്പെടുത്തൽ.

16. ജെൻഡർക്വിയർ എന്നും പറയാറുണ്ട്.

# Queer 101 by Neelima (Nilofer)


At a very young age, my mother told me that she thought if I wrote, I would write like Madhavikutty.




The most exciting part about summer vacations were the little handouts that came from visiting relatives. Rupees 20-30 per relative turned into a couple of 100s by the end of the vacation. My brother, much younger than me, saved up all the money, while I made the mandatory trip to DC books or Uncle Pai to splurge every last coin.

വളരെക്കുഞ്ഞായിരിക്കുമ്പോഴേ അമ്മ പറഞ്ഞത് ഞാനെഴുതിയാൽ അത് മാധവിക്കുട്ടിയെപ്പോലാകുമെന്ന്!

വേനലവധിക്കാലത്തെ ഏറ്റവും പ്രധാനപ്പെട്ട സംഭവം അന്നൊക്കെ കാണാൻ വരുന്ന ബന്ധുക്കൾ തന്ന കൈമടക്കുകളാണ്. അവധി കഴിയുമ്പോഴേക്കും ബന്ധുക്കളുടെ ഇരുപത് മുപ്പതുകൾ നൂറുകളായി കഴിയും എന്നെക്കാൾ വളരെ ചെറിയ അനിയൻ അത് മുഴുവൻ എടുത്തുവെച്ചപ്പോൾ ഞാൻ നിർബന്ധമായും ഡി.സി ബുക്സിലേക്കോ അങ്കിൾപൈയിലേക്കോ പോയി ഒരണപോലും ബാക്കി വെക്കാതെ ചെലവാക്കും.



That's what queer love is all about.

Transgression of heteronormative.



Transgression of 'popular' societal norms

അതെല്ലാമാണ് ക്വിയർ പ്രേമങ്ങൾ.
ഉറച്ചുപോയ എതിർലിംഗപ്രേമത്തിന്റെ അതിർലംഘനങ്ങൾ
'ജനകീയമായ' സമൂഹനിയമങ്ങളുടെ അതിർലംഘനങ്ങൾ




And most of the vacation was spent in reading books, both bought and borrowed. It is in these readings that I discovered Virginia Woolf, Ashwini Sukthankar's 'Facing the Mirror' and Kamala Das's poetry.



വാങ്ങിയതും കടമെടുത്തതുമായ പുസ്തകങ്ങൾ വായിച്ചാണ് അവധിക്കാലം കഴിക്കുക. വെർജീനിയ വൂൾഫിനേയും അശ്വിനി സുഖ്ഥാങ്കറുടെ 'ഫെയ്സിംഗ് ദി മിററി'നേയും കമലാദാസിന്റെ കവിതകളേയും ഞാൻ കണ്ടെത്തുന്നത് അങ്ങനെയാണ്.

There is an incident I had heard of from my mother. A few college boys, who had called Madhavikutty to preside over a college function as chief guest, misbehaved with her. Their excuse was that since she is someone who wrote so openly about sex, she wouldn't mind a few sexual advances, would she?



TRANSGRESSION.
DESIRE. LOVE.
EROTICISM.


അന്ന് ഞാൻ അമ്മയിൽ നിന്ന് ഒരു സംഭവത്തെപ്പറ്റി കേട്ടിരുന്നു. കോളേജിലെ പരിപാടിക്ക് ചീഫ് ഗസ്റ്റായി വന്ന മാധവിക്കുട്ടിയോട് ചില ആൺകുട്ടികൾ അപമര്യാദയായി പെരുമാറി. ലൈംഗികതയെപ്പറ്റി ഇത്ര തുറന്നെഴുതിയ ഒരാൾ ലൈംഗികമായ മുൻകയ്യുകളെ എന്തിനു തടയണം എന്നാണവർ ചോദിച്ചത്.

അതിർലംഘനങ്ങൾ
ആഗ്രഹങ്ങൾ
സ്നേഹം , കാമം



Transgression of monogamy.

Transgression of the idea of love.




Transgression of desire.

ഏകപതീവ്രതത്തിന്റെ അതിർലംഘനങ്ങൾ
പ്രേമത്തിന്റെ ആശയങ്ങളുടെ അതിർലംഘനങ്ങൾ
ആഗ്രഹങ്ങളുടെ അതിർലംഘനങ്ങൾ

Over the years, I understand that my mother's comparison was not exactly an expectation of literary prowess, but maybe the transgressor she foresaw in me. Added to it was also perhaps a warning, the horrors that lay ahead should I dare to be queer.




All the transgressions Madhavikutty talks about through her story and her poetry was my introduction to understanding queer, perhaps my first lesson in being queer and malayalee.

അമ്മ അന്ന് എന്നെ മാധവിക്കുട്ടിയോട് താരതമ്യം ചെയ്തത് എന്റെ സാഹിത്യപരമായ കഴിവുകൾ കണ്ടല്ല, എന്നിലെ അതിർലംഘനങ്ങളിൽ താത്പര്യമുള്ള ആളെ കണ്ടുകൊണ്ടാണ് എന്ന് മനസ്സിലാക്കുന്നു. ചിലപ്പോൾ അതിനോട് ചേർത്തുവെച്ചത് ഒരു മുന്നറിയിപ്പാവാം, ഞാൻ ക്വിയർ ആകാൻ എന്തെല്ലാം അനുഭവിക്കേണ്ടിവരുമെന്നതിന്റെ. അവരുടെ കഥകളിലും കവിതകളിലും മാധവിക്കുട്ടി സംസാരിക്കുന്ന അതിർലംഘനങ്ങൾ ഞാൻ ക്വിയർ എന്തെന്ന് മനസ്സിലാക്കുന്നതിന്റെ മുഖവുരയായിരുന്നു. ഒരു പക്ഷേ ക്വിയറും മലയാളിയുമായിരിക്കുന്നതിന്റെ ആദ്യപാഠം.





SPECIAL MENTION : Riyad Wadia Award for Best Emerging Indian Filmmaker

Special Mention RIYAD WADIA AWARD FOR BEST EMERGING INDIAN FILMMAKER 2016 Kashish

AKHIL SATYAN
for the film That's My Boy
2015 / 24.20 min / India

THAT'S MY BOY

*Jury Citation*
For a film that will stay with you long after it is over, for telling a story that is unique and needs telling, for celebrating the courage and strength of a female to male transgender, and for showing us that great things come in small packages and from unexpected places, a SPECIAL MENTION in the RIYAD WADIA AWARD FOR BEST EMERGING INDIAN FILMMAKER category goes to Akhil Sathyan's THAT'S MY BOY.



അഖിൽ സത്യൻ

ചർച്ചാവിഷയം
അഭിമുഖം

ജസീല

# ചിഞ്ചു അശ്വതി : അവനവൾ ജീവിതം, അദൃശ്യമാക്കപ്പെടുന്ന ദൃശ്യ ശരീരങ്ങൾ



***ചിഞ്ചുവിന്റെ സെക്സ്, ജെൻഡർ, സെക്ഷാലിറ്റി എന്നിവയെ കുറിച്ച് പറയാമോ?***

ഉത്തരം : ഞാനൊരു ഇന്റർസെക്സ്, അതായത് മിശ്രലിംഗാവസ്ഥയിൽ ജനിച്ച ആളാണ്. ജെൻഡർ ഫ്ളൂയിഡുമാണ്. ചിലപ്പോൾ ഞാൻ വളരെ മാസ്കുലീൻ ആയ ഒരു മെയിൽ ആണ്. ചിലപ്പോൾ ഒരു ഫീമെയിൽ ആണ്. മറ്റു ചിലപ്പോൾ ഇതൊന്നുമില്ലാതെ ജെൻഡർ ന്യൂട്രൽ ആണ്. എനിക്ക് ഒരു സ്പെസിഫിക് ജെൻഡർ ഇല്ല. പ്രത്യേകിച്ച് ഒരു ജെൻഡർ റോളും ഇല്ല. ട്രാൻസ് എന്ന വാക്കിന്റെ അർത്ഥം വൈവിധ്യമുള്ള എന്നാണ്. അതുവച്ചു നോക്കിയാൽ ഞാൻ ഒരു ട്രാൻസ്ജെൻഡർ ആണ്. സെക്ഷാലിറ്റിയെ കുറിച്ച് പറയുകയാണെങ്കിൽ ഞാൻ പാൻസെക്ഷ്വൽ ആണ്. സ്ത്രീകളോടും പുരുഷൻമാരോടും ഒക്കെ പ്രേമം തോന്നാറുണ്ട്. എന്നാൽ ഒരുമിച്ച് കഴിയാനും സെക്സ് ചെയ്യാനുമൊക്കെ താത്പര്യം തോന്നാറുള്ളത് സ്ത്രീകളോടാണ്. അങ്ങനെ നോക്കിയാൽ ഞാൻ ലെസ്ബിയനാണ്.

***ഐഡൻറിറ്റികളെ കുറിച്ചുള്ള തിരിച്ചറിവുകളുണ്ടായതെങ്ങനെയാണ്, എപ്പോഴാണ്?***

ഉത്തരം : കഴിഞ്ഞ വർഷം ഫെബ്രുവരിയിലാണ് എന്റെ ശാരീരികാവസ്ഥയെ ഇന്റർസെക്സ് എന്നാണ് വിളിക്കുന്നത് എന്നു ഞാനറിയുന്നത്. എന്റെ കസിനാണ് കവയിത്രിയും ദളിത് ഫെമിനിസ്റ്റുമായ സതി അങ്കമാലി. എൻറെ ശരീരത്തിന്റെ പ്രത്യേകതകൾ സതിച്ചേച്ചിക്കറിയാമായിരുന്നു. പിജിക്ക് പഠിക്കുകയായിരുന്നു അപ്പോൾ ഞാൻ. ജീവിതത്തിൽ ഇനി യാതൊരു സാധ്യതകളുമില്ല എന്നൊരു നിലയിലെത്തി

ആത്മഹത്യയെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്ന സമയം. അപ്പോഴാണ് സഹയാത്രിക ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നത്. ഫീമെയിൽ ബോൺ സെക്ഷ്വാലിറ്റി മൈനോറിറ്റീസിന് വേണ്ടിയുള്ളതായിരുന്നു ആ പരിപാടി. അതറിഞ്ഞ സതിച്ചേച്ചി എന്നോടു വന്ന് ചോദിച്ചു നീ സ്വയം എങ്ങനെയാണ് മനസ്സിലാക്കുന്നത് എന്ന്. ഞാൻ 2010നു മുൻപു തന്നെ ഫെയ്സ്ബുക്ക് ഉപയോഗിക്കുന്ന ആളാണ്. ഫെയ്സ്ബുക്കിൽ വച്ച് കൽക്കിയുടെ പ്രൊഫൈൽ കാണുകയും അതിൽ നിന്ന് ക്വിയർ പ്രൈഡിനെക്കുറിച്ച് മനസ്സിലാക്കുകയുമൊക്കെ ചെയ്തിരുന്നു. ആ ധാരണകളൊക്കെ ഞാൻ സതിച്ചേച്ചിയുമായി പങ്കുവെച്ചു. അപ്പോൾ സതിച്ചേച്ചി മറ്റൊരു ദളിത് ഫെമിനിസ്റ്റായ രേഖ രാജിനെ എനിക്ക് പരിചയപ്പെടുത്തിത്തന്നു. ഞാൻ രേഖച്ചേച്ചിയുടെ വീട്ടിൽ ഒരു ദിവസം താമസിച്ചു. എന്റെ ധാരണകളും ആശയക്കുഴപ്പങ്ങളും എല്ലാം ഞാൻ രേഖച്ചേച്ചിയോട് പങ്കുവച്ചു. അവർ എനിക്ക് ഞാനറിഞ്ഞിരിക്കേണ്ട പല കാര്യങ്ങളും പറഞ്ഞു തന്നു. ഹെർമാഫ്രൊഡൈറ്റ്സിലാണ് ഞാൻ പെടുന്നതെന്നും ഇന്റർസെക്സ് എന്നാണ് എന്റെ ശാരീരികാവസ്ഥയെ വിളിക്കുന്നതെന്നുമൊക്കെ അങ്ങനെ ഞാനറിഞ്ഞു. എന്റെ പ്രേമങ്ങളെ കുറിച്ചോർത്ത് വിഷമിക്കരുതെന്നും അതൊക്കെ സ്വാഭാവികമാണെന്നും പറഞ്ഞ് എന്നെ അവർ സമാധാനിപ്പിച്ചു. പഠിത്തം പൂർത്തിയാക്കണമെന്ന് പറഞ്ഞ് വായിച്ചു മനസ്സിലാക്കാനായി എനിക്ക് പുസ്തകങ്ങൾ നൽകുകയും ചെയ്തു. പിന്നീട് ഞാൻ ഇന്റർനെറ്റിൽ സെർച്ച് ചെയ്ത് എന്നെക്കുറിച്ച് മനസ്സിലാക്കേണ്ട കാര്യങ്ങൾ മുഴുവൻ മനസ്സിലാക്കിയെടുത്തു.



കഴിഞ്ഞ വർഷത്തെ ക്വിയർ പ്രൈഡിന്റെ കർട്ടൻ റെയ്സർ ഇവന്റ് കൊച്ചിയിൽ വച്ച് നടന്നിരുന്നു. ഞാനതിൽ പങ്കെടുത്തു. അവിടെ വച്ച് കമ്മ്യൂണിറ്റി മെമ്പേഴ്സിനെ പരിചയപ്പെടുകയും കമ്മ്യൂണിറ്റിയെ അറിയുകയും ചെയ്തു. പിന്നീട് ക്വീരളയുടെ മൂന്നുനാല് പരിപാടികളിൽ പങ്കെടുത്തു. ഗേ കമ്മ്യൂണിറ്റിയെ അടുത്തറിഞ്ഞു. വീണ്ടും ഒരുപാട് പരിപാടികളിൽ പങ്കെടുത്തു. അവയിലൊന്നായിരുന്നു എറണാകുളത്തു വച്ച് നടന്ന മനുഷ്യസംഗമം. മനുഷ്യസംഗമത്തിൽ വച്ചാണ് ശീതൾ, ഫൈസൽ എന്നിവരോട് അടുത്തത്. അങ്ങനെ കഴിഞ്ഞ ജനുവരിയിൽ ഞാൻ കമിങ്ങ് ഔട്ട് നടത്തി. ഇപ്പോൾ ആളുകൾ എന്നെ ഞാനായിത്തന്നെ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്.

***വിദ്യാഭ്യാസം, കരിയർ എന്നിവയെ കുറിച്ചു പറയാമോ?***

എം.എസ്.സി ഇലക്ട്രോണിക്സ് ആണ് ഞാൻ ചെയ്തത്. എനിക്ക് ചെറുപ്പം മുതലേ തന്നെ തല്ലിപ്പൊളിച്ച് കൂട്ടിച്ചേർക്കാനും കറണ്ടിൽ പണിയാനുമൊക്കെ നല്ല ഇഷ്ടമായിരുന്നു. ബിടെക്



**ഗേ കമ്മ്യൂണിറ്റിയെ അടുത്തറിഞ്ഞു. വീണ്ടും ഒരുപാട് പരിപാടികളിൽ പങ്കെടുത്തു. അവയിലൊന്നായിരുന്നു എറണാകുളത്തു വച്ച് നടന്ന മനുഷ്യസംഗമം. മനുഷ്യസംഗമത്തിൽ വച്ചാണ് ശീതൾ, ഫൈസൽ എന്നിവരോട് അടുത്തത്. അങ്ങനെ കഴിഞ്ഞ ജനുവരിയിൽ ഞാൻ കമിങ്ങ് ഔട്ട് നടത്തി. ഇപ്പോൾ ആളുകൾ എന്നെ ഞാനായിത്തന്നെ തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യുന്നുണ്ട്.**

ചെയ്യാൻ താത്പര്യമുണ്ടായിരുന്നെങ്കിലും സാമ്പത്തിക പ്രശ്നങ്ങൾ കാരണം നടന്നില്ല. അങ്ങനെ ബി.എസ്.സി ഇലക്ട്രോണിക്സ് എടുത്തു. ജേർണലിസം എടുക്കാൻ താത്പര്യമുണ്ടായിരുന്നു. പക്ഷേ ജീവൻ തന്നെ അപകടപ്പെടുന്ന ജോലിയാണെന്നതിനാൽ അമ്മയ്ക്ക് പേടിയായിരുന്നു. അതിനാൽ ആ ആഗ്രഹം ഉപേക്ഷിച്ചു. ഞാൻ ഹൈപ്പർ ആക്റ്റീവ് ആയതു കാരണം കാലടി, സെൻറ്തെരേസാസ്, മഹാരാജാസ് പോലുള്ള കോളേജുകളിൽ പോകുന്നതിനോട് അമ്മയ്ക്ക് എതിർപ്പായിരുന്നു.

അങ്ങനെയിരിക്കുമ്പോൾ എന്റെ ഒരു സുഹൃത്ത് തൊടുപുഴയിൽ ഒരു കോളേജിൽ ചെന്നു ചേർന്നു. ഹോസ്റ്റലിലാണ് താമസിക്കുക. ഈ വിവരം അറിഞ്ഞപ്പോൾ അവിടെ ചേർന്നാലോ എന്നായി എന്റെ ചിന്ത. വീട് വിട്ട് താമസിക്കണമെന്നുണ്ടായിരുന്നു എനിക്ക്. നാട്ടിലാകുമ്പോൾ സ്വാതന്ത്ര്യം പരിമിതമാണ് എന്നറിയാം. ചേച്ചി പഠിച്ചത് നാട്ടിലാണ്. അങ്ങനെ എന്റെ കോളേജ് ഞാൻ തിരഞ്ഞെടുത്തു. ഒരു കുഞ്ഞു കോളേജ്! അമ്മയ്ക്ക് സന്തോഷമായി. ഞാൻ എപ്പോഴും എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുന്ന പ്രകൃതമായതിനാൽ രാഷ്ട്രീയത്തിൽ ഇറങ്ങിക്കളയുമോ എന്നായിരുന്നു അമ്മയുടെ വേവലാതി. അമ്മ ഭയന്നതു പോലെ തന്നെ ഞാനവിടെ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ സജീവമായി ഇടപെട്ടു പ്രവർത്തിക്കുകയും ചെയ്തു. കോളേജ് യൂണിയൻ ചെയർപേഴ്സൺ, ലേഡി റെപ്രസന്റേറ്റീവ്, എസ്എഫ്ഐ യൂണിറ്റ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചു. വിമെൻസ് സെല്ലിലും പ്രവർത്തിച്ചു. ഡിഗ്രി ചെയ്തത് തൊടുപുഴയിലെ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ഐഎച്ച്ആർഡിയിലും പിജി ചെയ്തത് ഇടപ്പള്ളിയിലെ സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസിലുമാണ്.

കോഴ്സ് പൂർത്തിയാക്കിയ ശേഷം ഇലക്ട്രോണിക്സിൽ തന്നെ ഉറച്ചു നിൽക്കാൻ ഞാൻ കുറേ ശ്രമിച്ചു. എന്നാൽ കൈപ്പേറിയ അനുഭവങ്ങളാണ് എനിക്കുണ്ടായത്. ഇന്റർവ്യൂ ബോർഡുകൾക്ക് എന്റെ രൂപവും നടപ്പും ശബ്ദവും രീതികളും ഒക്കെ പ്രശ്നമായിരുന്നു. എന്റെ സെക്സിനെയും ജെന്ററിനെയും കുറിച്ച് അവർ നിരന്തരം സംശയാലുക്കളായി. അതിനാൽ എനിക്ക് ഞാൻ പഠിച്ച മേഖലയിൽ ജോലി ലഭിച്ചില്ല.

സെക്സ്, ജെൻഡർ, സെക്ഷ്വാലിറ്റി എന്നിവയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ഞാനിരുന്ന് വായിച്ച് പഠിച്ചു. അപ്പോഴാണ് സഹയാത്രികയ്ക്ക് പുതിയ ആളെ വേണമെന്നറിയുന്നത്. ഉടനെ ഞാനപേക്ഷിച്ചു. എനിക്ക് ആ ജോലി ലഭിക്കുകയും ചെയ്തു. ഇനി വീണ്ടും ഇലക്ട്രോണിക്സിലേക്ക് പോകാൻ എനിക്ക് താത്പര്യമില്ല. സോഷ്യോളജിയിൽ ഒരു പിജി എടുത്ത് ക്വിയറുമായി ബന്ധപ്പെട്ട ഒരു വിഷയത്തിൽ പിഎച്ച്ഡി ചെയ്യണം. അതാണിപ്പോഴത്തെ പ്ലാൻ. ഒരു ടീച്ചർ ആകണമെന്ന ആഗ്രഹവുമുണ്ട്. ഇപ്പോൾ ഞാൻ സഹയാത്രികയുടെ പ്രോഗ്രാം കോ-ഓർഡിനേറ്ററായാണ് ജോലി ചെയ്യുന്നത്.

***കുടുംബത്തിൽ മറ്റാരൊക്കെയുണ്ട്? കുടുംബവുമായുള്ള ബന്ധം എങ്ങനെയാണ്?***

അച്ഛൻ, അമ്മ, ചേച്ചി, അനിയൻ എന്നിവരാണ് വീട്ടിലുള്ളത്. അമ്മയും അച്ഛനും കൂലിപ്പണിക്കാരാണ്. അമ്മ

കൂലിപ്പണിയെടുത്തെടുത്ത് ഇപ്പോൾ ഹൃദയാരോഗ്യം നഷ്ടപ്പെട്ട് പേസ്മേക്കർ ഘടിപ്പിച്ചാണ് ജീവിക്കുന്നത്. ചേച്ചി അക്കൗണ്ടൻറാണ്. അവൾ വിവാഹം കഴിച്ചു. അനിയൻ പ്ലസ്ടുവിന് പഠിക്കുന്നു.

കുടുംബത്തിന്റെ കാര്യം പറഞ്ഞാൽ ഞാൻ വളരെ പ്രിവിലേജ്ഡ് ആണെന്ന് ഞാൻ പറയും. ഇന്നേ വരെ എന്നെയും എന്റെ ഇഷ്ടങ്ങളെയും താത്പര്യങ്ങളെയും പൂർണമായും അംഗീകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്ത ഒരു കുടുംബമാണെന്റേത്. സ്കൂളിലും പബ്ലിക്കിലും പീഡനമനുഭവിച്ച് മനസ്സു തകർന്ന് വീട്ടിലേക്ക് വരുന്ന എന്നെ നിനക്കൊരു കുഴപ്പവുമില്ല എന്നു പറഞ്ഞ് തിരിച്ച് സ്കൂളിലേക്കും പബ്ലിക്കിലേക്കും പറഞ്ഞുവിട്ടത് എന്റെ കുടുംബമാണ്. വീട്ടിൽ നിന്ന് ലഭിച്ച അംഗീകാരമാണ് ഇപ്പോൾ സമൂഹത്തിൽ നിന്ന് ലഭിക്കുന്നത്. തുടക്കം കുടുംബത്തിൽ നിന്നായിരുന്നു. എന്നെ നിരന്തരം പ്രചോദിപ്പിച്ചത് എന്റെ കുടുംബമാണ്.

എന്റെ ശാരീരികാവസ്ഥയുടെ പ്രത്യേകതകളെ കുറിച്ചുള്ള അന്വേഷണങ്ങളുമായി അമ്മ എന്റെ ചെറുപ്പത്തിൽ ഒരുപാട് ഡോക്ടർമാരെ കണ്ടിട്ടുണ്ട്. അവർ അമ്മയോടു പറഞ്ഞത് അപ്പോൾ സർജറി ചെയ്ത് ഏതെങ്കിലും ജനിതക അവയവം മാറ്റിയിട്ട് വളർന്നു വരുമ്പോൾ ആ മുറിച്ചു മാറ്റിയ ലിംഗത്തിന്റെ സ്വഭാവങ്ങളാണുണ്ടാകുന്നതെങ്കിൽ പ്രശ്നമാകും എന്നാണ്. അമ്മ ആ ഉപദേശങ്ങളെ മാനിച്ചു. ഇപ്പോൾ അമ്മ എന്നോട് പറയുന്നത് നിനക്ക് സർജറി ചെയ്ത് ആണാകണമെന്നുണ്ടെങ്കിൽ ആയിക്കോളൂ എന്നാണ്. ഇത്ര പിന്തുണ തരുന്ന ഒരു കുടുംബമുള്ള ഞാൻ അക്കാര്യത്തിൽ പ്രിവിലെജ്ഡ് അല്ലാതെ പിന്നെ എന്താണ്?

***സെക്സ്, ജെൻണ്ടർ, സെക്ഷ്വാലിറ്റി എന്നീ വിഷയങ്ങളിലുള്ള ഇടപെടലുകളിൽ കേരളീയ വ്യവഹാര മണ്ഡലത്തിന്റെ സവിശേഷതകളും പരിമിതികളും എന്തൊക്കെയാണ്?***

സത്യത്തിൽ പരിമിതികളേയുള്ളൂ. വ്യത്യസ്തതകളെ അംഗീകരിക്കാൻ അങ്ങേയറ്റം വിമുഖരാണ് ഇവിടെയുള്ളവർ. ഹെട്രോനോർമേറ്റീവ് ആയ ഈ സമൂഹം രൂപപ്പെടുത്തിയ ഈ വ്യവസ്ഥിതിയും ഹെട്രോനോർമേറ്റീവാണ്. ആൺ പെൺ വിഭജിതമായി സമൂഹത്തെ കാണുന്ന കാഴ്ചപ്പാട്, അതിലധിഷ്ഠിതമായ ലൈംഗികത, ആ കാഴ്ചപ്പാട് നിർമ്മിക്കുകയും പുനരുത്പാദിപ്പിച്ചു കൊണ്ടേയിരിക്കുകയും ചെയ്യുന്ന സമൂഹം, ആ സമൂഹം അതേ മാനകങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച വ്യവസ്ഥിതി എന്നിവ ലിംഗലൈംഗിക ന്യൂനപക്ഷങ്ങളെ പുറത്താക്കുകയാണ് ചെയ്യുന്നത്. ആണിനെ ലിംഗമായും പെണ്ണിനെ അരക്കെട്ടായും ചുരുക്കിക്കാണുന്ന ഒരു സമൂഹമാണ് കേരളത്തിലുള്ളത്. മുലയും മുടിയും വച്ചുപിടിപ്പിച്ചുള്ള ട്രാൻസ്ജെൻററുകളുടെ വരവ്

**ആൺ പെൺ വിഭജിതമായി സമൂഹത്തെ കാണുന്ന കാഴ്ചപ്പാട്, അതിലധിഷ്ഠിതമായ ലൈംഗികത, ആ കാഴ്ചപ്പാട് നിർമ്മിക്കുകയും പുനരുത്പാദിപ്പിച്ചു കൊണ്ടേയിരിക്കുകയും ചെയ്യുന്ന സമൂഹം, ആ സമൂഹം അതേ മാനകങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച വ്യവസ്ഥിതി എന്നിവ ലിംഗലൈംഗിക ന്യൂനപക്ഷങ്ങളെ പുറത്താക്കുകയാണ് ചെയ്യുന്നത്. ആണിനെ ലിംഗമായും പെണ്ണിനെ അരക്കെട്ടായും ചുരുക്കിക്കാണുന്ന ഒരു സമൂഹമാണ് കേരളത്തിലുള്ളത്.**



ഈ ഹെട്രോനോർമേറ്റിവിറ്റിക്ക് കനത്ത അടിയാണ് നൽകുന്നത്. ഈ പ്രതിസന്ധിയെ അവർ മറികടക്കാൻ നോക്കുന്നത് ട്രാൻസ്ജെൻഡറിന് യോനിയുണ്ടോ, ലിംഗമില്ലാതെ ആണാകുന്നതെങ്ങനെ എന്നിങ്ങനെയുള്ള ചോദ്യങ്ങളുമായാണ്. പെണ്ണ്, ആണ് എന്നിവ ബയോളജിക്കലി ഉണ്ടാകുന്നതല്ല എന്ന വാദത്തെ കേരളീയ സമൂഹത്തിൽ സ്ഥാപിച്ചെടുക്കുന്നത് ട്രാൻസ്ജെൻഡേഴ്സ് ആണ് എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പെണ്ണും പെണ്ണും തമ്മിലും ആണും ആണും തമ്മിലും ഉള്ള ലൈംഗികബന്ധത്തിന് നിയമസാധുത കൈവരികയും സാമൂഹ്യാംഗീകാരമുണ്ടാവുകയും ചെയ്താൽ ഈ ഹെട്രോനോർമേറ്റീവ് കുടുംബവ്യവസ്ഥ തകരും. പുരുഷകേന്ദ്രീകൃതമായ ഈ സമൂഹം മുഴുവൻ വലിയൊരു മാറ്റം ഉണ്ടാകും. പക്ഷേ അത്തരമൊരു മാറ്റം ഭാവനയിൽ കാണാൻ പോലും സാധിക്കാത്തവരാണ് ഇപ്പോൾ ഇവിടെയുള്ള ഭൂരിഭാഗം ജനങ്ങളും.

***സഹയാത്രികയെ കുറിച്ച് വിശദമായി പറയാമോ?***

കേരളത്തിലെ ലെസ്ബിയൻ ആത്മഹത്യകളെ കുറിച്ച് കുറച്ച് സ്ത്രീകൾ നടത്തിയ പഠനങ്ങളിൽ നിന്നാണ് തുടക്കം. രണ്ട് സ്ത്രീകൾ ഒരുമിച്ച് ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ അടിക്കടി റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരുന്ന സന്ദർഭത്തിൽ അതേക്കുറിച്ച് നടത്തിയ പഠനങ്ങളിൽ ആത്മഹത്യ ചെയ്ത സ്ത്രീകൾ ലെസ്ബിയൻസ് ആയിരുന്നു എന്നു കണ്ടെത്തുകയായിരുന്നു. ഈ കപ്പിളിൽ ഒരാൾ മെയിൽ ഓറിയൻറഡ് ആണെന്ന് മനസ്സിലായപ്പോൾ അവർ എഫ് റ്റു എം അതായത് ഫീമെയിൽ റ്റു മെയിൽ ട്രാൻസ്ജെൻഡർ ആണ് എന്ന് അതായത് ട്രാൻസ്മെൻ ആണ് എന്ന് തിരിച്ചറിയപ്പെടുകയും ചെയ്തു. അതോടെ പഠനം നടത്തിയ സ്ത്രീകൾ ചേർന്ന് ഇത്തരത്തിൽ



ലിംഗലൈംഗിക ന്യൂനപക്ഷങ്ങളിൽ പെടുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു എൻജിഒ ആയി സഹയാത്രിക രൂപീകരിക്കുകയും ചെയ്തു. അക്കാലത്ത് സഹയാത്രികയുടെ ഹെൽപ്പ് ലൈനിലൂടെ വിളിക്കുന്ന പല സ്ത്രീകളും തങ്ങൾ ബൈസെക്ഷ്വൽ ആണെന്ന് വെളിപ്പെടുത്തുകയും അങ്ങനെ ആയിരിക്കുന്നതിലെ ആശങ്കകൾ പങ്കുവെക്കുകയും ചെയ്തിരുന്നു. അതോടെ സഹയാത്രിക കമ്മ്യൂണിറ്റിയിൽ ഇടപെടലുകൾ നടത്തുകയും മീഡിയ, സ്കൂളുകളിലെ വിദ്യാർത്ഥികൾ, പൊലീസ് എന്നിവർക്ക് സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ നടത്തുവാൻ തുടങ്ങുകയും ചെയ്തു. ഇപ്പോഴും അത് തുടരുന്നു.

***കേരളത്തിലെ മറ്റേത് രാഷ്ട്രീയ പ്രശ്നത്തിൽ നിന്നും വ്യത്യസ്തമായി എൻജിഒകൾ ഒരുപാട് പ്രവർത്തിക്കുന്ന ഒരു മേഖലയാണല്ലോ ഇത്. എന്തുകൊണ്ടാണത്?***

എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പഠനം വന്ന സമയത്ത് ട്രാൻസ്ജെൻഡേഴ്സ് ആണ് എയ്ഡ്സ് ബാധിച്ചവരിലധികവും എന്ന കണ്ടെത്തലുണ്ടായി. എന്നാൽ ഗവൺമെൻറിന്റെ നിലപാട് ട്രാൻസ്ജെൻഡർ എന്നൊരു വിഭാഗം തന്നെ കേരളത്തിലില്ല എന്നതായിരുന്നു. ഇതേത്തുടർന്ന് കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷൻസ് (സിബിഒ) രൂപം കൊള്ളുകയും എൻജിഒകൾ നിലവിൽ വരികയും ഈ വിഷയത്തിൽ പഠനങ്ങൾ നടത്തുകയും ചെയ്തു. ഈ പഠനങ്ങളാണ് കേരളത്തിൽ ട്രാൻസ്ജെൻഡേഴ്സിന് ദൃശ്യത നൽകിയത്. ഇവിടെയുള്ള രാഷ്ട്രീയ പാർട്ടികളെയും മറ്റ് സംഘടനകളെയും സംബന്ധിച്ചിടത്തോളം

**പെണ്ണ്, ആണ് എന്നിവ ബയോളജിക്കലി ഉണ്ടാകുന്നതല്ല എന്ന വാദത്തെ കേരളീയ സമൂഹത്തിൽ സ്ഥാപിച്ചെടുക്കുന്നത് ട്രാൻസ്ജെൻഡേഴ്സ് ആണ് എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പെണ്ണും പെണ്ണും തമ്മിലും ആണും ആണും തമ്മിലും ഉള്ള ലൈംഗികബന്ധത്തിന് നിയമസാധുത കൈവരികയും സാമൂഹ്യാംഗീകാരമുണ്ടാവുകയും ചെയ്താൽ ഈ ഹെട്രോനോർമേറ്റീവ് കുടുംബവ്യവസ്ഥ തകരും.**

ലൈംഗികത എന്നത് ഒരു വൃത്തികെട്ട മോശമായ നാണംകെട്ട വിഷയമാണ്. ലൈംഗികതയെക്കുറിച്ച് സംസാരിച്ചാൽ പാർട്ടി താഴെപ്പോകുമോ എന്ന ഭയമാണ് രാഷ്ട്രീയക്കാർക്ക്. ഭൂരിപക്ഷം ജനങ്ങളും ലൈംഗികതയെക്കുറിച്ചുള്ള സംസാരങ്ങളെ വൃത്തികേടായി കാണുന്നതിനാൽ രാഷ്ട്രീയപ്പാർട്ടികളും അങ്ങനെ തന്നെ കരുതുകയാണ്. ഇക്കാര്യത്തിൽ പൊതുജനത്തെ പിന്തുടരുകയാണ് രാഷ്ട്രീയപ്പാർട്ടികളും മറ്റ് സംഘടനകളും ചെയ്യുന്നത്. പൊതുബോധത്തെ തിരുത്താനുള്ള ധൈര്യം ഇവർക്കാർക്കുമില്ല. അതിനാലൊക്കെയാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത് സിബിഒകളും എൻജിഒകളും മാത്രമായിപ്പോകുന്നത്.

***കേരളത്തിലെ ഗവൺമെൻറ് ലിംഗലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളിൽ എടുക്കുന്ന സമീപനം എന്താണ്?***

വളരെ മോശം സമീപനമാണ് കേരളത്തിലെ ഗവൺമെന്റിന്റേത്. ലിംഗന്യൂനപക്ഷങ്ങളെ മാത്രമേ ഇവർ പരിഗണിക്കുന്നുള്ളൂ. ഐ.പി.സി. 377 എടുത്തു കളയാൻ ഇവർ തയ്യാറാകുന്നില്ല. ട്രാൻസ്ജെൻഡുകളുടെ ജോലി, പുനരധിവാസം എന്നീ വിഷയങ്ങളിൽ ഇടപെടലുകൾ നടത്തുന്നത് നല്ല കാര്യമാണെങ്കിലും ഈ സൗകര്യങ്ങൾ ലൈംഗിക ന്യൂനപക്ഷങ്ങൾക്ക് അപ്രാപ്യമാക്കി നിലനിർത്തുകയാണ് ഗവൺമെൻറ് ചെയ്യുന്നത്. ഇത് വളരെ ക്രൂരമായ ഒരു സമീപനമാണ്. സെയിം സെക്സ് വിവാഹങ്ങളെ നിയമവിധേയമാക്കാൻ ഗവൺമെൻറ് തയ്യാറാകേണ്ടതാണ്. എങ്കിൽ മാത്രമേ ഹോമോസെക്ഷ്വൽ ദമ്പതികൾക്ക് കുഞ്ഞുങ്ങളെ ദത്തെടുക്കാനാവുകയുള്ളൂ. ദത്തെടുക്കൽ ഓൺലൈൻ വഴിയാണ് നടക്കുക. ദത്തെടുക്കണമെന്നുണ്ടെങ്കിൽ ഒരു പാട്ണർ പെണ്ണും മറ്റേ പാട്ണർ ആണും ആകണം എന്നതൊക്കെയാണ് ഇപ്പോഴത്തെ വ്യവസ്ഥ. അതിനെ മറികടക്കാൻ സെയിം സെക്സ് വിവാഹങ്ങൾ നിയമവിധേയമാക്കണം. അതിന്റെ ആദ്യപടിയായി ഐപിസി 377 എടുത്തു കളയണം. എങ്കിലേ ഈ സിസ്റ്റം ഫ്ളക്സിബിൾ ആവുകയുള്ളൂ. അതിന് വ്യക്തികളും സമൂഹവും മാറാൻ തയ്യാറാകണം. ഐപിസി 377 വ്യക്തികളുടെ സ്വകാര്യതയിലേക്ക് സ്റ്റേറ്റിന്റെ അന്യായമായ കടന്നുകയറ്റമാണ്. നമുക്കെന്തിനാണ് വ്യക്തിസ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന ഈ നിയമം? ഏനൽ സെക്സും ഓറൽ സെക്സും ഹെട്രോസെക്ഷ്വൽസും ചെയ്യുന്നുണ്ട്. അവരെയും ഈ നിയമത്തിന്റെ പരിധിയിൽ ശിക്ഷിക്കാനാകും എന്നത് എല്ലാവരും മനസ്സിലാക്കണം. ഇത് തിരിച്ചറിയാത്ത പൊതുസമൂഹം ഹോമോസെക്ഷ്വൽസിനെ മാത്രം ബാധിക്കുന്ന ഒരു കാര്യമാണ് ഇതെന്നു തെറ്റിദ്ധരിച്ചാണ് ഈ വിഷയത്തിൽ നിലപാടെടുക്കാത്തത്. 377 എടുത്തു കളയേണ്ടത് ഹോമോസെക്ഷ്വൽസിന്റെ മാത്രം ആവശ്യമായി പരിമിതപ്പെടുത്തുന്ന വാദങ്ങൾ നാം ഉടൻ തന്നെ നിർത്തേണ്ടതുണ്ട്. ഇത് എല്ലാവരുടെയും ലൈംഗിക സ്വാതന്ത്ര്യത്തിന്റെ വിഷയമാണ്, ഹോമോസെക്ഷ്വൽസിന്റെ മാത്രമല്ല.

***എൻജിഒകൾക്ക് തനിച്ച് ലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനാകുമോ?***

എൻജിഒകൾക്ക് തനിച്ച് ലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. സിബിഒകളുടെയും എൻജിഒകളുടെയും സെൻസിറ്റൈസേഷൻ പ്രവർത്തനങ്ങൾ കാരണമാണ് ഇപ്പോൾ ട്രാൻസ്ജെൻഡേഴ്സിന് ദൃശ്യത ഉണ്ടായത്. ലിംഗലൈംഗിക ന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കുമായി ഇടപെടലുകൾ നടത്താൻ കൂടുതൽ ആളുകൾ മുന്നോട്ടു വരേണ്ടതുണ്ട്. അജിതച്ചേച്ചിയെ പോലുള്ളവർ ഐക്യദാർഢ്യം പ്രകടിപ്പിച്ച് മുന്നോട്ടു വരുന്നത് ഈ രാഷ്ട്രീയം പൊതുജന പിന്തുണ ആർജ്ജിക്കുന്നതിനെ ഒരുപാട് സഹായിക്കുന്നുണ്ട്. സഹതാപമല്ല, ഐക്യദാർഢ്യമാണ് ലിംഗലൈംഗിക

**സെയിം സെക്സ് വിവാഹങ്ങളെ നിയമവിധേയമാക്കാൻ ഗവൺമെൻറ് തയ്യാറാകേണ്ടതാണ്. എങ്കിൽ മാത്രമേ ഹോമോസെക്ഷ്വൽ ദമ്പതികൾക്ക് കുഞ്ഞുങ്ങളെ ദത്തെടുക്കാനാവുകയുള്ളൂ. ദത്തെടുക്കൽ ഓൺലൈൻ വഴിയാണ് നടക്കുക. ദത്തെടുക്കണമെന്നുണ്ടെങ്കിൽ ഒരു പാട്ണർ പെണ്ണും മറ്റേ പാട്ണർ ആണും ആകണം എന്നതൊക്കെയാണ് ഇപ്പോഴത്തെ വ്യവസ്ഥ. അതിനെ മറികടക്കാൻ സെയിം സെക്സ് വിവാഹങ്ങൾ നിയമവിധേയമാക്കണം.**



ന്യൂനപക്ഷങ്ങളോട് പൊതുസമൂഹം കാട്ടേണ്ടത്. കേരളത്തിലെ പൗരസമൂഹ പ്രസ്ഥാനങ്ങൾ ഈ രാഷ്ട്രീയപ്രശ്നത്തെ ഏറ്റെടുക്കേണ്ടതുണ്ട്. ഹോമോസെക്ഷ്വൽസിനെ കുറിച്ച് നടക്കുന്ന അപവാദപ്രചരണങ്ങളെ ഇല്ലാതാക്കാൻ അത്തരം ഇടപെടലുകൾക്ക് സാധിക്കും. പൗരസമൂഹപ്രസ്ഥാനങ്ങൾ ട്രാൻസ്ജെൻഡേഴ്സിന്റെ അവകാശപ്പോരാട്ടങ്ങളെ ഇതിനോടകം ഏറ്റെടുത്തു കഴിഞ്ഞു. അവിടം വച്ച് നിർത്തിക്കളയരുത്. ലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങളിലും ഇടപെടാൻ അവർ തയ്യാറാകണം. കേരളീയ സമൂഹത്തിൽ ലൈംഗിക ന്യൂനപക്ഷങ്ങൾക്ക് തീരെ ദൃശ്യതയില്ല. എൻജിഒകൾ അവരുടെ സെൻസിറ്റൈസേഷൻ പരിപാടികൾ ഹാളുകളിലാണ് നടത്തുന്നത്. ഈ പരിപാടികളെയും ഈ വിഷയത്തിലുള്ള ചർച്ചകളെയും മുറികളിൽ നിന്ന് പൊതുജനങ്ങളിലേക്ക്, അടഞ്ഞ ഹാളുകളിൽ നിന്ന് തുറന്ന പബ്ലിക്കിലേക്ക് ഇറക്കിക്കൊണ്ടുവരാൻ സിവിൽ സൊസൈറ്റി മൂവ്മെൻറുകൾക്ക് സാധിക്കും.

***ലൈംഗികത്തൊഴിലാളികളുടെ പ്രശ്നത്തിന് ഇതിനിടയിൽ കിട്ടുന്ന സ്ഥാനം എന്താണ്? ലൈംഗിക ന്യൂനപക്ഷങ്ങളുടെ ഇടയിൽ തന്നെ ഈയൊരു പ്രശ്നത്തിൽ ഒരു ഒറ്റ നിലപാടാണോ ഉള്ളത്? വിശദമാക്കാമോ?***

ട്രാൻസ്ജെൻഡേഴ്സിനെ പൊതുസമൂഹം മിക്കപ്പോഴും കൈകാര്യം ചെയ്യുന്നത് സെക്സ് വർക്കേഴ്സ് എന്ന നിലയിലാണ്. പൊതുസമൂഹത്തിന്റെ സമീപനം എല്ലാ ട്രാൻസ്ജെൻഡേഴ്സും സെക്സ് വർക്കേഴ്സ് ആണെന്ന മട്ടിലാണ്. കമ്മ്യൂണിറ്റിക്കുള്ളിൽ സെക്സ് വർക്കേഴ്സിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഞാനങ്ങനെ അധികം കേട്ടിട്ടില്ല. പൊതുവെ എനിക്ക് മനസ്സിലായിട്ടുള്ളത് ട്രാൻസ്ജെൻഡേഴ്സിൽ ഒരു വിഭാഗം സെക്സ് വർക്ക് ചെയ്യുന്നതായാണ്. എന്നാൽ സെക്സ് വർക്ക് ചെയ്യാത്ത അതിനോടെതിർപ്പുള്ളവരും ഇതിനിടയിലുണ്ട്. സെക്സ് വർക്ക് ചെയ്യുകയും എന്നെന്നേക്കുമായി അത് അവസാനിപ്പിച്ചവരുമുണ്ട്. ഇതിനെ ഒരു ജോലി ആയിത്തന്നെ കണ്ടു ചെയ്യുന്നവരുണ്ട്. പെട്ടെന്ന് കാശിന് ആവശ്യം വന്നാൽ ചെയ്യുന്നവരുണ്ട്. ഗതികേടു കൊണ്ട് ജീവിക്കാൻ വേറൊരു വഴിയുമില്ലാതെ ചെയ്യുന്നവരുമുണ്ട്. അങ്ങനെ വ്യത്യസ്ത നിലകളും നിലപാടുകളും ഉള്ളവരാണ് കമ്മ്യൂണിറ്റിക്കകത്തുള്ളത്.

***ലൈംഗിക ന്യൂനപക്ഷങ്ങളുടെ നിലപാടുകളെ വിദ്യാഭ്യാസം, ജാതി, വർഗം, പ്രാദേശികത മുതലായ ഘടകങ്ങൾ***



*സ്വാധീനിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കാമോ?*

തീർച്ചയായും. ഇതിനിടയിൽ പ്രിവിലെജ്ഡ് ആയും അൺപ്രിവിലെജ്ഡ് ആയുമുള്ള ആളുകളുണ്ട്. ഒരു വെളുത്ത ശരീരമുള്ള സോ കോൾഡ് ഉയർന്ന ജാതിയിൽ പെട്ട ഗേയും കറുത്ത ശരീരമുള്ള സോ കോൾഡ് താഴ്ന്ന ജാതിയിൽ പെട്ട ഗേയും ഒരേ അനുഭവങ്ങളിലൂടെയല്ല കടന്നു പോകുന്നത്. സാമ്പത്തിക ഭദ്രതയുള്ള ഒരു ട്രാൻസ്ജെൻഡറിന് സമൂഹത്തിൽ കിട്ടുന്ന വിലയല്ല സാമ്പത്തികമായി തകർന്ന കുടുംബത്തിലുള്ള ഒരു ട്രാൻസ്ജെൻഡറിന് ലഭിക്കുക. ഉയർന്ന വിദ്യാഭ്യാസം ലഭിച്ച ഒരു ട്രാൻസ്ജെൻഡറിനെയും വിദ്യാഭ്യാസം കുറഞ്ഞ ഒരു ട്രാൻസ്ജെൻഡറിനെയും ഒരേ പോലെയല്ല സമൂഹം നോക്കിക്കാണുന്നത്. ആദ്യ വിഭാഗം ഒരു സേഫ് സോണിലാണെന്നു പറയാം. അവർക്ക് പൗരത്വമുണ്ട്. രണ്ടാമത്തെ വിഭാഗം കടുത്ത അവകാശലംഘനങ്ങളും അവമതിയും പീഡനങ്ങളും നേരിടേണ്ടി വരുന്നു. അവരെ പൗരൻമാരായി കാണാൻ പോലും പൊതുസമൂഹം തയ്യാറാകുന്നില്ല.

*ലൈംഗിക ന്യൂനപക്ഷങ്ങളുടെ രാഷ്ട്രീയത്തെ ശക്തിപ്പെടുത്താനുള്ള എന്തൊക്കെ മാർഗങ്ങളാണ് താങ്കളുടെ മനസ്സിലുള്ളത്?*

ഒന്നാമതായി കമ്മ്യൂണിറ്റിയിൽ പെടുന്ന കൂടുതൽ ആളുകൾ ഇറങ്ങിവരാൻ തയ്യാറാകേണ്ടതുണ്ട്. സ്വയംസന്നദ്ധരായി മുന്നോട്ടു വരുന്ന സമുദായാംഗങ്ങളിലൂടെയാണ് ലിംഗലൈംഗിക ന്യൂനപക്ഷ രാഷ്ട്രീയം ശക്തിപ്പെടേണ്ടത്. ഇത്തരത്തിൽ ഇറങ്ങിവരുന്നവരെ രാഷ്ട്രീയവത്കരിക്കാനുള്ള ശ്രമങ്ങളും ഉണ്ടാകേണ്ടതുണ്ട്. ഇതിന്റെ ഉത്തരവാദിത്വം എഴുത്തുകാരും പൗരസമൂഹപ്രസ്ഥാനങ്ങളും സിബിഒകളും എൻജിഒകളും ആണ് നിർവ്വഹിക്കേണ്ടത്. ലിംഗലൈംഗിക ന്യൂനപക്ഷ രാഷ്ട്രീയത്തിനായി ഇറങ്ങി പ്രവർത്തിക്കാൻ മുന്നോട്ടു വരുന്ന ആളുകൾ വളരെ കുറവാണ്. ക്വിയർ പ്രൈഡുകളിൽ ഒരുപാട് ആളുകൾ കമിങ്ങ് ഔട്ട് നടത്താറുണ്ട്. ഇവരെ രാഷ്ട്രീയവത്കരിക്കുക എന്നത് നമ്മുടെ ദൗത്യമാകേണ്ടതുണ്ട്. ലിംഗലൈംഗിക ന്യൂനപക്ഷങ്ങൾ പൊതുസമൂഹവുമായി സംവദിച്ചു കൊണ്ടേയിരിക്കണം. എങ്കിലേ പൊതുസമൂഹത്തിൽ നിലനിൽക്കുന്ന പേടികളും തെറ്റിദ്ധാരണകളും മാറ്റാൻ സാധിക്കുകയുള്ളൂ. ഇൻറർസെക്സ് ആയവരുടെ ലിംഗമാറ്റ ശസ്ത്രക്രിയ 18 വയസ്സ് പൂർത്തിയായ ശേഷം ആ വ്യക്തിയുടെ പൂർണ സമ്മതത്തോടെ മാത്രം നടത്തുക, ലിംഗലൈംഗിക ന്യൂനപക്ഷങ്ങളിൽ

## സാമ്പത്തിക ഭദ്രതയുള്ള ഒരു ട്രാൻസ്ജെൻഡറിന് സമൂഹത്തിൽ കിട്ടുന്ന വിലയല്ല സാമ്പത്തികമായി തകർന്ന കുടുംബത്തിലുള്ള ഒരു ട്രാൻസ്ജെൻഡറിന് ലഭിക്കുക. ഉയർന്ന വിദ്യാഭ്യാസം ലഭിച്ച ഒരു ട്രാൻസ്ജെൻഡറിനെയും വിദ്യാഭ്യാസം കുറഞ്ഞ ഒരു ട്രാൻസ്ജെൻഡറിനെയും ഒരേ പോലെയല്ല സമൂഹം നോക്കിക്കാണുന്നത്.

പെടുന്നതായി തിരിച്ചറിയപ്പെടുന്ന കുട്ടികൾക്ക് നിർബന്ധിത സൗജന്യ പൊതു വിദ്യാഭ്യാസം നൽകുക, അതോടൊപ്പം ലിംഗലൈംഗിക വിഷയങ്ങളിലും നിർബന്ധിത സൗജന്യ വിദ്യാഭ്യാസം നൽകുക, സ്കൂളുകളിൽ സെക്സ് എജ്യുക്കേഷൻ നിർബന്ധിതമാക്കുക എന്നിങ്ങനെ നിയമനിർമ്മാണം നടത്തി നടപ്പിൽ വരുത്തേണ്ട ഒരുപാട് കാര്യങ്ങളുണ്ട്.

*ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്?*

പൊതുവായി പറഞ്ഞാൽ അടിസ്ഥാന മൗലികാവകാശങ്ങളെല്ലാം നിഷേധിക്കപ്പെട്ട വിഭാഗങ്ങളാണ് ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങൾ. ഞാൻ പ്രതിനിധീകരിക്കുന്ന ഇൻറർസെക്സ് എന്ന വിഭാഗം നേരിടുന്ന അവകാശ നിഷേധങ്ങളെ കുറിച്ച് പറയാം. ഞങ്ങൾ ഗർഭസ്ഥശിശു ആയിരിക്കുമ്പോൾ തന്നെ അബോർഷന് വിധേയമാകുന്നുണ്ട്. ഇതേക്കുറിച്ച് യാതൊരുവിധ അന്വേഷണങ്ങളും നടക്കുന്നില്ല. ഇൻറർസെക്സ് ആണെന്ന കാരണം കൊണ്ട് കുഞ്ഞിനെ ഗർഭത്തിലേ കൊല്ലുന്നത് നിയമം മൂലം നിരോധിക്കേണ്ടതാണ്. കഴിഞ്ഞ വർഷം തന്നെ ഇതിനോടകം ഒമ്പത് ഇൻറർസെക്സ് ജനനവും ആറ് ഇൻറർസെക്സ് മരണവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇൻറർസെക്സ് ആയ ആളുകൾക്ക് ഡോക്റ്റർമാർ ചികിത്സ നൽകുന്നത് അവരുടെ ശാരീരികാവസ്ഥ നോക്കിയോ ഹോർമോൺ അളവു നോക്കിയോ അല്ല. ഇത് ഗുരുതരമായ ആരോഗ്യപ്രശ്നമാണ്. അതുപോലെ കൗൺസിലർമാരും സൈക്യാട്രിസ്റ്റുകളും വിഷയങ്ങളിൽ അപ്ഡേറ്റഡ് ആകാത്തതും വലിയ ഒരു പ്രശ്നമാണ്. ട്രാൻസ്ജെൻഡറിനെ മാനസികരോഗത്തിൽ നിന്നും നീക്കം ചെയ്തതൊന്നുമറിയാതെ കൗൺസിലിങ്ങ് നൽകുന്ന, ചികിത്സ നൽകുന്ന കൗൺസിലർമാരും




സൈക്യാട്രിസ്റ്റുകളും വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്.

***ക്വിയർ പ്രൈഡ് 2016 ന്റെ സംഘാടകരിൽ ഒരാളാണല്ലോ ചിഞ്ചു. പ്രൈഡിന്റെ കണ്ണൂർ കർട്ടൻ റെയ്സർ ഇവൻറ് ഗവ. ബ്രണ്ണൻ കോളേജിൽ വച്ച് ഉദ്ഘാടനം ചെയ്ത വ്യക്തിയുമാണ് താങ്കൾ. ഇത്തവണത്തെ പ്രൈഡിന്റെ പ്രത്യേകതകൾ എന്തൊക്കെയാണെന്നു പറയാമോ?***

ഇത്തവണ ക്വിയർ പ്രൈഡ് മൂന്നു ദിവസത്തെ പരിപാടികളോടെ വിപുലമായാണ് ഞങ്ങൾ ആഘോഷിക്കുന്നത്. ഇതുവരെയുള്ള ക്വിയർ പ്രൈഡുകളിൽ ഒരു ദിവസത്തെ മാർച്ച് സംഘടിപ്പിച്ച് ആഘോഷിച്ച് നമ്മുടെ രാഷ്ട്രീയാവകാശങ്ങൾ പ്രഖ്യാപിച്ച് ഒന്നു രണ്ട് വിശിഷ്ടാതിഥികളുടെ പ്രസംഗവും ശേഷം കലാപരിപാടികളും നടത്തി പിരിയുകയായിരുന്നു പതിവ്. കേരളത്തിൽ കമ്മ്യൂണിറ്റിക്ക് ലഭിച്ച അഭൂതപൂർവമായ വിസിബിലിറ്റിയെ ആഘോഷിക്കാനും പൊതുസമൂഹവുമായുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്താനും ഉദ്ദേശിച്ച് ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലുള്ള സെമിനാറുകൾ, ചിത്രപ്രദർശനങ്ങൾ, സിനിമ പ്രദർശനങ്ങൾ, മീഡിയ സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ എന്നിങ്ങനെയുള്ള നിരവധി പരിപാടികൾ ഈ മൂന്ന് ദിവസങ്ങളിലായി നമ്മൾ നടത്തുന്നുണ്ട്. പൊതുസമൂഹവും കമ്മ്യൂണിറ്റിയും ഒരുമിച്ചിരുന്ന് കൊടുക്കൽ വാങ്ങലുകൾ നടത്താനും തുറന്ന സംവാദങ്ങൾ നടത്താനുമുള്ള ഒരു വലിയ വേദിയായിരിക്കും ഇത്തവണത്തെ ക്വിയർ പ്രൈഡ്.

ട്രാൻസ്ജെൻഡേഴ്സിൽ നിന്നും വിഭിന്നമായി ലൈംഗിക വൈവിധ്യങ്ങൾക്ക് പൊതുസമൂഹത്തിൽ ഒട്ടും ദൃശ്യത ലഭിക്കുന്നില്ല. കമ്മ്യൂണിറ്റിയിലെ അംഗങ്ങൾക്ക് കമിങ് ഔട്ട് നടത്താനുള്ള ഒരു വേദി ആയതിനാൽ തന്നെ ഒരു വലിയ രാഷ്ട്രീയ പ്രവർത്തനം നടക്കുന്ന ഇടം ആണ് ക്വിയർ പ്രൈഡ്. അതിനാലൊക്കെ തന്നെ ഇത്തവണത്തെ പ്രൈഡ് നമ്മൾ സംഘടിപ്പിക്കുന്നത് ലൈംഗികതയ്ക്ക് നീതി വേണം എന്ന ആവശ്യമുന്നയിച്ചു കൊണ്ടാണ്. ഇതുവരെയുള്ള പ്രൈഡുകൾ ഒരു പ്രത്യേക വിഷയത്തിന് ഊന്നൽ കൊടുത്ത് സംഘടിപ്പിക്കപ്പെട്ടവയല്ല. പൊതുവായ മുദ്രാവാക്യങ്ങളാണ് മുൻപ്രൈഡുകളിൽ മുഴങ്ങിയിട്ടുള്ളത്. അതിൽ നിന്നു വ്യത്യസ്തമായി ഇത്തവണത്തെ പ്രൈഡ് ഐപിസി 377 നെതിരെ ഒരു ചർച്ച രൂപപ്പെടുത്താനുദ്ദേശിച്ചു തന്നെ സംഘടിപ്പിക്കുകയാണ് നമ്മൾ. ഒരു വ്യക്തിയുടെ ലൈംഗികത ആ വ്യക്തിയുടെ മാത്രം വിഷയമാണ്. അതിൽ സ്റ്റേറ്റ് ഇടപെടേണ്ട ആവശ്യമില്ല. അതുപോലെ ലൈംഗികതയെ കുറിച്ച് തുറന്നു സംസാരിക്കുന്നതിൽ ജനങ്ങൾക്കുള്ള വിമുഖത മാറ്റുക എന്നതും ഈ പ്രൈഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ പെടുന്നു. Undoing gender, making of gender netural socitey ഇവ ക്വിയർ മൂവ്മെൻറിന്റെ ലക്ഷ്യങ്ങളിൽ പ്രധാനമാണ്. പൊതുസമൂഹത്തിനു മുന്നിൽ ക്വിയർ മൂവ്മെൻറ് വയ്ക്കുന്ന ആവശ്യങ്ങൾ ആണിവ. ഇവിടെ നിലനിൽക്കുന്ന ആണധികാര വ്യവസ്ഥിതിയെ നിരാകരിച്ച് തുല്യതയിലധിഷ്ഠിതമായ ഒരു ജെൻഡർ ന്യൂട്രൽ സൊസൈറ്റിയെ രൂപീകരിക്കുക എന്ന ഒരു വലിയ ലക്ഷ്യം ക്വിയർ മൂവ്മെൻറിന് സാക്ഷാത്കരിക്കേണ്ടതായിട്ടുണ്ട്. ●

ഉപ്പും മുളകും

# മഹാശ്വേതാദേവിക്കു പ്രണാമം



ഗീത

ഇന്ത്യയിലെ അല്ലല്ല ലോകത്തിലെ തന്നെ വലിയ എഴുത്തുകാരികളിൽ ഒരാൾ ഈ ഭൂമിയെ വെടിഞ്ഞിരിക്കുന്നു. മഹാശ്വേതാദേവി. എഴുത്തിന്റേയും പ്രവർത്തനത്തിന്റേയും വഴികളിൽ അവിശ്രമം അവർ സംസാരിച്ചുകൊണ്ടേയിരുന്നു. അതൊരു തപസ്സായിരുന്നു.

ആ തപസ്വിനിയെ രണ്ടു തവണ ബംഗാളിൽ വെച്ച് ഞാൻ നേരിട്ട് കണ്ടു. 2007 മാർച്ച് 14ന്റെ നന്ദിഗ്രാം വെടിവെപ്പിനു ശേഷം ഞങ്ങൾ ഒരു സംഘം സിംഗൂരും നന്ദിഗ്രാമും നേരിട്ട് സന്ദർശിച്ച സന്ദർഭത്തിലായിരുന്നു ഒന്ന്. മേധാപട്ക്കർക്കും മഹാശ്വേതാദേവിക്കും എതിരെ അക്രമികൾ പ്രക്കടിപ്പിച്ച അസഹിഷ്ണുതയും സാംസ്ക്കാരിക ഗുണ്ടായിസവും അന്ന് ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി.

മറ്റൊരു സന്ദർഭം 2010ൽ ഇറോംശർമ്മിളയെ കാണാൻ മണിപ്പൂരിലേക്ക് പോകുന്നതിനിടയിലായിരുന്നു. അനീതിയോട് അവർ കലഹിക്കുന്ന വിധം അതിതീക്ഷ്ണമെന്ന് ഞാൻ മനസ്സിലാക്കിയിരുന്ന സന്ദർഭങ്ങളായിരുന്നു. കേട്ടുകേൾവികൾക്കും എഴുത്തുകൾക്കും അപ്പുറമുള്ള ധാർമ്മികരോഷത്തിന്റെ സ്വഭാവം വ്യത്യസ്തമായിരുന്നു. പ്രതിഷേധപ്രകടനങ്ങൾ അവർക്കൊരു ചടങ്ങായിരുന്നില്ല. ഒരു അകംബോധമായിരുന്നു. അതുകൊണ്ടാണ് മൂലമ്പിള്ളി കുടിയിറക്കുസമരത്തിലേക്ക് അവർ ഓടിയെത്തിയത്. അന്നത്തെ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദന് അവരെഴുതിയ കത്ത് ഒരേ സമയം വൈകാരികവും ബൗദ്ധികവുമായ ആശയസംവാദത്തിന്റെ അടയാളമായിരുന്നു. “താങ്കൾ അത് ചെയ്തു കാണിക്കൂ” എന്ന രണ്ടാംകത്തിൽ വളരെ കൃത്യമായി തന്റെ രാഷ്ട്രീയ നിലപാട് അവർ എഴുതി “മൂന്നാറിൽ ചെയ്തതു പോലുള്ള പ്രതീകാത്മക നടപടികൾക്കു പിന്നാലെ പോകരുത്. ശരിയായ അർത്ഥത്തിൽ ചെയ്ത് നിങ്ങളുടെ മനക്കരുത്ത് കാണിക്കൂ. പ്രതീകവത്ക്കരണം ഞങ്ങൾ എഴുത്തുകാർക്കും കലാകാരന്മാർക്കുമായി വിട്ടു തരിക”.

അവർ കേരളത്തിലെത്തിയ മറ്റൊരു സന്ദർഭം ടി.പി.ചന്ദ്രശേഖരൻ അതിനിഷ്ഠൂരമായി വധിക്കപ്പെട്ട ഘട്ടമായിരുന്നു. നന്ദിഗ്രാം മൂലമ്പിള്ളി അതിക്രമകാലത്ത് കമ്മ്യൂണിസ്റ്റ് സംഘടനയെപ്പറ്റി ഉണ്ടായിരുന്ന വ്യാമോഹങ്ങൾ ഏറെക്കുറെ നഷ്ടപ്പെട്ടു കഴിഞ്ഞ സമയം കൂടിയായിരുന്നു അത്.

പക്ഷേ മഹാശ്വേതാദേവിക്ക് മൂലമ്പിള്ളിയെന്നത് നന്ദിഗ്രാം തന്നെയായിരുന്നു. നന്ദിഗ്രാമിൽ എതിർത്തു നിന്നവരെ വെടിവെച്ചതു പോലെ തന്നെയാണ് ടി.പി.ചന്ദ്രശേഖരൻ കൊല്ലപ്പെട്ടതുമെ ന്ന് അവർ തിരിച്ചറിഞ്ഞു. ഇന്ത്യ മാത്രമല്ല അടിച്ചമർത്തപ്പെട്ട ഏതു രാഷ്ട്രവും നന്ദിഗ്രാമായി മാറിക്കൊണ്ടിരിക്കുകയാണെന്ന രാഷ്ട്രീയമായ തിരിച്ചറിവാണ് അവരെ സാംസ്ക്കാരിക ഇന്ത്യയുടെ ജശോദയാക്കി മാറ്റിയത്.

“ഗർഭത്തിൽ വഹിച്ചതിനാൽ  മുലയൂട്ടിയവരാണോ ഇത് അതോ ഉപജീവനത്തിനായി പാൽ കൊടുത്തവരോ? എന്തുതന്നെയായാലും താൻ ലോകത്തിന് പാൽ ചുരത്തിയവളാണ്.” എന്നത് അസാധാരണമായ ഒരു ആത്മബോധവും ആത്മാഭിമാനവുമാണ്. അത് ലോകത്തെ തന്റെ മാറോടടുക്കലാണ്. അതിനെ പരിപാലിക്കലാണ്. അപ്പോൾ ആ അമ്മയ്ക്ക് ലോകത്തിനു മേൽ സ്നേഹത്തിന്റെ അവകാശം പതിച്ചു കിട്ടുന്നു.

“അവളെ നിത്യവും പരിശോധിക്കാൻ വന്ന ഡോക്ടറും

ഒരു കഷണം പുതപ്പുകൊണ്ട് അവളുടെ മുഖം മറച്ച്

വണ്ടിയിൽ കയറ്റി ചിതയെരിയുന്ന ഘാട്ടിൽ

എത്തിക്കുവാൻ പോകുന്ന ആളും ചിതയിലേക്കെടുത്തു

വെക്കാൻ പോകുന്ന അസ്പൃശ്യനും എല്ലാവരും.

അവളുടെ പാൽപ്പുത്രന്മാർ”.

അങ്ങനെയാണ് മഹാശ്വേതാദേവിയെന്ന എഴുത്തുകാരി ദീദി എന്ന മനുഷ്യാവകാശപ്രവർത്തകയാവുന്നത്. അതേ, അങ്ങനെത്തന്നെയാണ് അവർ, ആ തപസ്വിനി ലോകത്തെ മുഴുവൻ മുലയൂട്ടുന്ന ജശോദയായി മാറിയത്. ആ പാലാണ് നറുനിലാവായി നമ്മെ കുതിർക്കുന്നത്.

ആ അമ്മയെ ഞങ്ങൾ പെൺമക്കൾ നമസ്ക്കരിക്കുന്നു. ●

# സ്റ്റോൺവോൾ കൊളുത്തിയ സമരജ്വാലയും ആദ്യത്തെ ക്വിയർപ്രൈഡും

രണ്ടാം ലോകമഹായുദ്ധാനന്തരം അമേരിക്കയിൽ വിമതലിംഗസ്വത്വങ്ങൾക്കെതിരെ ആസൂത്രിതമായ നീക്കങ്ങൾ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ തന്നെ ഉണ്ടായിരുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. സാമൂഹ്യവിരുദ്ധരും രാജ്യദ്രോഹികളുമായി മുദ്രകുത്തപ്പെട്ട് നിരീക്ഷണത്തിന് വിധേയമാക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യുകയുണ്ടായി ഇക്കൂട്ടരെ. 1952ൽ അമേരിക്കൻ മനഃശാസ്ത്ര അസ്സോസിയേഷൻ ഡയഗ്നോസ്റ്റിക് & സ്റ്റാറ്റിസ്ററിക്കൽ മാനുവലിൽ ചികിത്സിച്ച് ഭേദമാക്കേണ്ടുന്ന മനോരോഗങ്ങളുടെ പട്ടികയിലാണ് വിമതലൈംഗികതയെ ഉൾപ്പെടുത്തിയതെന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. 1956ൽ ഈവ്‌ലിൻ ഹുക്കർ എന്ന മനഃശാസ്ത്രജ്ഞ തന്റെ വിപ്ലവാത്മകമായ പഠനങ്ങളിലൂടെ ഇത് തിരുത്തിക്കുറിച്ചത് വിമതലിംഗപ്രസ്ഥാനങ്ങൾക്ക് ഊർജ്ജമേകി. 1950 കളിൽ രൂപംകൊണ്ട പുരുഷസ്വവർഗാനുരാഗികളുടെ മാറ്റച്ചീൻ സൊസൈറ്റിയും തുടർന്ന് സ്ത്രീയനുരാഗികളുടെ ഡോട്ടേസ് ഓഫ് ബിലിറ്റീസ് എന്ന സംഘടനയും സ്വവർഗ്ഗലൈംഗികതയുടെ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുകയും പങ്കുവെക്കലിന്റെ ഇടങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.




അമേരിക്കയിലെ ന്യൂയോർക്ക് പട്ടണത്തിൽ ഗ്രീൻവിച്ച് ഗ്രാമത്തിലായിരുന്നു സ്റ്റോൺവോൾ ഇൻ സ്ഥിതി ചെയ്തിരുന്നത്. നഗരത്തെ വിമതലിംഗസ്വത്വസാന്നിദ്ധ്യങ്ങളിൽ നിന്ന് മുക്തമാക്കുവാനുള്ള ഊർജ്ജിതശ്രമങ്ങളിൽ ഏർപ്പെടുന്നതിന് മേയർ റോബർട്ട് വാഗ്നർ തന്നെ നേതൃത്വം നൽകി പോന്നു. ഇവർ കൂടിച്ചേരുവാൻ സാദ്ധ്യതയുള്ള പാർക്കുകൾ, ബാറുകൾ തുടങ്ങിയ ഇടങ്ങൾ കർശനമായ നിരീക്ഷണത്തിൽ നിർത്താൻ രഹസ്യപോലീസുകാരെ ചുമതലപ്പെടുത്തുകയും ചെയ്യുകയുണ്ടായി.

ഗ്രീൻവിച്ച് മാഫിയയുടെ ഉടമസ്ഥതയിലായിരുന്നു സ്വവർഗ്ഗാനുരാഗികളുടെ ബാർ എന്നറിയപ്പെട്ടിരുന്ന സ്റ്റോൺവോൾ ഇൻ. അനധികൃതമായി മദ്യം സൂക്ഷിച്ചുവെന്ന് കാണിച്ചാണ് 1969 ജൂൺ 28ന് പുലർച്ചെ 1.20 ന് പോലീസ് റെയ്ഡ് ആരംഭിച്ചത്. ഒരാഴ്ചയോളം നീണ്ടുനിന്ന ചെറുത്തു നിൽപ്പുകൾക്കും അക്രമാസക്തമായ തിരിച്ചടികൾക്കുമാണ് ഈ പ്രദേശം സാക്ഷ്യം വഹിച്ചത്.

ലിംഗസ്വത്വങ്ങളുടെ രാഷ്ട്രീയമാനങ്ങൾ കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ച സംഭവമായിരുന്നു സ്റ്റോൺ വോൾ. ആറുമാസത്തിനുള്ളിൽ 'ഗേ' എന്ന ദിനപത്രം പ്രസിദ്ധീകരണമാരംഭിച്ചു. കൂടാതെ മാറ്റച്ചീൻ പോലുള്ള സംഘടനകൾ പുത്തൻ പ്രതിരോധ കരുത്തോടെ ഉയിർത്തെഴുന്നേൽക്കാനും ഇത് ഇടയാക്കി. 1970 ജൂൺ 28ന് സ്റ്റോൺവോൾ സംഭവത്തിന്റെ ആദ്യവാർഷികം ഉജ്ജ്വലമായ ഘോഷയാത്രയിലൂടെ അമേരിക്കൻ ചരിത്രത്തിലെ ആദ്യ ക്വിയർപ്രൈഡിന് തുടക്കം കുറിച്ചു. ആയിരക്കണക്കിനാളുകൾ ബാനറുകൾ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യങ്ങൾ മുഴക്കി വിമതലിംഗസ്വത്വാവകാശങ്ങൾക്കുവേണ്ടി തെരുവിലിറങ്ങി. നാൽപ്പത്തിയാറു വർഷങ്ങൾക്കു ശേഷവും ക്വിയർ പ്രൈഡ് അതിന്റെ രാഷ്ട്രീയത്തിന്റെ കരുത്തിൽ പുതു ജനാധിപത്യങ്ങൾ സ്ഥാപിക്കാൻ പ്രയത്നിക്കുന്നു. ●




കെ.ആർ.രാഗി

# ലെസ്ബിയൻ ജീവിതാവിഷ്ക്കാരങ്ങൾ



**അശ്വിനി സുഖ്ഥാങ്കർ എഡിറ്റ് ചെയ്ത** 'ഫെയ്സിംഗ് ദ മിറർ: ലെസ്ബിയൻ റൈറ്റിംഗ് ഫ്രം ഇന്ത്യ' (കണ്ണാടിയെ അഭിമുഖീകരിക്കുമ്പോൾ : ഇന്ത്യയിൽ നിന്നുള്ള ലെസ്ബിയൻ കൃതികൾ). എന്ന ഗ്രന്ഥത്തിൽ നിന്നും മൂന്നു കഥകളാണ് തർജ്ജമ ചെയ്യാനുള്ള ശ്രമം നടത്തിയിട്ടുള്ളത്. വ്യത്യസ്തത നിലനിർത്താൻ ശ്രമിച്ചിട്ടുണ്ട്. 'മൗത്ത് ടു മൗത്ത്' (വായിൽ നിന്നും വായിലേക്ക്) എന്നത് ഒരു വീട്ടമ്മ അവരുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് തന്റെ പാചകകലയിൽക്കൂടി അന്തർലീനമായി കിടക്കുന്ന സ്വവർഗ്ഗാനുരാഗസ്വത്വത്തെ പുറത്തെടുക്കുന്നതിനെക്കുറിച്ചാണ്. 'ബൈ-ലൈൻ' ആധുനിക പരസ്യലോകത്തെ പ്രതിപാദിക്കുമ്പോൾ, 'വേർഡ്സ് ഫ്രം സൈലന്റ്സ്' (നിശ്ശബ്ദതയിൽ നിന്നുള്ള വാക്കുകൾ) തീർത്തും അപരിചിതമായ സ്വവർഗ്ഗപ്രണയത്തിലേക്കാണ് വെളിച്ചം വീശുന്നത്.




## മൗത്ത് ടു മൗത്ത്

(വായിൽ നിന്നും വായിലേക്ക്)

**അർച്ചന പട്നായ്ക്ക്**

രണ്ടു കുട്ടികളുള്ള ഒരു വീട്ടമ്മയാണ് ഞാൻ. ഒറീസ്സയിൽ നിന്നും പുറത്തേക്ക് യാത്ര ചെയ്യാനുള്ള ഒരു വഴിയും എനിക്കില്ല - എന്റെ സമയവും ജീവിതാവസ്ഥയും നിങ്ങളെ പോലെ ബോംബേയിലും ഡൽഹിയിലും കൽക്കട്ടയിലുമുള്ളവരെ പോലെ അത്രയും സ്വതന്ത്രമല്ല. എനിക്കെന്റേതായ ജോലികളുണ്ട്. എനിക്കെന്റെ ഒരു കുടുംബമുണ്ട്. അപ്പോൾ ലെസ്ബിയൻ വിഷയത്തിനു വേണ്ടി എനിക്കെന്തു ചെയ്യാൻ കഴിയും?

എനിക്കാകെ അറിയാവുന്നത് ഇതൊക്കെയാണ്: നിങ്ങളുടെ ശരീരം സ്വാഭാവികമായി എങ്ങിനെ പരിപോഷിപ്പിക്കാം, ഒറീസ്സയിലെ കിഴക്കൻ പാരമ്പര്യമുള്ള ഭക്ഷണം എങ്ങനെ പാചകം ചെയ്യാം, പെൺകുട്ടികൾക്കുള്ള വസ്ത്രങ്ങൾ എങ്ങിനെ തുന്നാം, മേൽക്കൂരയിൽ എങ്ങിനെ കൃഷി ചെയ്യാം. എനിക്ക് പങ്കുവയ്ക്കാൻ ഇതൊക്കെയേ ഉള്ളൂ. ഞാൻ രതിജന്യമായ പാചകവിദ്യയെക്കുറിച്ച് എഴുതാം. പ്രത്യേകിച്ചും സ്ത്രീകളെ സ്നേഹി

ക്കുന്ന സ്ത്രീകൾക്കു വേണ്ടി.

സ്ത്രീയുടെ സത്ത് മധുരിപ്പിക്കുന്നതിന്, അവ ഒഴുകുന്നതിന്:

ഒരു ഗ്ലാസ് ശുദ്ധമായ പശുവിൻ പാൽ എടുക്കുക. ഒരു അലൂമിനിയം പാത്രത്തിൽ അത് തിളപ്പിച്ചാറ്റി കശുവണ്ടി പരിപ്പ് പൊടിച്ചത് ചേർക്കുക. നിറഞ്ഞ ആ ഗ്ലാസ് രണ്ട് മൂന്ന് മണിക്കൂർ നേരത്തേക്ക് മാറ്റി വയ്ക്കുക. രണ്ട് സ്ത്രീകളും ഇത് കുടിക്കണം. രതിയിൽ ഏർപ്പെടുന്നതിന് മുൻപ് മാത്രമല്ല, എല്ലാ ആഴ്ചയും ഇത് കുടിക്കുക.

സ്ത്രീകൾക്ക് സുഖകരമായ മാനസികാവസ്ഥ ഉണ്ടാകുവാനും അവരുടെ ലൈംഗികാവയവങ്ങൾ ഉന്മേഷഭരിതമാക്കാനും:

ഒരിഞ്ചോളം വലിപ്പമുള്ള ഒരു കിലോ മത്തി എടുക്കുക. ശ്രദ്ധയോടെ അതു കഴുകി വൃത്തിയാക്കുക. ഇത്തിരി മഞ്ഞൾപ്പൊടിയും ഉപ്പും 200 ഗ്രാം കടുകെണ്ണയും ചേർത്ത് നന്നായി പുരട്ടിവയ്ക്കുക.

ഒരു കഷണം 'വാഴപ്പിണ്ടി (വാഴയുടെ നടുക്കുള്ള വെളുത്തഭാഗം, ഒരടി നീളത്തിൽ) എടുത്ത് വളരെ ചെറിയ കഷണങ്ങളാക്കുക. എട്ട് വാഴയിലയിൽ എട്ട് നിരയാക്കി ഈ ചേരുവകൾ ഇലകൾക്കിടയിൽ വെച്ച് ചുരുട്ടിയെടുത്ത് നൂലുകൊണ്ട് കെട്ടുക. ചുട്ടു ചുവന്ന കൽക്കരി ചൂളയിൽ ഇത് ചുടുക. ഒരു മണിക്കൂറിനു ശേഷം പുറത്തെടുത്ത് കഴിക്കുക. സ്ത്രീകളെ സ്നേഹിക്കുന്ന സ്ത്രീകൾക്ക് ഇത് ഉത്തമ ആഹാരമാണ്.


നിങ്ങളുടെ തോട്ടത്തിൽ ഇതുണ്ടാക്കി അവിടെ വെച്ച് തന്നെ കാമകേളിയിൽ ഏർപ്പെടുക.

ചുംബനം ആസ്വദിക്കുന്ന സമയത്ത് മാർദ്ദവമുള്ള സ്ത്രീ വായയ്ക്കു വേണ്ടി:

ഒരുപിടി എള്ള് എടുത്ത് അഞ്ചു മിനിട്ടോളം വറുത്ത് നന്നായി പൊടിക്കുക. പൊടിച്ച ഏലക്കായയും കുരുമുളകും കറുവാപ്പട്ടയുമായി യോജിപ്പിക്കുക. കുറച്ച് ശർക്കര ചേർത്ത് ചെറിയ ഉരുളകളാക്കി കഴിക്കുക.

# ബൈ-ലൈൻ-

**ഗൗരി**



എന്റെ അഭിപ്രായത്തിൽ പരസ്യലോകത്ത് കോപ്പിറൈറ്ററായി ജോലി ചെയ്യണമെങ്കിൽ അൽപസ്വൽപ്പം ഭ്രാന്ത് നല്ലതാണ്. പോരാത്തതിനു ഞാനൊരു ബൈസെക്ഷ്വൽ ആയിരിക്കേ വ്യവസായലോകത്ത് എന്നെ തീർത്തും ഭ്രാന്തിയുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അപ്പോൾ, എനിക്ക് വട്ടാണ്. എന്നാലെനിക്കെതിരെ കേസെടുത്തോളൂ.

പരസ്യമേഖലയിൽ വളരെ വൈകിയാണ് ഞാൻ പ്രവർത്തിച്ചു തുടങ്ങിയത്. അതുകൊണ്ട് തന്നെ ഞാനിതിൽ വന്നിട്ട് അധികം നാളുകളൊന്നും ആയിട്ടില്ല. ഞാൻ ബൈസെക്ഷ്വൽ ആണെന്ന് ജോലി സ്ഥലത്ത് തുറന്നു പറഞ്ഞിട്ടൊന്നുമില്ല. പക്ഷേ അവർക്കെല്ലാവർക്കും അതറിയാം. എങ്ങനെ? അതേയ്, ഫോണിൽ നിങ്ങൾ എന്നും നിങ്ങളുടെ പെൺസുഹൃത്തുമായി മാത്രമാണ് സംസാരിക്കുന്നത് എങ്കിൽ, എല്ലാ തിങ്കളാഴ്ചയും കഴുത്തിനു ചുറ്റും പ്രണയക്ഷതങ്ങൾ പേറിയാണ് നിങ്ങൾ ജോലിക്ക് പോകുന്നതെങ്കിൽ, സഹപ്രവർത്തകർ നിങ്ങളോട് എങ്ങനെയാണ് വാരാന്ത്യം ചെലവഴിച്ചത് എന്ന് ചോദിക്കുമ്പോൾ ഞാനത് എന്റെ പെൺസുഹൃത്തുമായാണ് ചെലവഴിച്ചത് എന്ന് പറയുന്നെങ്കിൽ, ഓഫീസിൽ വെച്ച് അവളെ മാത്രമാണ് വിളിക്കുന്നതെങ്കിൽ, അവളുടെ കൂടെ മാത്രമാണ് നഗരം ചുറ്റാൻ പോകുന്നതെങ്കിൽ; അവരെന്താ പൊട്ടന്മാരാണോ ഇതെന്താ നടക്കുന്നത് എന്ന് മനസ്സിലാക്കാതെയിരിക്കാൻ. ശരിയല്ലേ?

എന്നെ അത്ഭുതപ്പെടുത്തുന്ന കാര്യം ഇവരിതെങ്ങനെ സഹിക്കുന്നു എന്നുള്ളതാണ്. ആരുമെന്നോട് വിചിത്രമായി പെരുമാറാറില്ല, ആരുമെന്നെ ഒഴിവാക്കി നിർത്താറില്ല, വേറൊരു ജീവിത രീതിയായി ഇതിനെയങ്ങ് അംഗീകരിച്ചിരിക്കുകയാണ്, ഒരുപക്ഷേ, ഒരിത്തിരി ആകാംക്ഷയോടെ. എനിക്കറിയാം, എന്നോട് എന്നെപ്പറ്റി ചോദിക്കാൻ അവർ വെമ്പുകയാണ്, എന്റെ പ്രണയിനിയെപ്പറ്റി. പക്ഷേ, ഞാൻ ഒന്നും തന്നെ പ്രത്യക്ഷമായി പറയാത്തതുകൊണ്ടാവണം, അവർ അവരെത്തന്നെ തടഞ്ഞു വെച്ചിട്ടുള്ളത്. സാഹചര്യങ്ങൾ എന്റെ വരുതിയിലുള്ള ഈ അവസ്ഥ എനിക്കിഷ്ടമാണ്.

എന്റെ അവസ്ഥ എത്ര അനായാസകരമായി അംഗീകരിക്കപ്പെട്ടു എന്നു ഞാൻ തിരിഞ്ഞുനോക്കുമ്പോൾ ഞാൻ എന്നോട് തന്നെ ചോദിക്കും, "എന്നാൽ പിന്നെ എന്തിനാണ് ഞാൻ എന്നെത്തന്നെ മറച്ചുവെക്കുന്നത്?"

"ഇതിങ്ങനെയാണ് സുരക്ഷിതം." ഉത്തരം അപ്പോൾത്തന്നെ കിട്ടും. എങ്ങനെയാണിത് സുരക്ഷിതമാകുന്നത്, നിങ്ങൾ ചോദിക്കും. എന്നാൽ ശരി, ഇപ്പോൾ 'എ' ചെന്ന് 'ബി' യോട് ചോദിക്കുന്നു, "ഗൗരി സ്വവർഗ്ഗാനുരാഗിയാണല്ലേ?" മറ്റവൾ പറയും, (ഞാൻ പ്രതീക്ഷിക്കുന്നതാണ്) "അല്ല നിനക്കെങ്ങിനെ അറിയാം?" അപ്പോൾ അവിടെയൊരു സംശയം ഉണ്ടാകുന്നു, ഒരു പ്രതീക്ഷ. അതായത് ആൾക്കാർക്ക് വലിയ ഉറപ്പൊന്നുമില്ല. എന്റെ വിചാരത്തിൽ ഞാനൊരു അയഥാർത്ഥമായ ലോകത്താണ് ജീവിക്കുന്നത്. അതുപോലെത്തന്നെ, ജോലിസ്ഥലത്ത് ഞാനിത് തുറന്നു പറഞ്ഞാൽ വീട്ടുകാർക്ക് ഈ വാർത്ത കറങ്ങിത്തിരിഞ്ഞ് എത്താൻ സാധ്യതയുണ്ട്. അതെനിക്ക് ഭയമാണ്. ഇനിയിപ്പോ ഞാൻ തന്നെ എന്തെങ്കിലും ഇതിനെപ്പറ്റി ചെയ്യാം എന്നിരിക്കട്ടെ. അതായത് അവരോട് ഞാൻ തന്നെ പറയുക എന്നപോലെ! ഇല്ല , സമീപഭാവിയിൽ അവരോടിതു തുറന്നുപറയാൻ എനിക്ക് തോന്നുമോ? ഇല്ല. ഞാൻ ലെസ്ബിയൻ ആണെന്ന് എന്റെ മാതാപിതാക്കളോട് പറയുന്നത് നഗ്നയായി എവറസ്റ്റ് പർവ്വതം കയറി അതിന്റെ ഉച്ചിയിൽ നെഞ്ചുവിരിച്ച് കാറ്റിനോട് മല്ലിടുന്നതിന് സമം ആയിരിക്കും. ആഹ്! അതാലോചിക്കുമ്പോൾ തന്നെ എനിക്ക് ശ്വാസംമുട്ടുന്നു.

പരസ്യലോകത്ത് ഞാൻ കൂടുതൽ കൂടുതൽ ഗേകളേയും ബൈസെക്ഷ്വലുകളെയും കണ്ടുമുട്ടുന്നു. അവരെല്ലാം ഇത് രഹസ്യമാക്കി വെച്ചിരിക്കുകയാണ്. അപ്പോൾ ഞാൻ എന്നോട് തന്നെ പറയും. "നീ ചെയ്യുന്നത് ശരിതന്നെയാണ്." എന്നിരുന്നാലും ഞാനെന്റെ ഓഫീസിൽ എന്തോ ഒരു വ്യത്യസ്തത ഉണ്ടാക്കുന്നുണ്ട്. ഞാൻ സ്ത്രീകളുമായി തുറന്ന് കൊഞ്ചിക്കുഴയുകയും ആണുങ്ങളോട് അലറുകയും ചെയ്യും. "എടാ പുരുഷാധിപത്യ പന്നികളെ, ഞാൻ നിങ്ങളെ വെറുക്കുന്നു." എന്നാൽ ഗൗരവമായി പറഞ്ഞാൽ എന്റെ സീനിയറായ ഏതെങ്കിലും കോപ്പി റൈറ്റർ പുരുഷമേധാവിത്വത്തിനെ പിൻതാങ്ങി എന്തെങ്കിലും പ്രസ്താവന നടത്തിയാൽ ഞാനത് ചൂണ്ടിക്കാണിക്കും. അല്ലെങ്കിൽ ഒരു സംരംഭത്തിൽ നിന്നും സൗകര്യപൂർവ്വം ഒഴിവാക്കിയ സ്ത്രീയെ അതിൽ ഉൾപ്പെടുത്തും.

എനിക്ക് പറ്റാവുന്ന ചെറിയരീതിയിൽ ഞാൻ കാര്യങ്ങൾ ചെയ്യുന്നു. ഞാൻ ലോകത്തെ മാറ്റിമറിക്കാനല്ല ജനിച്ചത്. അതെന്റെ പ്രണയിനിക്ക് വിട്ടുകൊടുത്തിരിക്കുന്നു. ഈ വക കാര്യങ്ങളിൽ അവളാണ് മിടുക്കി. എന്റെ കാര്യം എടുക്കുകയാണെങ്കിൽ വരുന്നതുപോലെ വരട്ടെ എന്ന് ജീവിക്കാനാണ് എനിക്കിഷ്ടം.

# വേർഡ്സ് ഫ്രം സൈലൻസ്

(നിശബ്ദതയിൽ നിന്നുള്ള വാക്കുകൾ)

**– പൂജ**

ഞാൻ നിങ്ങളെ പോലെ ഒരു ലെസ്ബിയൻ ആണ്. പക്ഷേ എനിക്ക് വേറെ ലെസ്ബിയനുക



ളുടെ ഇടയിൽ ഇടപഴകാൻ ഇഷ്ടമല്ല. കാരണം ഞങ്ങൾ വ്യത്യസ്തമായ ഭാഷയാണ് സംസാരിക്കുന്നത് – നിങ്ങളും ഞാനും.

ഞാൻ മൊത്തത്തിൽ ബധിരയാണ്, ആറു കൊല്ലമായി എന്റെ ഒപ്പമുള്ള കാമുകിയും അതേ. ഞങ്ങളുടേത് മൗനപ്രണയമാണ്.

ഒരു അയൽപക്കരാജ്യത്തിൽ നടന്ന സ്ത്രീകളുടെ പ്രസ്ഥാനത്തിൽ പങ്കെടുത്തപ്പോഴാണ് ഞങ്ങൾ പരിചയപ്പെട്ടത്. അവൾ എന്റെയൊപ്പം ഇവിടെ താമസിക്കാൻ വന്നു, അവളുടെ സുഹൃത്തുക്കളെയും കുടുംബത്തേയും ഉപേക്ഷിച്ചു കൊണ്ട്. ഞങ്ങൾ രണ്ടുപേർക്കും സമൂഹത്തിൽ വിവാഹം കഴിച്ചിരിക്കാൻ സാധ്യതയുള്ള സ്ത്രീകളോടാണ് താത്പര്യം. ചിലർക്ക് മക്കളും ഉണ്ടാകാം. പക്ഷേ അവരും ഞങ്ങളെപ്പോലെ ബധിരരായിരിക്കണം എന്നുമാത്രം.

ഞങ്ങൾ അവരുമായി ഒരു പാട് സഹകരിച്ചു പോന്നിട്ടുണ്ട്, കാരണം നിങ്ങളെക്കാളും ഞങ്ങൾക്കാണ് പരസ്പരം കൂടുതൽ സമാനതകളുള്ളത്. അവർക്ക് ഞങ്ങൾക്കുള്ളതുപോലെ സ്ത്രീകളോടുള്ള ലൈംഗികതാത്പര്യം ഇല്ലെങ്കിൽ പോലും.

ഞങ്ങൾ നിശ്ശബ്ദതയിൽ പങ്കുവെക്കുന്നു. ആംഗ്യങ്ങളുടെ ബലം കൊണ്ട് നിശ്ശബ്ദതയിൽ സംസാരിക്കുന്നു. നിങ്ങളെ വിറപ്പിക്കും വിധം ഞങ്ങൾ നിശബ്ദതയിൽ ജീവിക്കുന്നു.

ബാക്കിയുള്ള ലെസ്ബിയനുകൾ സ്നേഹം സംവദിക്കുന്നതും രതിയിൽ ഏർപ്പെടുന്നതും വാക്കുകൾ കൊണ്ടാണ്. ഞാനും എന്റെ പ്രണയിനിയും സംസാരിക്കുന്നതും ബന്ധപ്പെടുന്നതും ഞങ്ങളുടെ കൈകൾ കൊണ്ടാണ്. ഞങ്ങളിൽ ഒരാളാവണമെങ്കിൽ ഞങ്ങളുടെ ഭാഷ പഠിക്കുക. ●

---

# ഇരുപത്തിയൊന്നു പ്രണയകവിതകൾ (III)



## എഡ്രിയൻ റിച്ച് (1929–2012)

സ്ത്രീ സ്വവർഗ്ഗാനുരാഗികളുടെ പീഢാനുഭവങ്ങളെ കാവ്യലോകങ്ങളിലേക്ക് സന്നിവേശിപ്പിച്ച ആദ്യ കവയിത്രിയായിരുന്നു അമേരിക്കക്കാരിയായ എഡ്രിയൻ റിച്ച്. ലോകത്തിന്റെ മാറ്റം (A Change of the World) എന്ന അവരുടെ ആദ്യ കവിതാസമാഹാരം യേൽ സീരീസ് ഓഫ് യങ്ങർ പോയറ്റ്സ് അവാർഡിന് അർഹമായി. 1960 കളിലെ പുത്തൻ ഇടതുപക്ഷപ്രസ്ഥാനങ്ങളുമായി അടുത്തു പ്രവർത്തിച്ച റിച്ച് സംഭവബഹുലമായ രാഷ്ട്രീയജീവിതം നയിച്ച ഒരാൾ കൂടിയായിരുന്നു. Of Woman Born : Motherhood as Experience and Institution (1976), A Wild Patience has Taken Me This far (1981), The Fact of a Door Frame (2001) തുടങ്ങിയ അനവധി കൃതികൾ റിച്ചിന്റേതായുണ്ട്. സ്വയമൊരു ലെസ്ബിയനായി പ്രഖ്യാപിച്ച് തന്റെ പങ്കാളിയുമായി ജീവിതം നയിച്ച റിച്ച് 1971 ൽ രചിച്ച Twenty Poems on Love എന്ന ഗ്രന്ഥത്തിലെ ഒരു കവിതയാണ് ഇവിടെ ചേർക്കുന്നത്. സ്വതന്ത്ര പരിഭാഷ നടത്തിയത് **ഡോണ മയൂര.**

യൗവനയുക്തരല്ലിനി നാം,
ഇനിയുള്ള വാരങ്ങളാൽ
തിരികെ നേടിയെടുക്കണം
തമ്മിൽ കാണാതെ നഷ്ടപ്പെട്ടതാം
വർഷങ്ങൾ തൻ സമയമത്രയും

അസാധരണമാംവണ്ണം
കെട്ടുപിണഞ്ഞൊരീ
സമയമതുമാത്രമാണിപ്പോൾ
നാമിരുവരും നമ്മുടെ
യൗവനകാലത്തിലല്ലെന്ന്
ഓർമ്മിച്ചുകൊണ്ടേയിരിപ്പത്.

ഉന്മാദഭരിതമായൊഴുകിയീ
തെരുവുകളിലൂടെ
പുലർകാല സവാരികൾ
ഞാനെന്നെങ്കിലുമൊരുനാളെൻ
യൗവനകാലത്തിൽ
ചെയ്തിരുന്നുവോ?

നിന്റെ വിളികൾക്ക് ജാഗരൂകയായ്
കാതോർത്തിരുന്ന പോലെന്റെ
ജാലകവാതിലിലൂടെയെത്തി
നോക്കി
ഞാനീ നാഗരികതൻ
ഭാവിയെയോർത്തുവോ?

നീയോ,
നീയുമെന്നിലേക്കതു പോലൊരു
താളക്രമത്തിലടുത്തു വന്നു.

കൊടും വേനലെത്തും മുന്നേ
നീലപ്പൂമിഴികൾ തുറക്കും
ലില്ലിച്ചെടിത്തുമ്പുകളിൽ
പ്രതിഫലിക്കും
നനഞ്ഞയിളംതളിർ
പ്രകാശം കണക്കേ
നിന്റെ മിഴികളിലെയനന്തത.

ജീവിതകാലമെല്ലാം
നാമൊന്നിച്ച് ജീവിക്കുമെന്നു
നാമോർത്ത നമ്മുടെ
ഇരുപതാം വയസ്.


നമ്മുടെയതിർരേഖകൾ
എന്തെന്നു ഞാനറിയാൻ ശ്രമിച്ച
നാൽപ്പത്തിയഞ്ചാം വയസ്.

നാളേക്കുവേണ്ടി
സഞ്ജാതമാവേണ്ടവരല്ലയിനി
നാമെന്നോർത്തു
നിന്നെ ഞാൻ സ്പർശിപ്പതും,
എപ്രകാരവും നാമന്യോന്യം
മരണസഹായിയുമായിടാം.


ചർച്ചാവിഷയം
അഭിമുഖം



ഗാർഗി



# ദീപ വാസുദേവൻ എന്ന സഹയാത്രിക




കേരളത്തിൽ ’ക്വിയർ’ രാഷ്ട്രീയം എന്നു കേട്ടു തുടങ്ങിയപ്പോൾ മുതൽ തന്നെ പലരും  പറയുന്ന പേരാണ് ദീപയുടേത്. ’അവരെവിടെ നിന്നോ വന്ന് ഇവിടെ എന്തൊക്കെയോ ചെയ്യുന്നു’ എന്നതിൽ തുടങ്ങി ഇന്ന് കേരളത്തിൽ ഈ രാഷ്ട്രീയ ധാര അംഗീകരിക്കപ്പെടുകയും അതിൽ പല വിഭാഗങ്ങൾക്കും അവകാശ ലഭ്യത ഉണ്ടാവുകയും ചെയ്യുമ്പോൾ ദീപയുടെ ദീർഘകാല പ്രവർത്തനങ്ങൾക്ക് ചെറുതെങ്കിലും അവഗണിക്കാൻ പറ്റാത്ത വിജയമുണ്ടായി എന്നു വേണം കരുതാൻ. ദീപയോടു തന്നെ ചോദിക്കാം.

## കാനഡയിലെ ബാല്യകാലം, വിദൂരദേശത്തെ കേരളം

എന്റെ അച്ഛനമ്മമാർ മലയാളികളാണ്. അവർ നായർ ജാതിയിൽപ്പെട്ടവരാണ്. രണ്ടുകുടുംബങ്ങളും വൈദ്യന്മാരും ആയുർവേദ മരുന്നുകൾ ഉണ്ടാക്കുന്നവരുമാണ്. അച്ഛൻ ആധുനിക വൈദ്യം പഠിച്ച്, യൂറോപ്പിൽ നിന്ന് ന്യൂറോളജിയിൽ ബിരുദം നേടിയതിനു ശേഷം കാനഡയിൽ താമസം തുടങ്ങി. അറുപതുകളുടെ അവസാനത്തിൽ നടന്ന, വിദഗ്ദരായ തൊഴിലാളികളുടെ ഒന്നാംലോകരാജ്യങ്ങളിലേക്കുള്ള കൂട്ട കുടിയേറ്റവുമായി ബന്ധപ്പെട്ട് പറയുന്ന ’ബ്രെയിൻ ഡ്രെയിൻ’ ന്റെ ഭാഗം തന്നെയായിരുന്നു അച്ഛനും. ഞാൻ ജനിച്ചതും വളർന്നതുമെല്ലാം കാനഡയിൽ പുൽമേടുകൾ നിറഞ്ഞ ഒരു ചെറിയ ഉൾനഗരത്തിലാണ്. എന്റെ അച്ഛനമ്മമാരുൾപ്പെട്ട കുടിയേറ്റക്കാരുടെ തലമുറ ഇംഗ്ലീഷ് അല്ലാത്ത മറ്റു ഭാഷകൾ പഠിപ്പിച്ച് കുട്ടികളെ കുഴക്കരുത് എന്ന വിശ്വാസക്കാരായിരുന്നു. അതുകൊണ്ടു തന്നെ എന്റെ സമപ്രായക്കാരായ പലർക്കും  അവരുടെ ‘മാതൃഭാഷ’ കൾ അറിയില്ല, പിന്നീട് അത് പഠിച്ചെടുക്കാൻ ബുദ്ധിമുട്ടിയവർക്കല്ലാതെ. മാതൃഭാഷകൾ പഠിക്കുന്നത് നല്ലതാണെന്ന് ഇപ്പോൾ എല്ലാവർക്കും അറിയാവുന്നതാണല്ലോ.

ഞങ്ങൾ വളർന്ന് വരുമ്പോൾ ദക്ഷിണേഷ്യക്കാരോട് വംശീ



1995 ൽ കൂട്ടുകാരി ഐംബർ ഡോണിന്റെ കൂടെ

യ വിദ്വേഷം അധികമായി ഉള്ള സമയമായിരുന്നു. ഞങ്ങളേക്കാൾ മോശം അനുഭവം ഉണ്ടായിരുന്നത് അവിടെയുണ്ടായിരുന്ന ആദിവാസികൾക്ക് മാത്രമാണ്. കറുത്തവർഗ്ഗക്കാരൊന്നും അധികം അവിടെ ഉണ്ടായിരുന്നില്ല. നിത്യേന വംശീയ വിദ്വേഷത്തിന്റെ പ്രകടനങ്ങൾ – നിരത്തുകളിലും സാമൂഹ്യസന്ദർഭങ്ങളിലുമൊക്കെ – അനുഭവിച്ചാണ് ഞങ്ങൾ കഴിച്ചുകൂട്ടിയത്.

എന്റെ കുടുംബം അധികവും സമയം ചിലവിട്ടത് മറ്റു ദക്ഷിണേന്ത്യക്കാരോടൊപ്പമായിരുന്നു. ഇങ്ങനെ പ്രവാസികളായി വളർന്ന എല്ലാ കുട്ടികൾക്കുമെന്ന പോലെ, അവിടെയും ഇവിടെയും എന്റേതല്ല എന്ന തോന്നലാണ് എനിക്കുണ്ടായത്.

ഞാൻ ഒരു നാണക്കാരിയായിരുന്നു. എന്റെ അച്ഛനമ്മമാർ 'ഒരു നല്ല മലയാളി പെൺകുട്ടി' യെ വളർത്തുന്ന രീതിയിൽ കർശനമായാണ് എന്നെ വളർത്തിയത്. (കേരളത്തിൽ ജീവിക്കാൻ തുടങ്ങിയതിനു ശേഷമാണ് അതെന്താണെന്ന് എനിക്ക് മനസ്സിലായതു തന്നെ!) ആവശ്യമില്ലാത്ത സംരക്ഷണവും നിയന്ത്രണങ്ങളും നിറഞ്ഞ രീതിയായിരുന്നു അത്. കാലക്രമേണ എനിക്ക് അത് എതിർക്കേണ്ടതായും മറികടക്കേണ്ടതായും വന്നു.

ഒരുപാടു കാലം ഞാൻ വംശീയത സ്വാംശീകരിച്ച ആളായിരുന്നു. ദക്ഷിണേന്ത്യക്കാരിയെന്ന സ്വത്വം മറന്ന് വെള്ളക്കാരുടെ സമൂഹത്തിന്റെ ഭാഗമായി തീരാൻ ഞാൻ ആഗ്രഹിച്ചു. ഇരുപതുകളിലാണ് ഞാൻ രാഷ്ട്രീയവത്ക്കരിക്കപ്പെട്ട നിറങ്ങളുള്ളവരെ (people of colour or poc, വെള്ളക്കാരോ കറുത്തവർഗ്ഗക്കാരോ അല്ലാത്ത, ഏഷ്യയിലെ പല രാജ്യങ്ങളിൽ നിന്നും പാശ്ചാത്യ രാജ്യങ്ങളിൽ കുടിയേറി പാർത്തവർ) കാണുന്നത്. അപ്പോഴാണ് ഞാൻ അന്വേഷിക്കുന്ന ഇടം കാനഡക്കാരായ വെള്ളക്കാരുടെയോ പരമ്പരാഗത മലയാളിയുടെയോ അല്ല, മൂന്നാമതൊന്നാണെന്ന് മനസ്സിലാവുന്നത്. ഞാൻ യൂറോപ്യൻ സാഹിത്യവും തത്വശാസ്ത്രവും പഠിച്ചുവെങ്കിലും മറ്റേതിനും പകരം വയ്ക്കാനാവാത്ത ഏകമായ സംസ്ക്കാരം എന്ന സങ്കൽപ്പത്തിനെതിരെ യാത്ര ചെയ്യാനും അനേകം കാഴ്ചകളുണ്ടെന്ന തിരിച്ചറിവുണ്ടാവാനും അത് സഹായിച്ചു. എനിക്ക് ഒരു 'ഫെമിനിസ്റ്റ്' ആണെന്ന് സ്വയം പറയാൻ കഴിഞ്ഞത് ഒരുപാട് 'നിറങ്ങളുള്ള' (poc) ഫെമിനിസ്റ്റുകളെയും ക്വിയർ ഫെമിനിസ്റ്റുകളെയും പഠിച്ചപ്പോഴാണ്. അതെന്റെ ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ വഴിത്തിരിവുണ്ടാക്കി. ഞാൻ എന്നയാൾ എന്റെ പലതരം അനുഭവങ്ങളുടെ – കുടുംബത്തിന്റെ, വംശത്തിന്റെ, സംസ്ക്കാരത്തിന്റെ, ലൈംഗികതയുടെ, വർഗ്ഗത്തിന്റെ ഒക്കെ അനന്തഫലമാണെന്ന് മനസ്സിലാക്കാൻ അത് സഹായിച്ചു.

അങ്ങിനെ ഞാൻ സ്ത്രീപ്രസ്ഥാനങ്ങളുടെ കൂടെയും പാർശ്വവത്ക്കരിക്കപ്പെട്ട ജനസമുദായങ്ങളുടെ കൂടെയും ഒക്കെ ജോലി ചെയ്യാൻ തുടങ്ങി. മാനസികപ്രശ്നങ്ങളുള്ളവർ, തെരുവിലുള്ളവർ, അക്രമിക്കപ്പെട്ട സ്ത്രീകൾ അങ്ങനെപലരും. അപ്പോൾ എങ്ങിനെയാണൊരാൾ തന്റേതല്ലാത്ത സമുദായങ്ങളോട് ബന്ധപ്പെട്ടിരിക്കുന്നത് എന്ന ചോദ്യം വന്നു. അങ്ങനെയാണ് എനിക്കെന്റെ സമുദായത്തെ അടുത്തറിയേണ്ട ആവശ്യം ഉണ്ടായത്. ഒരുപാട് കാര്യങ്ങൾ ഒരേ തീർപ്പിലെത്തിച്ചു. എന്തെങ്കിലും എഴുതണമെങ്കിലോ സൃഷ്ടിക്കണമെങ്കിലോ സ്വന്തം സമുദായത്തെ അറിയാതെ പറ്റില്ല എന്നു വന്നു. കറുത്തവരുടെ സംസ്ക്കാരവും രാഷ്ട്രീയവും ഫെമിനിസവുമൊക്കെ എന്നെ വളരെയധികം സ്വാധീനിച്ചിരുന്നു. അങ്ങിനെ– എന്റെ വേരുകളെ അറിയാനുള്ള യാത്രയായാണ് ഞാൻ ആദ്യം കേരളത്തിലേക്കു വന്നത്. ഇപ്പോഴും ഞാൻ ഒരു തരത്തിൽ അതുതന്നെയാണ് ചെയ്യുന്നത് എന്ന് തോന്നുന്നു.

പക്ഷേ കേരളത്തിൽ വന്നതിനു ശേഷവും ഞാൻ അവിടെയും ഇവിടെയുമല്ല. പക്ഷേ, അതൊരു ബുദ്ധിമുട്ടായി ഇപ്പോൾ തോന്നുന്നില്ല. ഞാൻ വന്നത് ഒരു ക്വിയർ ആക്ടിവിസ്റ്റായിട്ടല്ല. പക്ഷേ, മുമ്പ് അത് ചെയ്തിരുന്നതിനാൽ അത്ഭുതപ്പെടാനൊന്നുമില്ല.


എന്നെ ആളുകൾ ഇപ്പോഴും ഇവിടെ കാണുന്നത് പലപ്പോഴും ഒരു കാനഡക്കാരിയോ, പാശ്ചാത്യ രാജ്യക്കാരിയോ ആയിട്ടാണ്. ഞാൻ ഒരു ക്വിയർ ഫെമിനിസ്റ്റ് ഓഫ് കളർ ആയിട്ടാണ് ഫെമിനിസത്തിലേക്ക് വന്നത്. പലതരം പാർശ്വവത്ക്കരണങ്ങളും അനുഭവിച്ചും എതിർത്തുമാണ് ഞാനതായത്. എന്നാൽ ഇവിടെ ഞാൻ എന്റെ ജാതി, വർഗ്ഗം, കുടിയേറ്റക്കാരുടെ പണം തുടങ്ങിയ വിശേഷാധികാരങ്ങളാൽ വീണ്ടും ഒരു 'വൈറ്റ് ഫെമിനിസ്റ്റ്' ആണ്. അങ്ങനെ വേലിയുടെ ഇരുവശത്തുനിന്നും കാര്യങ്ങൾ കാണാനുള്ള അവസരം എനി

ക്കുണ്ടായി. ജാതിയുടെയും മറ്റും വിഷയങ്ങളിൽ ഒരു 'വൈറ്റ് ഫെമിനിസ്റ്റ്' എങ്ങനെ എന്നോട് പെരുമാറിയാലാണ് എനിക്ക് ന്യായമായി തോന്നുക, അതു പോലെ പെരുമാറാൻ ഞാൻ ബോധപൂർവ്വം ശ്രമിക്കുന്നു. ഇങ്ങനെപരസ്പരം ഒത്തുനോക്കലും പുനർവിചിന്തനവും ഒക്കെ ഒരിക്കലും തീരാത്ത കാര്യങ്ങളാണ്.

## കേരളത്തിലെത്തിയ ക്വിയർ ഫെമിനിസ്റ്റ്

(1999ലും 2000ത്തിലും) ഞാനിവിടെ വന്നപ്പോൾ സമൂഹം ഇപ്പോഴുള്ളതിനേക്കാൾ യാഥാസ്ഥിതികമായിരുന്നു. ഞാൻ ദക്ഷിണപൂർവ്വേഷ്യയിലെ പല ഭാഗങ്ങളിലും മാസങ്ങളോളം യാത്ര ചെയ്താണ് ഇവിടെയെത്തിയത്, 31ാം വയസ്സിൽ. എന്നിട്ടും എന്റെ ബന്ധുക്കൾ അന്നൊന്നും സന്ധ്യക്ക് ഏഴുമണിക്ക് ശേഷം എന്നെ ഒരാൾ കൂടെയില്ലാതെ വിടില്ല. എന്തുകൊണ്ടാണ് വിവാഹം നടക്കാതെ പോയത്? ആരെയെങ്കിലും കണ്ടുപിടിച്ചു തരട്ടെ, എന്നൊക്കെ എല്ലാംവരും ചോദിച്ചുകൊണ്ടേയിരുന്നു. ബന്ധുക്കളോ ആദ്യമായി കാണുന്നവരോ, എല്ലാവരും. വിവാഹം കഴിയുന്നതു വരെ പെൺകുട്ടികൾക്ക് പ്രത്യേകിച്ചും ലൈംഗികത നിഷിദ്ധമാണെന്ന ഒരു ചട്ടവും കുടുംബത്തിൽ ശക്തമായി ഉണ്ടായിരുന്നു. പക്ഷേ, ഞാൻ അത്തരം കാര്യങ്ങളിൽ അനുഭവസമ്പന്നയായിരുന്നു. എന്റെ ബന്ധുക്കളുടെ കൂടെ താമസിച്ചിരുന്നപ്പോൾ എന്റെ ഇവിടുത്തെ അനുഭവവും ചെറുതായിരുന്നു. ഒരേ ജാതിയിൽപ്പെട്ട, ഒരേ പോലുള്ളവരുടെ കൂടെ ചങ്ങാത്തമുണ്ടാക്കുന്നതായിരുന്നു അവർക്ക് താല്പര്യം. ഒരിക്കലും അവരങ്ങനെ തുറന്ന് പറഞ്ഞില്ലെങ്കിലും എനിക്ക് അങ്ങനെയാണ് തോന്നിയത് എനിക്ക് കാഴ്ചയിൽപ്പെടാത്ത ആ ഇന്ത്യ, ആ കേരളം, അത് ഞാൻ അന്വേഷിച്ചുകൊണ്ടിരുന്നു. ഞാൻ ഒരു ബൈസെക്ഷ്വൽ ആയാണ് സ്വയം കരുതിയത്. അതായത് ഇവിടുത്തെ ആളുകൾ നല്ലതെന്ന് കരുതുന്നത് പോലെ ഒരാണിനെ കണ്ടെത്തി സ്നേഹിക്കാനോ വിവാഹ ചെയ്യാനോ ഒരു ബുദ്ധിമുട്ടും എനിക്കുണ്ടായിരുന്നില്ല. എങ്കിലും ഇവിടെ ഒരു ലെസ്ബിയനായിരിക്കുക എന്തൊരു ബുദ്ധിമുട്ടാവും എന്നു ഞാൻ ചിന്തിച്ചു. കേരളത്തിൽ ഒരു ലെസ്ബിയനെപോലെ പാർശ്വവത്ക്കരിക്കപ്പെട്ടത് ഒരു ലൈംഗികത്തൊഴിലാളി മാത്രമാകണം, ഞാൻ കരുതി.

ഇവിടെ അങ്ങിനെ ഒരു സമൂഹത്തെ കാണാൻ ശ്രമിച്ചപ്പോൾ അവർ ശരിക്കും ബുദ്ധിമുട്ടുന്നവരായിരുന്നു. പക്ഷേ, ഒരുപാട് ലെസ്ബിയൻ 'തെറിക്കഥകളും' പോർൺഫിലിമും ഒക്കെ എളുപ്പം കിട്ടുമെന്ന് എനിക്ക് മനസ്സിലായി. ഇവിടെ കാര്യങ്ങൾ അറിയാത്തവരല്ല ആളുകളെന്നും. പക്ഷേ, വിമതലൈംഗികത അവകാശപ്പെടുന്നവർക്ക് ആത്മാഭിമാനത്തോടെ



*കാനഡയിൽ അവസാനമായി ജോലി ചെയ്ത സ്ഥാപനം (1998)*

ചെല്ലാവുന്ന ഇടങ്ങൾ ഇവിടെയില്ലായിരുന്നു, പല പുരോഗമന ഇടങ്ങളിൽ പോലും.

അങ്ങനെ അന്വേഷണത്തിന്റെ ഭാഗമായി ഞാൻ പല എൻ.ജി.ഒ കളെയും ബന്ധപ്പെട്ടു. ബാംഗ്ലൂരിലെ സംഗമ, ഡൽഹിയിലെ സംഗിനി (ഭാരതത്തിലെ ആദ്യത്തെ ലെസ്ബിയൻ ഹെൽപ്പ് ലൈൻ തുടങ്ങിയത് അവരാണ്). അവരൊക്കെയാണ് കേരളത്തിൽ എന്തെങ്കിലും ചെയ്തുകൂടെയെന്ന് ചോദിച്ചത്. സംഗമയിലെ മനോഹർ കേരളത്തിലെ ലെസ്ബിയൻ ആത്മഹത്യകളെക്കുറിച്ച് ഒരു പഠനം ചെയ്തു കൂടെ എന്നു ചോദിച്ചു. സംഗമയിലെ ഓൺലൈൻ ശേഖര (Resources) ങ്ങളുപയോഗിച്ച് ഞാൻ കേരളത്തിലുണ്ടായ ലെസ്ബിയൻ ആത്മഹത്യ എന്നു പറയാവുന്ന ഇരുപത്തിമൂന്ന് മരണങ്ങൾ കുറച്ചു വർഷങ്ങളിലെ പത്രങ്ങളിൽ നിന്ന് കണ്ടെത്തി. ഡൽഹിയിലെ 'കാത്ത്' ആണ് ക്വിയർ സ്ത്രീകൾക്കായി ഒരു ഹെൽപ്പ് ലൈൻ തുടങ്ങുന്ന കാര്യം പറഞ്ഞത്. അങ്ങനെ കേരളത്തിലെ ക്വിയർസ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പ്രൊജക്റ്റ് ഉണ്ടാക്കാൻ തീരുമാനിച്ചു. അതിനു സഹകരിക്കാൻ സാധ്യതയുള്ളവർ എന്ന നിലയിൽ കേരളത്തിലെ സ്ത്രീപ്രസ്ഥാനങ്ങളെ സമീപിക്കാനാണ് ഞാൻ ആദ്യം ശ്രമിച്ചത്. കാനഡയിൽ ഒരുപാട് ക്വിയർസ്ത്രീകൾ ഫെമിനിസ്റ്റ് സംഘടനകളിൽ ജോലി ചെയ്യുന്നത് എനിക്കറിയാമായിരുന്നു. പക്ഷേ, ഇവിടുത്തെ സ്ത്രീപ്രസ്ഥാനത്തി





ലുള്ളവർ ലൈംഗികതയുടെ രാഷ്ട്രീയം പറയുമ്പോൾ അനുകൂലമായ നിലപാടെടുക്കാൻ മടിയുള്ളവരായിരുന്നു. അങ്ങനെ ഞാൻ ഒരു പാടുകാലം മുഖ്യധാരാസ്ത്രീപ്രസ്ഥാനത്തിന്റെ പുറത്തായിരുന്നു. അതെന്നെ വേദനിപ്പിക്കുകയും ചെയ്തു എന്നു പറയാതിരിക്കാനാവില്ല. 2006-2007കളിൽ നമ്മൾ തുടങ്ങിയ യംഗ് ഫെമിനിസ്റ്റ് മീറ്റിലാണ് ആദ്യമായി അംഗീകരിക്കപ്പെട്ടതായി തോന്നിയത്.

ആദ്യം എല്ലാവരും എന്നോട് യോജിക്കാൻ സാധ്യതയുള്ളവർ എന്ന നിലയിൽ മൈത്രേയന്റേയും ജയശ്രീയുടേയും പേരാണ് പറഞ്ഞത്. ഞങ്ങൾക്കിടയിൽ ഒരുപാട് പൊതുവായ കാര്യങ്ങളും അഭിപ്രായവ്യത്യാസങ്ങളുമുണ്ടായിരുന്നു. അന്നും സ്ത്രീപ്രസ്ഥാനത്തിൽ വിടവുണ്ടാക്കിയത് ഇവർ ലൈംഗികത്തൊഴിലാളികളെ സംഘടിപ്പിച്ചു എന്നുപറഞ്ഞാണ്. 'ലൈംഗികത്തൊഴിൽ ചെയ്തിരുന്ന കിയർ കൂട്ടുകാരും തെരുവുകളിലെ പരിചയക്കാരും ഉണ്ടായതിനാൽ എനിക്ക് മുഖ്യധാരാസ്ത്രീപ്രസ്ഥാനത്തേക്കാൾ അടുപ്പം ഇവരോടുണ്ടായിരുന്നു. പക്ഷേ, ഫെമിനിസത്തിലെ പ്രധാനഭാഗങ്ങൾ ഈ പ്രവർത്തനത്തിൽ ഇല്ലാതിരുന്നത് ഒരു പോരായ്മ ആയിരുന്നു. അതായത്, ലൈംഗികത്തൊഴിൽ ചെയ്യുന്നവരുടെ അനുഭവങ്ങൾ തന്നെയാകണം അവരെക്കുറിച്ചുള്ള രാഷ്ട്രീയനിലപാടുകളുടെ കേന്ദ്രം എന്നെനിക്ക് തോന്നുന്നു. അവരുടെ ജോലി തെരഞ്ഞെടുക്കാനുള്ള അവകാശത്തോടൊപ്പം തന്നെ ലൈംഗികമോ അല്ലാത്തതോ ആയ 'വാണിഭ'ങ്ങൾ ചെറുക്കപ്പെടേണ്ടതാണ് എന്നും ഞാൻ കരുതുന്നു. ലൈംഗികത്തൊഴിലിനെയോ ട്രാൻസ് അനുഭവങ്ങളെക്കുറിച്ചോ പറയുന്ന സമയത്തു തന്നെ പുരുഷാധിപത്യ അധികാരവ്യവസ്ഥിതിയേയോ ലൈംഗികപീഡനങ്ങളോ മറന്നുപോകുന്നത് ശരിയല്ല.

***ലെസ്ബിയൻ ആത്മഹത്യാ പഠനത്തിന്റെ ഭാഗമായി മൂലമറ്റത്ത് ആദിവാസി കുടുംബത്തോടൊപ്പം സഹയാത്രിക ടീം***



## 'സഹയാത്രിക'യിലേക്ക്

അതു തുടങ്ങിയത് FIRM ന്റേയും ബാംഗ്ലൂരിലെ സംഗമയുടേയും പ്രൊജക്ട് ആയാണ്. ഒരു പരീക്ഷണപ്രൊജക്ടായി തുടങ്ങിയപ്പോൾ ഇത്രയും കാലം ഇതിനുവേണ്ടി ചെലവാകും എന്നു കരുതിയില്ല. ഏഴെട്ടുപഠനങ്ങൾ അടങ്ങിയ പത്തുമാസത്തെ പ്രൊജക്ടായിരുന്നു ആദ്യം. ലെസ്ബിയൻ, ബൈസെക്ഷ്വൽ സ്ത്രീകളെയും ട്രാൻസ് ആണുങ്ങളെയും ഫോണിലൂടെയും കത്തുകളിലൂടെയും ഞങ്ങൾ ബന്ധപ്പെട്ടു. കേരളത്തിനു പുറത്തു നിന്നും LGBT ആക്ടിവിസ്റ്റുകളെ കൊണ്ടുവന്ന് അവബോധവർക്ക് ഷോപ്പുകൾ സംഘടിപ്പിച്ചു. പ്രൊജക്ട് കഴിഞ്ഞതിനു ശേഷവും പരസ്പരം ബന്ധം നിലനിർത്തണമെന്ന് വന്ന ആക്ടിവിസ്റ്റുകൾ പറഞ്ഞു. അങ്ങനെ നമ്മൾ കണ്ടുമുട്ടിയ എല്ലാവരെയും ചേർത്ത് പിന്നെയും മീറ്റിംഗ് വിളിച്ചു. അതിലെ ഗേ, ബൈസെക്ഷ്വൽ ആണുങ്ങൾ, 'വാതിൽ' എന്ന സംഘടനയുണ്ടാക്കി.

സഹയാത്രികയുടെ പ്രൊജക്ട് കഴിഞ്ഞപ്പോൾ കൂടെയുണ്ടായിരുന്നവരിൽ ചിലർ ഫണ്ടിംഗിനെതിരെ സംസാരിച്ചു. FIRM ഉം വാതിലുമായി സഹകരിച്ചു പ്രവർത്തിച്ച് ഒരുവർഷമാവുന്നതിന് മുമ്പ് തന്നെ ഒരുപാട് പ്രശ്നങ്ങൾ അനുഭവിക്കുന്നവർ ഞങ്ങള അന്വേഷിച്ചു വന്നു. ആ വർഷം നമ്മളുടെ കൂടെ വീടില്ലാത്ത, ജോലിയില്ലാത്ത, ഒളിച്ചോടി വന്ന ലെസ്ബിയൻ/ട്രാൻസ് കമിതാക്കൾ വന്നുചേർന്നു. ഞാൻ 'ലെസ്ബിയൻ' സ്വത്വത്തെക്കുറിച്ച് പറയുമ്പോൾ പൊതുവെ കേൾക്കുന്നത് അതൊരു മുകൾത്തട്ടിലുള്ളവരുടെ പ്രശ്നമാകും എന്നൊക്കെയാണ്. പക്ഷേ, അത് ശരിയല്ല. ആത്മഹത്യ ചെയ്തവരുടെ പഠനത്തിലും മറ്റും ദലിതരും ആദിവാസികളും മുസ്ലിങ്ങളുമായി പലപാർശ്വവത്ക്കരിക്കപ്പെട്ടവരുമുണ്ടായിരുന്നു.

എന്തായാലും ഞങ്ങളുടെ അടുത്ത് വന്നുചേർന്നവരിൽ പലരും ഒരു നഗരത്തിലെ മധ്യവർഗ്ഗ കിയർ സംഘടനകളിൽ കാണാൻ സാധ്യതയില്ലാത്തവരായിരുന്നു. (ഗുജറാത്തിലെ മായാശർമ്മയുടെ ഗ്രൂപ്പ് മാത്രമാണ് അപ്പോൾ ഗ്രാമങ്ങളിലെയും തൊഴിലാളികളിലെയും കിയർ സ്ത്രീകളെയും ട്രാൻസ് ആളുകളെയും സംഘടിപ്പിച്ചിരുന്നത്) നന്ദുവും ഷീലയുമടക്കം പലരും ഉണ്ടായിരുന്നു നമ്മളുടെ ഗ്രൂപ്പിൽ. 2003-2004ലെ വേൾഡ് സോഷ്യൽ ഫോറത്തിൽ നമ്മൾ ഇവരെയെല്ലാവരെയും കൊണ്ടുപോയി. അവിടെവച്ച് പല ഭാഷകളിൽ നിന്നും സംസ്കാരങ്ങളിൽ നിന്നും വന്ന കിയർ ഗ്രൂപ്പുകളെ കണ്ടുമുട്ടുകയും അത് ഞങ്ങൾക്ക് കൂടുതൽ വെളിവുണ്ടാക്കുന്ന അനുഭവമായി മാറുകയും ചെയ്തു.

ഞാനന്നു വാങ്ങിയ മൊബൈൽ ഫോണാണ് ഹെൽപ്പ്ലൈൻ നമ്പറായി പ്രവർത്തിച്ചത്. കേരളത്തിൽ ലെസ്ബിയൻ സ്ത്രീകളില്ല എന്നതിൽ തുടങ്ങി ആത്മഹത്യ പഠനങ്ങളിലൂടെ അവരെ അടുത്തു മനസ്സിലാക്കി പിന്നീട് ഈ ഹെൽപ്പ് ലൈൻ നമ്പറിലൂടെയും മറ്റും പഠനങ്ങളിലെ അതേ കഥകൾ സ്വന്തമായുള്ള  ജീവൻ തുടിക്കുന്ന ലെസ്ബിയൻ/ ക്വിയർസ്ത്രീകളെ കണ്ടുമുട്ടുന്നതിൽ വരെ ഞങ്ങളെത്തി. ഇവർ സ്വന്തമായി രാഷ്ട്രീയവും കാഴ്ചപ്പാടും ഉള്ളവരായിരുന്നു എന്നായിരുന്നു എല്ലാവരും പറഞ്ഞത്. ഞങ്ങൾ പ്രശ്നങ്ങളിൽ ഇടപെട്ട ലെസ്ബിയൻ സ്ത്രീകളുടെ  സമാനമായ കഥകൾ തന്നെയാണ് ആത്മഹത്യാ പഠനത്തിലുള്ളത്. ഇന്നൊക്കെ അവർക്ക് കുറച്ചുകൂടി ഉറക്കെ കാര്യങ്ങൾ പറയാൻ കഴിയുന്നു എന്നത് ഒരു  പുരോഗതി തന്നെയാണ്.

അന്ന് നന്ദുവിനും  ഷീലയ്ക്കും വേണ്ടി ഹെൽപ്ലൈനും  ഷെൽട്ടറുമൊക്കെയുള്ള ഒരു പ്രൊജക്റ്റ്  മൈത്രേയനും ജയശ്രീയും തയ്യാറാക്കി. കേരളത്തിൽ നിന്നുള്ള രണ്ടുപേർ തന്നെ അതു ചെയ്യുന്നതിൽഎനിക്കും സന്തോഷമുണ്ടായിരുന്നു. പ്രൊജക്ട് ശരിയായപ്പോൾ ഒരു മീറ്റിംഗ് നടന്നു. അതിൽ മൈത്രേയന്റെ ആഗ്രഹം ലൈംഗികത്തൊഴിലാളി പ്രസ്ഥാനത്തിന്റെ മാതൃകയിൽ അത് ചെയ്യണമെന്നായിരുന്നു. ഈ വിഭാഗങ്ങളുടെ ദൃശ്യതയായിരുന്നു അതിലെ പ്രധാന കാര്യം. ക്വിയർസ്ത്രീകളുടെ കാര്യത്തിൽ അത് ശരിയാവില്ല, അവർക്ക് താല്പര്യമുണ്ടെങ്കിൽ മാത്രമേ അവർ പുറത്ത് വരേണ്ടതുള്ളൂ എന്നെനിക്ക് തോന്നി. ഇതുവരെ നമ്മുടെ കൂടെയുണ്ടായിരുന്ന എല്ലാ ജോഡികളെയും ഒറ്റപ്പെട്ടവരെയും അതിന്റെ ഭാഗമാക്കണമെന്ന് ഞാൻ പറഞ്ഞപ്പോൾ FIRM ന് നന്ദുവിന്റെയും ഷീലയുടെയും പേരിൽ മാത്രമാണ് താല്പര്യമുണ്ടായത്. ഇതൊക്കെ പറഞ്ഞ് ഞാനും മൈത്രേയനും വഴക്കായി. എനിക്ക് FIRMൽ നിന്ന് രാജിവെക്കേണ്ടതായും വന്നു. എന്നാലും നന്ദുവിനെയും ഷീലയെയും അതിനുശേഷവും ജോലിയിൽ പിന്തുണയ്ക്കും എന്നൊക്കെ വാക്കു കൊടുത്താണ് ഞാൻ പോയത്. അവരുടെ പ്രൊജക്ടിന്റെ പേര് സ്നേഹപൂർവ്വം എന്നായിരുന്നു.. അപ്പോഴൊന്നും സഹയാത്രിക ഉണ്ടായിരുന്നില്ല. പക്ഷേ ആവശ്യമുള്ളപ്പോഴൊക്കെ നമ്മൾ ആ പേര് ഉപയോഗിച്ചു പോന്നു. അടുത്ത വർഷം കോട്ടയത്ത് രേഷ്മ ഭരദ്വാജിന്റെ വീട്ടിൽ ക്വിയർ സമുദായത്തിൽപ്പെട്ടവരുടെ ഒരു മീറ്റിംഗ് നടന്നു. രേഖരാജ്, എലിസബത്ത്, ഫമീല, അനില ജോർജ്ജ് തുടങ്ങിയവർ അതിൽ പങ്കെടുത്തു. ഫെമിനിസം, ജാതി, വർഗ്ഗം  എന്നീ വിഷയങ്ങളാണ് സമുദായാംഗങ്ങളുമായി ചർച്ചയുണ്ടായത്. പ്രശ്നങ്ങളിൽപ്പെട്ട ആളുകൾ വീണ്ടും രേഷ്മയുടെയും ആര്യന്റെയും അടുത്തൊക്കെ സ്ഥിരമായി



**സഹയാത്രിക മീറ്റിംഗ് 2016**

വന്നു. 2003ൽ പ്രൊജക്റ്റ്  അവസാനിച്ചു.

2004-2007  സമയത്ത് തൃശൂരിൽ ഫണ്ടില്ലാത്ത പ്രൊജക്റ്റായിരുന്നു 'സഹയാത്രിക'. ബീന അന്നെന്നോട് കത്തുകളിലും മറ്റും സംസാരിച്ചു. പുതിയ ഒരു സംഘടന വേണമെന്ന് പറഞ്ഞു. നിലവിലുണ്ടായിരുന്ന ചില സംഘടനകളുടെ ചില കാര്യങ്ങൾ ശരിയല്ല, പുതിയതായി എന്തെങ്കിലും ചെയ്യണമെന്ന് വന്നു. അങ്ങിനെ ഞങ്ങൾ അറിയാവുന്ന ലെസ്ബിയൻ ബൈസെക്ഷ്വൽ സ്ത്രീകളോടും ഫീമെയിൽ ടു മെയിൽ ട്രാൻസ്ജെൻഡർ ആളുകളോടുമൊക്കെ എന്താണ് ചെയ്യേണ്ടതെന്ന് ചോദിച്ചു. ഒരു ട്രസ്റ്റ് രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചു. സ്ത്രീകളായി ജനിച്ച (female born) വിമതലൈംഗികരെയാണ് ഞങ്ങൾ സഹയാത്രികയിൽ പരിഗണിച്ചത്. സ്ത്രീകളായി മാറുന്ന ആണുങ്ങളുടെ പ്രശ്നങ്ങൾ വളരെ വ്യത്യസ്തമാണ്. അവരോടും പല ക്വിയർ സംഘടനകളോടും സഹകരിച്ചാണ് ഞങ്ങൾ പ്രവർത്തിച്ചത്.

ആദ്യത്തെ ബോർഡിൽ ഞാനും സമുദായക്കാരും മാത്രം മതിയെന്നാണ് ആലോചിച്ചത്. പക്ഷേ ഞങ്ങൾ ഇടപെട്ടിരുന്ന പ്രശ്നങ്ങൾ വളരെ ഗുരുതരമായിരുന്നു. വീട്ടുതടങ്കൽ, നിർബന്ധമായി പിരിക്കൽ, നിർബന്ധമായി ഭ്രാന്തിനു ചികിത്സിക്കൽ തുടങ്ങി. വളരെയധികം ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളിൽ ജീവിക്കുന്ന പാർശ്വവത്ക്കരിക്കപ്പെട്ടവരാണ് സമുദായക്കാർ. അതുകൊണ്ടു തന്നെ ബോർഡിൽ കുറച്ചുകൂടി  രാഷ്ട്രീയ, സാംസ്ക്കാരിക മൂലധനമുള്ളവരെ ഉൾപ്പെടുത്തുന്നത് നല്ലതാവും എന്നു തോന്നി. രേഷ്മ ഭരദ്വാജ്, മായ എസ്, ഡോ.ജയശ്രീ അങ്ങനെപലരെയും ചേർത്താണ് ഞങ്ങൾ ബോർഡുണ്ടാക്കിയത്. സാമുദായികാംഗങ്ങൾ മാത്രമുള്ള സ്റ്റിയറിംഗ് കമ്മിറ്റിയിലാണ് തീരുമാനങ്ങൾ എടുക്കുക എന്നാണ് ആദ്യം കരുതിയത്. പക്ഷെ പല കാരണങ്ങളാൽ അത് നട




ന്നില്ല. പിന്നെ ഫണ്ടിംഗ് ലഭിക്കാൻ തുടങ്ങിയപ്പോൾ തീരുമാനങ്ങൾ കമ്മിറ്റിയിൽ നിന്നും പ്രൊജക്റ്റ് സ്റ്റാഫുകളിലെത്തി.

പക്ഷേ, പലപ്പോഴും ഫണ്ടിങ്ങില്ലാതെ നമ്മൾക്ക് പ്രവർത്തിക്കേണ്ടി വന്നു. ആദ്യത്തെ ഫണ്ടിംഗ് സംഗമയിൽ നിന്നാണ് വന്നത്. അത് പ്രവർത്തനങ്ങൾക്ക് മാത്രം. ഒരു ലെസ്ബിയൻ ജോടികൾ അന്ന് ശമ്പളമില്ലാതെയാണ് പണിയെടുത്തത്. ഓഫീസുണ്ടായിരുന്നില്ല. പക്ഷേ ഹെൽപ്പ് ലൈനും മറ്റു ചില പൊതു പരിപാടികളും ഉണ്ടായിരുന്നു. പക്ഷേ, 377-ാം വകുപ്പിന്റെ കാര്യത്തിൽ കേരളത്തിൽ പ്രതിഷേധമുണ്ടായില്ല. പിന്നെയും ഒരുപാട് ആത്മഹത്യകൾ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. അന്നാണ് നമ്മൾ 'ഇടം' എന്ന കേരളത്തിലെ ആദ്യത്തെ വിമതരാഷ്ട്രീയ, സാംസ്ക്കാരിക സംഗമം സംഘടിപ്പിച്ചത്.

അത് കേരളത്തിലെ ഫെമിനിസ്റ്റുകളെയും ക്വിയർ രാഷ്ട്രീയ പ്രവർത്തകരെയും അങ്ങിനെ പലരെയും ഒരുമിച്ചു കൊണ്ടു വന്ന ആദ്യത്തെ സംഗമമായിരുന്നു. പല രീതിയിലും വിജയിച്ച ഒന്നായിരുന്നു അത്. നല്ല മാധ്യമ ശ്രദ്ധയും അതിനുണ്ടായിരുന്നു.

പിന്നെ പല വിമതസമുദായങ്ങളിൽ പെട്ടവരെയും ജോലിക്കാരാക്കി പല പ്രൊജക്ടുകൾ ചെയ്തു, സ്റ്റാഫുകളുടെ ഇടയിലും മറ്റും പലതരം ധാരണാ പ്രശ്നങ്ങളിൽ എപ്പോഴും ഇടയിൽ നിൽക്കേണ്ടി വന്നു. സമുദായത്തിൽപെട്ടവർ തീരുമാനങ്ങൾ എടുക്കണം എന്ന രീതിയിൽ തന്നെയാണ് തീരുമാനിച്ചിരുന്നത്. പക്ഷേ പലപ്പോഴും ഈ തീരുമാനങ്ങൾ പ്രായോഗികമായി നടക്കാൻ സാദ്ധ്യതയില്ലാത്തതോ ബുദ്ധിമുട്ടേറിയതോ ഒക്കെയായി. അതുകൊണ്ട് രേഖാരാജ്, പൊന്നി, രേശ്മ രാധാകൃഷ്ണൻ, ഡോ.ജയശ്രീ, ഞാൻ എന്നിവർ ഉള്ള ഒരു ബോർഡു വീണ്ടുമുണ്ടാക്കി. ഈ ബോർഡുണ്ടാക്കിയപ്പോൾ മാനേജിംഗ് ട്രസ്റ്റിയുടെ പോസ്റ്റിൽ നിന്ന് രാജി വെക്കാൻ തീരുമാനിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടറെ തിരഞ്ഞെടുക്കാൻ തീരുമാനിച്ചു. സുമതിയും സുനിലും വരാമെന്നേറ്റതായിരുന്നു. പിന്നേയും ഫണ്ടിംഗിന്റെ കാര്യത്തിൽ പ്രശ്നമുണ്ടായി. ഒരു സമുദായ സ്റ്റാഫ് ആത്മഹത്യ ചെയ്യുന്നത്. സംഘടന വളരെ മോശം അവസ്ഥയിലേക്ക് പോയികൊണ്ടിരിക്കുകയിരുന്നു. അപ്പോഴാണ് നമ്മൾ ശരത്തിനെ ഇ.ഡി.പോസ്റ്റിൽ എടുക്കാൻ തീരുമാനിക്കുന്നത്. ശരത്ത് സംഘടനയെ മുഖ്യധാരയിലെത്തിക്കാനും നല്ല പിന്തുണ ഉണ്ടാക്കിയെടുക്കാനും അധ്വാനിക്കുന്നയാളാണ്. ഇതേ സമയം പ്രസ്ഥാനവും രണ്ടാമതും ശക്തിപ്രാപിക്കാൻ തുടങ്ങി. ഇപ്പോൾ ഒരുപാട് പുതിയ പ്രവർത്തകരും സംഘടനകളും ഉണ്ട്.

പാർശ്വവത്ക്കരിക്കപ്പെട്ട ഇടങ്ങളിൽ നിന്നു വരുന്ന, വ്യക്തിപരമായി തന്നെ ബുദ്ധിമുട്ടുന്ന സമുദായാംഗങ്ങളുടെ അടുത്തു നിന്നും കാര്യങ്ങൾ മുഖ്യധാരയിൽ എത്തിക്കാൻ വേണ്ടി പല പൊതു പ്രവർത്തകരുടെയും സഹായികളുടെയും സഹകരണം ഉണ്ടായിട്ടുണ്ട്. പക്ഷേ, ഇതു കാരണം തീരുമാനങ്ങൾ എടുക്കുന്നതിന്റേയും നേതൃത്വത്തിന്റേയുമൊക്കെ ഗതിയിൽ മാറ്റമുണ്ടായി. കേരളത്തിൽ ഇന്നു പ്രവർത്തിക്കുന്ന ക്വിയർ സംഘടനകൾ നേരിടുന്ന പ്രധാനപ്രശ്നവും ഇതുതന്നെയാണ്. എങ്ങനെയാണ് തീരുമാനമെടുക്കാനുള്ള അവകാശം പൊതു പ്രവർത്തകരിൽ നിന്ന് സമുദായാംഗങ്ങളിലേക്ക് തിരിച്ചു കൊണ്ടുവരാൻ ആവുക എന്നതാണ് ചോദ്യം.

ഒരുപാട് കാലമായി രാജി വെക്കാൻ കാത്തിരുന്ന ഞാൻ ശരത്ത് ചേർന്ന് ഒരു വർഷത്തിനു ശേഷം അത് ചെയ്തു. ഇപ്പോഴും സംഘടനയെ പിന്തുണയ്ക്കുന്ന സമുദായാംഗമാണ് ഞാൻ. 2001-02ൽ തുടങ്ങിയ പ്രവർത്തനം ഇപ്പോഴാണ് ഒന്നു നിർത്താൻ കഴിഞ്ഞത്. ഇനിയും ഉത്തരവാദിത്തങ്ങളുള്ള സ്ഥാനങ്ങളിൽ ഇരുന്നാൽ ഇനിയും എന്റെ ജീവിതത്തിൽ സഹയാത്രിക മാത്രമാവും.



2015 ൽ പാട്ണർ പ്രഗ്യയുടെ കൂടെ

## പുനരവലോകനം, ഭാവി പരിപാടികൾ

സഹയാത്രികയുടെ കൂടെ യാത്ര ചെയ്യാൻ കഴിഞ്ഞതും മറ്റും ഒരു ചരിത്രപരമായ നിമിത്തമായാണ് ഞാൻ കരുതുന്നത്. ഇവിടെ 'msm' സമുദായത്തിനിടയിൽ എയിഡ്സ് തടയാനുള്ള പ്രവർത്തനങ്ങളും ആൺ ലൈംഗികത്തൊഴിലാളികളുടെ ഇടയിലെ പ്രവർത്തനങ്ങളുമൊക്കെ ഞാൻ വന്നു ചേരുന്നതിനു മുൻപു തന്നെ നടക്കുന്നുണ്ടായിരുന്നു. ഇവയുടെ സാംസ്കാരിക, രാഷ്ട്രീയ ചരിത്രം വളരെ പ്രധാനപ്പെട്ടതാണ്. ഈ പ്രസ്ഥാനത്തിനു മാത്രമല്ല, ലോകത്തെ എല്ലാ പ്രസ്ഥാനങ്ങൾക്കും ഒന്നിലേറെ ചരിത്രമുണ്ടെന്ന് കരുതുന്നു. മുകളിൽ പറഞ്ഞത് അതിൽ ഒരു കഥ മാത്രം.

സ്നേഹബന്ധങ്ങൾ, സർഗ്ഗാത്മകത തുടങ്ങിയവ ഭാവി പരിപാടികളിൽ പെടും. ഗോവയിൽ ഒരു ചെറിയ ബിസിനസ് തുടങ്ങാൻ ആലോചിക്കുന്നു. എഴുതണം. ചരിത്രത്തെക്കുറിച്ച്, പ്രസ്ഥാനത്തിന്റെ ചരിത്രം. കേരളത്തിലെ ലൈംഗികതയുടെ ചരിത്രം. പിന്നെ ഞാൻ ഇപ്പോഴും പ്രസ്ഥാനത്തിന്റെ ഭാഗമാണെങ്കിലും പഴയപോലെ മുഴുവൻ സമയവും അതു തന്നെ ചെയ്യണമെന്നു തോന്നുന്നില്ല. പുതിയവർ ഒരുപാടു പേരുണ്ട്.

ചർച്ചാവിഷയം



ജി. ഇമാൻ സെമ്മലർ

# മരിയക്കു വേണ്ടി സ്നേഹപൂർവ്വം

"ചേട്ടാ, ഞാൻ മരിയയാണ്, സ്വീറ്റ് മരിയ". ഒരു പരന്നു കിടന്ന, പിന്നിലേക്ക് നീണ്ടുകിടന്ന ചുവന്ന ഉടുപ്പിട്ട അവൾ തൃശൂരിലെ തെരുവുകളിലൂടെ നടക്കുമ്പോൾ എന്നെ പരിചയപ്പെട്ടതങ്ങിനെയാണ്. കേരളത്തിലെ ആദ്യത്തെ ക്വിയർ പ്രൈഡ് മാർച്ചായിരുന്നു അത്.

തൃശ്ശൂരിലെ തെരുവുകളിൽ ആ ഉടുപ്പിട്ടു നടക്കാനുള്ള അവളുടെ ധൈര്യത്തിൽ ഞാനൽഭുതപ്പെട്ടു. സവർഗ്ഗഭീതിയും ട്രാൻസ്ഭീതിയും സ്ത്രീകളോടുള്ള വെറുപ്പും നിറഞ്ഞ ഇടത്തിൽ മറ്റുള്ളവർ ശങ്കിച്ചു നടന്നപ്പോൾ തികഞ്ഞ അഭിമാനത്തോടെ അവൾ നടന്നു.



അവൾ അത്രയും പ്രകോപിപ്പിക്കുന്നവളും ആകർഷകയുമായിരുന്നത് അന്നത്തെ ഒരു നാൾ മാത്രമല്ല, ജീവിതത്തിലെ എല്ലാ ദിവസത്തിലും അങ്ങിനെയായിരുന്നു. അതിനവൾക്ക് കിട്ടിയ ജനശ്രദ്ധയും മറ്റും അവൾക്കിഷ്ടവുമായിരുന്നു. അടുത്ത പ്രൈഡ് മാർച്ചിന് എന്തിടണമെന്നൊക്കെ മാസങ്ങൾക്കു മുന്നേ ആലോചിച്ച് ആഗ്രഹിച്ച പോലെ തയ്പിച്ചു വയ്ക്കും. അവൾ വൈദ്യശാസ്ത്രപരമായ ഇടപെടലുകൾ നടത്തിയില്ല. പലപ്പോഴും പാന്റും ഷർട്ടുമിട്ടാണ് ജോലിക്കൊക്കെ പോകുമായിരുന്നത്. അവളുടെ വിമത/ട്രാൻസ് ലൈംഗിക സ്വത്വത്തെയോർത്ത് അവൾ ഖേദിച്ചില്ല. അതിനാലാണ് ഞങ്ങളവളെ അധികം സ്നേഹിച്ചതും.

ഉപയോഗിച്ച വസ്ത്രത്തിലും ഭാഷയിലും അവളുടെ ലൈംഗികത വെളിവായില്ല. ആ ലിംഗപദവി ഒരിക്കലും ഉറച്ചുപോയ ഒന്നായിരുന്നില്ല. സ്വത്വങ്ങളെ അവൾ മറിച്ചും തിരിച്ചുമിട്ടു അമ്മാനമാടി. അവൾ വിമതലിംഗപദവിയിലെ ഒരഭ്യാസിയായിരുന്നു. അതും ഒരൊന്നാം തരം അഭ്യാസി! ഏതൊരു സന്ദർഭവും സ്വന്തം സ്വത്വത്തെ ഉറപ്പിക്കാൻ കിട്ടുന്ന അവസരമാക്കാൻ അവൾക്കായി. പലപ്പോഴും എതിർലിംഗ പ്രേമം മാത്രമാണ് സാധാരണമെന്നുള്ള കരുതലിനെ കുടഞ്ഞ് തെറിപ്പിക്കാൻ തമാശകൾ പറഞ്ഞു.

കേൾക്കുന്നവർക്കവരുടെ എതിർലിംഗപ്രേമത്തിൽ നാണം പോലുമുണ്ടായി!

ബഹുമാനമില്ലാത്തവരെ എതിർക്കാനുള്ള ആയുധമായിരുന്നു അവളുടെ നാക്കിൻ തുമ്പിലുണ്ടായിരുന്ന തമാശകൾ.

കൊല്ലം തങ്കശ്ശേരിയിലെ അവളുടെ തുറമുഖ ക്വാട്ടേർസിൽ വച്ച് മെയ് 10, 2012ന് അവൾ ഭീകരമായി കൊലചെയ്യപ്പെട്ടു. ടോൾ കളക്ടറായി ജോലി ചെയ്തിരുന്ന അവൾ ജോലിക്കെത്താതിരുന്നപ്പോൾ കൂടെ ജോലി ചെയ്തിരുന്നവരാണ് അവളെ അന്വേഷിച്ചു ചെന്നത്, വീട്ടിനകത്ത് കണ്ടെത്തിയത്. അവളുടെ തൊണ്ട കീറിയിട്ടുണ്ടായിരുന്നു. വയറ്റിൽ U ആകൃതിയിൽ മുറിവുണ്ടായിരുന്നു. അവളുടെ ശരീരത്തിലും ചുറ്റുഭാഗത്തുമൊക്കെ പോലീസ് നായ്ക്കൾക്ക് മണം കിട്ടാതിരിക്കാൻ മുളകുപൊടി വിതറിയിട്ടുണ്ടായിരുന്നു. അവളുടെ വലതുകയ്യിൽ ഒരു കെട്ട് മുടിയുണ്ടായിരുന്നു. അവളുടെ ലാപ്ടോപ്പും ഫോണുകളുമെല്ലാം കൊലയാളികൾ കൊണ്ടുപോയിരുന്നു. പോലീസിനെ വിദ്വേഷം കൊണ്ടുള്ള ആക്രമണം എന്ന സത്യത്തിൽ നിന്ന് തെറ്റിധരിപ്പിക്കാനാവാം ചിലപ്പോൾ അവരങ്ങിനെ ചെയ്തത്.

ആദ്യം പോലീസ് ചോദ്യം ചെയ്തത് സമുദായാംഗങ്ങളെയാണ്. പിന്നെ ചില വികൃതമായ സിദ്ധാന്തങ്ങൾ ഉടലെടുക്കാൻ തുടങ്ങി – അവൾ എച്ച്.ഐ.വി പോസിറ്റീവ് ആയിരുന്നെന്നും ആർക്കോ അത് പകർന്നതിന്റെ പ്രതികാരമായാണ് കൊലപ്പെട്ടതുമെന്നൊക്കെ. അതൊന്നും സംഭവ്യമായിരുന്നില്ല. ഞങ്ങൾക്കറിയാവുന്ന മരിയക്ക് എച്ച്.ഐ.വി പോസറ്റീവ് എന്നു തെളിഞ്ഞിരുന്നെങ്കിൽ ഒരിക്കലും ആരിൽ നിന്നും മറച്ചുവെയ്ക്കാൻ കഴിയുമായിരുന്നില്ല. സ്വകാര്യതയെക്കുറിച്ച് കരുതലേ ഇല്ലാത്തവളായിരുന്നു. പരദൂഷണക്കാരി, രഹസ്യം പരസ്യമാക്കുന്നവൾ. അവളുടെയും മറ്റുള്ളവരുടെയുമൊക്കെ. അവൾ എപ്പോഴും അപകടകരമായിത്തന്നെ തുറന്നിരുന്നവളായിരുന്നു.

**മധുരമേറിയ പ്രകോപനക്കാരി മരിയ, നിന്നെ അതിക്രൂരമായി അവർ ഞങ്ങളിൽ നിന്ന് വേർപ്പെടുത്തിയിരിക്കുന്നു. എതിർലിംഗപ്രേമത്തിന്റെ ഉയർന്ന മതിൽക്കെട്ടുകളേയും നിർബന്ധിത ലിംഗപദവിയേയും ഒരു ഭയവുമില്ലാതെ ചോദ്യം ചെയ്തതിന്റെ ശിക്ഷയാണോ ഇത്?**

അവളുടെ ജീവിതത്തിലെ ഭയമില്ലാത്ത തുറസ്സ് നമ്മളിൽ പലർക്കും സുരക്ഷയെക്കുറിച്ച് പേടിയുണ്ടാക്കി. അസ്വസ്ഥതയുണ്ടാക്കി. അവളൊരിക്കൽ എന്നെ കൊല്ലത്തെ ബാറ്റ ചെരുപ്പുകടയിൽ കൊണ്ടുപോയതോർക്കുന്നു. എന്താണ് സൈസ് എന്ന് അവിടെ പണിയെടുത്ത കൊച്ചു പയ്യൻ (അവളുടെ കാലിനെ ഉദ്ദേശിച്ച്) ചോദിച്ചു.

അവൾ ഭാവുകത്വത്തോടെ പുരികമുയർത്തി, സദാചാരവിരുദ്ധമായി എന്തോ സംഭവിച്ചമട്ടിൽ 'ഞാൻ നിങ്ങളുടെ സൈസ് അറിയാനാ വന്നത്! ഒരു പാവം മലയാളി സ്ത്രീയോട് ഇങ്ങനെയൊക്കെ ചോദിക്കാമോ' അവിടെ നിന്ന് ഓടണോ അതോ ആ പയ്യന്മാരുടെ ഭാവം കണ്ട് പൊട്ടിച്ചിരിക്കണോ എന്ന സംശയത്തിലായിരുന്നു ഞാൻ.

മധുരമേറിയ പ്രകോപനക്കാരി മരിയ, നിന്നെ അതിക്രൂരമായി അവർ ഞങ്ങളിൽ നിന്ന് വേർപ്പെടുത്തിയിരിക്കുന്നു. എതിർലിംഗപ്രേമത്തിന്റെ ഉയർന്ന മതിൽക്കെട്ടുകളേയും നിർബന്ധിത ലിംഗപദവിയേയും ഒരു ഭയവുമില്ലാതെ ചോദ്യം ചെയ്തതിന്റെ ശിക്ഷയാണോ ഇത്?

ഇത്രയ്ക്കും ആകർഷകമായ ജീവിതത്താൽ നിറഞ്ഞ ഒരുവൾ ഇനി ഞങ്ങളുടെ കൂടെയില്ല, ഘോഷയാത്രയിലും താമശപറയാനും സമരങ്ങളിലും ഒന്നും. ഈ സമുദായത്തിന്റെ തന്നെ ആത്മാവിനെ വലിയൊരളവിൽ മുറിവേൽപ്പിക്കാൻ മരിയയുടെ കൊലപാതകത്തിനു കഴിഞ്ഞു. പക്ഷേ അതുകൊണ്ട് കൂടുതൽ ഭയവും പീഡനങ്ങളും ഉണ്ടാവരുത്. സമരം തുടരണം. ഞങ്ങളെ നിശബ്ദരാക്കാൻ ശ്രമിക്കുന്ന പുരുഷാധിപത്യവ്യവസ്ഥിതിക്കെതിരെ.

*ഡി.എൻ.എ ഇന്ത്യയിൽ പ്രസിദ്ധീകരിച്ചത്.*

www.dnaindia.com



**ഒരു നിയമവിദഗ്ദ്ധനെന്ന് പ്രശസ്തിനേടിയ അഡ്വ.എം.കെ. ദാമോദരൻ ഐസ്ക്രീം പാർലർ കേസ് നടക്കുന്ന കാലഘട്ടത്തിൽ അഡ്വ.ജനറലായിരുന്നു. ഇ.കെ.നായനാർ മുഖ്യമന്ത്രിയും. അദ്ദേഹത്തിന്റെ ഈ കേസിനെ സംബന്ധിച്ച നിയമോപദേശം, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻസ് അഡ്വ.കല്ലട സുകുമാരന്റെ നിയമോപദേശത്തെ എങ്ങനെ കൗണ്ടർ ചെയ്തുവെന്നത് ചരിത്രമാണ്. 'സംഘടിത' വായനക്കാർക്കായി ഞാനിത് വീണ്ടും ഓർമ്മപ്പെടുത്തുന്നു.**

– സാക്ഷികളിൽ റജുല, റെജീന, ബേബി (റോസ്‌ലിൻ) എന്നിവർ ചോദ്യം ചെയ്യലിൽ കുഞ്ഞാലിക്കുട്ടിയെക്കുറിച്ച് പറയുന്നു. തിയ്യതി, ആഴ്ച, മാസം, വർഷം ഇവയൊന്നും പറയാതെ അവ്യക്തമായാണവർ കുഞ്ഞാലിക്കുട്ടിയുടെ പങ്കിനെക്കുറിച്ച് പറയുന്നത്.


– എന്നാൽ കുഞ്ഞാലിക്കുട്ടിയുടെ ഡ്രൈവർ അരവിന്ദനടക്കമുള്ള പതിനാറു പ്രതികൾക്കെതിരെ പോലീസ് കേസ് ചാർജ്ജ് ചെയ്തതും ചിലരെ അറസ്റ്റ് ചെയ്തതും ഇതേ അവ്യക്തമായ മൊഴികളുടെ അടിസ്ഥാനത്തിലാണെന്ന് അദ്ദേഹം മനഃപൂർവ്വം മറന്നുപോകുന്നു.

– കുഞ്ഞാലിക്കുട്ടിയുടെ ടൂർ ഡയറി പരിശോധിക്കുകയും സ്റ്റാഫിനെ ചോദ്യം ചെയ്യുകയും ചെയ്തതിൽ നിന്ന് ഇത് സത്യമല്ലെന്ന് തെളിഞ്ഞു. ഈ ടൂർ ഡയറി, പ്രൊഫ. മീനാക്ഷി തമ്പാൻ ചെയർപേഴ്സൺ ആയുള്ള നിയമസഭാസമിതിയിൽ പലതവണ ആവശ്യപ്പെട്ടിട്ടും കാണിച്ചില്ല എന്ന് മീനാക്ഷി തമ്പാൻ പറയുന്നു.

സാക്ഷിമൊഴികൾ വരികൾക്കിടയിൽ വായിക്കുമ്പോൾ സംഭവം നടന്ന മാസം, സ്ഥലം (ചിലപ്പോൾ തിയ്യതികളും) ഉള്ളത് കണ്ടതായി അഡ്വ.ജനറൽ നടിക്കുന്നില്ല. ഉദാഹരണത്തിന് ഒരു സാക്ഷി പറയുന്നു കുഞ്ഞാലിക്കുട്ടി ഒരു പ്രസ് കോൺഫറൻസിനായി വന്നതാണെന്ന്. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം ടൂർ ഡയറിയിൽ പ്രസ് കോൺഫറൻസിനെക്കുറിച്ചേ ഉണ്ടാകൂ. വ്യഭിചാരത്തിന്റെ വിശദാംശങ്ങൾ ഉണ്ടാകില്ല എന്നതാണ്. പെൺകുട്ടികൾക്ക് വീടുകൾ/സ്ഥലങ്ങൾ/ എന്നിവ തിരിച്ചറിയാൻ കഴിഞ്ഞില്ലെന്ന് അഡ്വക്കറ്റ് ജനറൽ പറയുന്നു. കോഴിക്കോട്ടെ സഭാസ്കൂളിനടുത്ത് ലൈംഗികവൃത്തി നടത്താനായി ഉപയോഗിച്ച വീട് ഐസ്ക്രീംപാർലർ കേസ് പൊങ്ങിവന്ന സമയത്ത് ഒരു രാത്രികൊണ്ട് ഇടിച്ചു നിരപ്പാക്കിയത് നഗരത്തിൽ പാട്ടായ കാര്യം. പി.വി.എസ് അപ്പാർട്ട്മെന്റിലെ ഒരു ഫ്ളാറ്റ് പോലീസ് പൂട്ടി സീൽ വെച്ചിട്ടു മുണ്ട്. തെളിവുകളും സൂചനകളും നശിപ്പിക്കാൻ മാത്രം പ്രബലരായ പ്രതികൾക്കുണ്ടോ വീടുകൾ തിരിച്ചറിയാത്തവിധമാക്കാൻ പ്രയാസം.

– ഒരു വർഷം മുതൽ പിന്നെ എട്ട് മാസത്തിനു ശേഷമുള്ള, വിമല ഉൾപ്പെടെയുള്ള പെൺകുട്ടികളുടെ പരസ്യപ്പെടുത്തലുകൾ ഉദാസീനരീതിയിലും പ്രത്യേകിച്ച് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉള്ളതായ രീതിയിലുമായിരുന്നില്ല എന്നത് അവർ സത്യമല്ല പറഞ്ഞത് എന്നതിന് തെളിവായി അഡ്വക്കറ്റ് ജനറൽ കണ്ടെത്തുന്നു. ഉദാസീനരീതിയിൽ കരായാതെയും വിഷമിക്കാതെയും വസ്തുതകൾ പറയുന്നതു കൊണ്ട് മാത്രം അത് അസത്യമാകുന്നതിന്റെ പൊരുൾ എന്താണാവോ? അദ്ദേഹമറിയാതെ തന്നെ അതിൽ യാഥാർത്ഥ്യം അന്തർലീനമാണ്. ഒരു വർഷത്തിനുശേഷം ജീവിതത്തിലെ ദുരിതം പറയുമ്പോൾ അതനുഭവിച്ച സമയത്തെ വേദനയും അപമാനവും പ്രകടമാക്കിയാലേ സത്യമാകൂ എന്നുണ്ടോ?

ശ്രീദേവിക്കു നേരെയുള്ള ആരോപണം അവർ പണം ആവശ്യത്തിനു നൽകിയില്ല എന്നതാണ്. ഇത് പെൺകുട്ടികളുടെ സമ്മതം ഉണ്ടായിരുന്നുവെന്നതിന് തെളിവാണത്രെ. ഈ പെൺകുട്ടികളെല്ലാം ആരംഭം മുതലേ ലൈംഗികവൃത്തി ചെയ്തുപോന്നവരാണെന്നും അതുകൊണ്ടവർക്ക് നീതിക്കവകാശമില്ലെന്നും അദ്ദേഹം കണ്ടെത്താത്തത് ഭാഗ്യം. ഓരോ പെൺകുട്ടിയും ചുരുങ്ങിയ ചെലവിൽ ബ്യൂട്ടീഷൻ കോഴ്സ് പഠിക്കാനായി ശ്രീദേവിയുടെ



M. K. DAMODARAN
ADVOCATE-GENERAL
KERALA

Phone
Office { 395052 / 395090
Per. : 394505
Res. (Per.) : 390886
„ (Off.) : 390051
FAX 0484-394674

No.

ERNAKULAM
Kochi-31
Pin Code : 682 031

Investigating Officer,
Crime No.282/97
Nadakkavu Police Station.

Dated: 21--11--1998.

LEGAL OPINION

I have examined the Case Diary and Statements given by the witnesses to the Investigating Officer. Out of the various witnesses, Rejula, Rejina and Baby have, during the course of questioning, mentioned the name of Shri. Kunhalikutty. They vaguely state instances when Kunhalikutty allegedly used them. The statements of these witnesses are replete with inconsistencies. They state vaguely about the involvement of Kunhalikutty without any detail as to date, week, month or even year. Though the witnesses are vague in most areas, they refer to Kunhalikutty as the Minister and the incidents having taken place during the time when Kunhalikutty was a Minister. The investigation and questioning of the Officers who were on Kunhalikutty's Staff and the verification of Tour Diary and the records of the movements of Kunhalikutty when he was Minister reveal that the statement made by the witnesses cannot be true. The girls also do not identify with any specificity the places/houses where the incidents are stated to have occured. There also appears to be an undercurrent of an urgent attempt at someone else's behest to implicate a person in high places.

പാർലറിൽ എത്തിയ സാഹചര്യങ്ങൾ വ്യക്തമായി പറയുന്നുണ്ട്. എല്ലാവരും ദരിദ്രകുടുംബങ്ങളിൽ നിന്നുള്ളവരാണ്. ദാരിദ്ര്യം ലൈംഗികവേഴ്ചക്ക് പൂർണ്ണസമ്മതം എന്ന കണ്ടെത്തൽ മനുഷ്യത്വരഹിതമാണ്.

–പെൺകുട്ടികൾ തുടർച്ചയായി തങ്ങൾ ഉപയോഗിക്കപ്പെട്ടു എന്നു പറയുന്നു. എന്നാൽ കുഞ്ഞാലിക്കുട്ടിയുമായി ലൈംഗികബന്ധം ഉണ്ടായെന്ന് പറയുന്നില്ല. മറ്റെല്ലാ പ്രതികളുടെ കാര്യത്തിലും പെൺകുട്ടികൾ തങ്ങളെ ഉപയോഗിച്ചു, ബന്ധപ്പെട്ടു എന്നൊക്കെ തന്നെയാണ് പ്രയോഗിച്ചിട്ടുള്ളത്. അടച്ചിട്ട മുറികളിൽ കുഞ്ഞാലിക്കുട്ടി മാത്രം പെൺകുട്ടികൾക്ക് രാഷ്ട്രതന്ത്രം ഉപദേശിക്കുകയായിരുന്നു എന്നുവേണമോ നാം കരുതാൻ? വാക്കിന്റെ സാങ്കേതികത്വത്തിൽ തൂങ്ങി പാവപ്പെട്ട പെൺകുട്ടികളോട് ഒരു ബഹുമാനവുമില്ലാത്ത കണ്ടെത്തലുകൾ ആരെ രക്ഷിക്കാൻ വേണ്ടി?

– ഉന്നതസ്ഥാനത്തിരിക്കുന്ന ഒരാളെ കുടുക്കാനായി ആരോ ശ്രമിക്കുന്നതായി തോന്നുന്നു എന്നതാണ് അഡ്വ.ജനറൽ ദാമോദരന്റെ കണ്ടെത്തലുകളുടെ സാരം.

അദ്ദേഹത്തിന്റെ കണ്ടെത്തലുകൾ സ്വയം സംസാരിക്കുന്നതാണ്. ഉന്നതസ്ഥാനത്തിരിക്കുന്ന ഒരേയൊരു വ്യക്തിയെ സംരക്ഷിക്കാനായി സാക്ഷികളും ഇരകളുമായ പെൺകുട്ടികൾക്ക് മാനുഷികപരിഗണന പോലും നൽകാതെ അദ്ദേഹം വസ്തുതകൾ യഥേഷ്ടം വളച്ചൊടിക്കുന്നു. ഉന്നതസ്ഥാനം അലങ്കരിക്കുന്നതുകൊണ്ടുമാത്രം ഒരാൾ കുറ്റവിമുക്തനാകുന്നതും ദരിദ്രരായതുകൊണ്ടു മാത്രം ഇരകൾ വീണ്ടും അപമാനിതരും കുറ്റക്കാരുമാകുന്നതും ഇവിടെ നാം കാണുന്നു.

(സംഘടിത 2011 ഫെബ്രുവരി ലക്കത്തിൽ നിന്ന്)

ചർച്ചാവിഷയം

# മനീഷയുടെ അവസാനിക്കാത്ത പോരാട്ടങ്ങൾ



ജസീല



കണ്ണൂരിലെ മനുഷ്യാവകാശപ്പോരാട്ടങ്ങളിലെ ഉജ്ജ്വലമായ ഒരു ഏടാണ് മനീഷ. കണ്ണൂർ ജില്ലയിലെ അഴീക്കോടുള്ള ഒരു കുടുംബത്തിലെ നാലു മക്കളിൽ ഇളയവനായിരുന്ന മനീഷിന് പത്തു വയസ്സായപ്പോൾ താൻ ഒരു പെൺകുട്ടിയാണെന്ന തിരിച്ചറിവുണ്ടായി. ആണിന്റെ ശരീരമുള്ള പെണ്ണായ മനീഷ് പതിമൂന്ന് വയസ്സായതോടെ പൊട്ടുതൊടാനും മുടി നീട്ടി വളർത്താനും സാരിയണിയാനും തുടങ്ങി. നാട്ടുകാരായ ആണുങ്ങൾ ഇതിൽ രോഷാകുലരായി.

ലാൽജോസിന്റെ 'ചാന്തുപൊട്ട്' എന്ന പടം ഇറങ്ങിയതിനു ശേഷം കടപ്പുറത്തെ ആണുങ്ങൾ മനീഷിനെ 'നീ തുറയുടെ ശാപമാണ്', 'നീ ആണും പെണ്ണും കെട്ടതാണ്' എന്നൊക്കെ പറഞ്ഞ് അധിക്ഷേപിക്കുകയും തെങ്ങിൽ പിടിച്ചു കെട്ടിയിട്ട് അടിക്കുകയും നീട്ടി വളർത്തിയിരുന്ന മുടി മുറിച്ച് മൊട്ടയടിക്കുകയും വസ്ത്രം അഴിച്ചുകൊണ്ടുപോകുകയും ചെയ്തു. മരത്തിന്റെ ഇലകൾ പറിച്ചെടുത്ത് നാണം മറച്ചാണ് മനീഷ് അന്നു രാത്രി വീട്ടിലെത്തിയത്. തുടർന്ന് അന്നേ അവകാശബോധമുണ്ടായിരുന്ന മനീഷ് പോലീസ് സ്റ്റേഷനിൽ ഇതേക്കുറിച്ച് പരാതിപ്പെടുകയും ചെയ്തു. ആശുപത്രിയിൽ അഡ്മിറ്റായ അവസരത്തിൽ ഇതേക്കുറിച്ചറിഞ്ഞ ചാനലുകൾ മനീഷിന്റെ കഥ കവർ ചെയ്യാനായി എത്തി.

കണ്ണൂരിൽ അക്കാലത്ത് ലിംഗലൈംഗിക ന്യൂനപക്ഷങ്ങൾക്കു വേണ്ടി പ്രവർത്തിച്ചിരുന്ന ഡോ. പള്ളത്തിന്റെ (അന്ന് ഫാദർ പള്ളത്ത്) ജീവനസംസ്കൃതി എന്ന ഓഫീസിനെക്കുറിച്ച് മനീഷിനോട് ചിലർ പറഞ്ഞു കൊടുത്തു. അവിടെ ചെന്ന മനീഷിന് ഒരു മുറിയും അത്യാവശ്യം വേണ്ട സൗകര്യങ്ങളും സാമ്പത്തിക വൈകാരിക ധാർമ്മിക പിന്തുണകളും ലഭിച്ചു. കമ്മ്യൂണിറ്റിയുമായി അടുത്തറിയാനും ഇതോടെ സാധിച്ചു. മനീഷിന്റെയും സുബൈർ എന്ന മറ്റൊരു ട്രാൻസ്ജെൻഡറിന്റേയും ജീവിതം മാധ്യമങ്ങളിൽ പ്രസിദ്ധീകൃതമായി. മനീഷ് മനീഷ എന്ന പേര് സ്വീകരിക്കുകയും ചെയ്തു. ഒരു ക്ലാസിൽ പോലും തോൽക്കാതെ പഠിച്ചിട്ടു പോലും അച്ഛൻ ഉപേക്ഷിച്ച ദരിദ്ര കുടുംബമായിരുന്നതിനാൽ മനീഷയ്ക്ക് ഏഴാം ക്ലാസിൽ വച്ച് പഠിത്തം നിർത്തേണ്ടി വന്നു. വീട്ടിൽ വേലയ്ക്ക് നിന്നും മീൻ വിൽപ്പന നടത്തിയും കടയിൽ സാധനങ്ങൾ എടുത്തുകൊടുക്കാൻ നിന്നും ഒക്കെയാണ് മനീഷ ജീവിച്ചത്. ട്രാൻസ്ജെൻഡറുകൾക്ക് വലിയ ദൃശ്യത ലഭിക്കുന്ന ഈ കാലത്തെ മനീഷ പ്രത്യാശയോടെയാണ് നോക്കിക്കാണുന്നത്. അതോടൊപ്പം അവർക്ക് ആശങ്കകളും ഇല്ലാതില്ല. ട്രാൻസ്ജെൻഡറുകളുമായി ബന്ധപ്പെട്ട വിഷയത്തിൽ പ്രാദേശികമായി സംഘടിപ്പിക്കുന്ന പരിപാടികൾക്ക് അതതു പ്രദേശത്തെ ട്രാൻസ്ജെൻഡറുകളെ തന്നെ വിളിക്കണമെന്നും തങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വേദികളിൽ കമ്മ്യൂണിറ്റിയെ പ്രതിനിധീകരിക്കാനുള്ള അവകാശം വേണമെന്നും ശക്തമായി വാദിക്കുന്ന മനീഷയ്ക്ക് നിലപാടുകളുടെ കാര്യത്തിൽ നല്ല വ്യക്തതയും ഉറപ്പുമുണ്ട്.

ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ വച്ച് നടന്ന, ക്വിയർ പ്രൈഡ് 2016ന്റെ കണ്ണൂർ ജില്ലയിലെ കർട്ടൻ റെയ്സർ ഇവൻറിൽ പങ്കെടുത്ത് മനീഷയാണ് കണ്ണൂരിലെ കമ്മ്യൂണിറ്റിയുടെ പ്രതിനിധിയായി സംസാരിച്ചത്. ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയുടെ കൂട്ടായ്മയുടെ ജില്ലാതല പ്രസിഡന്റാണ് ഇപ്പോൾ മനീഷ. തനിക്കെതിരെ നടക്കുന്ന കയ്യേറ്റങ്ങൾക്കും നീതി നിഷേധങ്ങൾക്കുമെതിരെ നിരന്തര

സമരം നടത്താൻ മനീഷയ്ക്ക് യാതൊരു മടിയുമില്ല. അനേകം തവണ പോലീസ് സ്റ്റേഷനുകളിൽ തനിച്ച് പരാതിയുമായി ചെന്നിരിക്കുന്നു ഈ ഇരുപത്തെട്ടുകാരി. തന്നെ പിടിച്ചിറക്കിയ ബസ്സിൽ തന്നെ യാത്ര ചെയ്ത് ബസ്സ്റ്റാൻറിൽ വച്ച് ബസ്സിനു മുന്നിൽ കിടന്ന് സമരം ചെയ്ത് പോലീസിനെക്കൊണ്ട് കേസെടുപ്പിച്ച് ബസ്സുകാരെക്കൊണ്ട് ഫൈൻ കെട്ടിച്ചതു പോലുള്ള മനീഷയുടെ സമരങ്ങളുടെ കഥകൾ കേട്ടാൽ നാം കോരിത്തരിക്കും. ഒറ്റയ്ക്ക് ഇവരൊക്കെ നടത്തുന്ന സമരങ്ങളാണ് അല്ലാതെ വൻകിടപ്പാർട്ടികളും സംഘടനകളും ലക്ഷങ്ങൾ മുടക്കി നടത്തുന്ന കണ്ണിൽ പൊടിയിടൽ സമരങ്ങളല്ല നമ്മുടെ രാജ്യത്തെ ജനാധിപത്യത്തെ ഉയർത്തി നിർത്തുന്നത്.

കണ്ണൂർ ജില്ലാ പഞ്ചായത്ത് ഈ വർഷത്തെ ബഡ്ജറ്റിൽ ട്രാൻസ്ജെൻഡറുകൾക്കായി പ്രഖ്യാപിച്ച 10 ലക്ഷം രൂപയും ദിനേശ് ഫുഡ്സിൽ 30 തൊഴിലുകളും എന്ന വാഗ്ദാനം നിറവേറുമോ എന്ന സംശയം പ്രകടിപ്പിക്കുന്നുണ്ട് മനീഷ. സർക്കാർ കാര്യങ്ങളിലെടുക്കുന്ന കാലതാമസം മനീഷയെ നിരാശപ്പെടുത്തുക തന്നെ ചെയ്യുന്നുണ്ട്. വാഗ്ദാനം ചെയ്യപ്പെട്ട ജോലി കിട്ടുന്ന ട്രാൻസ്ജെൻഡറുകൾക്ക് അവയിൽ ഉറച്ചുനിൽക്കാനാവുമോ എന്ന സംശയം മനീഷ പ്രകടിപ്പിക്കുന്നുമുണ്ട്. തനിക്ക് ജില്ലാ പഞ്ചായത്ത് വാഗ്ദാനം ചെയ്ത ജോലിയേക്കാൾ ഇഷ്ടം കണ്ണൂർ ടൗണിൽ ഒരു പെട്ടിക്കട തുടങ്ങാനുള്ള സഹായം ലഭിക്കുന്നതാണ് എന്ന് മനീഷ പറയുന്നു.

കേരളത്തിൽ ആദ്യമായി മാധ്യമങ്ങൾക്കു മുന്നിൽ വന്ന തന്നെയും സുബൈറിനെയും ഇപ്പോൾ മാധ്യമങ്ങൾ തിരിഞ്ഞുനോക്കുന്നില്ലെന്ന പരാതിയും മനീഷയ്ക്കുണ്ട്. കേരളത്തിൽ ആദ്യമായി ട്രാൻസ്ജെൻഡർ എന്ന ഐഡന്റിറ്റി



ജസീല, രാഗി കെ.ആർ, ചിഞ്ചു എന്നിവരോടൊപ്പം മനീഷ

കാർഡ് കിട്ടിയ വ്യക്തി സൂര്യയല്ല മറിച്ച് താനാണ് എന്നും മനീഷ പറയുന്നു. സൂര്യയ്ക്ക് ലഭിക്കുന്നതിന് എത്രയോ മുന്നേ തന്നെ തനിക്ക് ആധാർ കാർഡ് ലഭിച്ചതാണെന്നാണ് മനീഷ പറയുന്നത്. ഈയടുത്ത ദിവസങ്ങളിൽ കാസർഗോഡ് ജില്ലയിൽ ഒരു പിടിച്ചുപറിക്കേസിലെ പ്രതി ട്രാൻസ്ജെൻഡർ ആയതിന്റെ പേരിൽ കണ്ണൂർ ജില്ലയിലെ നാട്ടുകാരുടെ പെരുമാറ്റം വീണ്ടും രൂക്ഷമാകുന്നതിനെക്കുറിച്ചുള്ള അസ്വസ്ഥതകളിലാണ് മനീഷ ഇപ്പോൾ. കണ്ണൂരിലെ വിപ്ലവപ്പോരാട്ട ചരിത്രത്തിന്റെ നേരവകാശികൾ എന്നൊന്നുണ്ടെങ്കിൽ അത് ഇവിടെയുള്ള ആണത്ത രാഷ്ട്രീയപ്പാർട്ടികളല്ല മറിച്ച് മനീഷയെ പോലുള്ള ജനാധിപത്യപ്പോരാളികളാണ്. ●



അഭിജിത്ത്
ഡയറക്ടർ





അമീറ വി.യു



# ഞാൻ ഒരു ട്രാൻസ്മാൻ: സുനിൽമോഹൻ

"ഞങ്ങൾ
പോർക്കളത്തരിശിടങ്ങൾ
പാരിടപ്പാഴ്‌വികൾ
മുളയ്ക്കാവിഷക്കനികൾ
ഉയിർക്കാകൂന്തപ്പനകൾ
തളിർക്കാ വേരറ്റുയിർകൾ
കശാപ്പുഭ്രൂണ ഭൂഖണ്ഡങ്ങൾ"
(അലിംഗം - വിജയകുമാർ കുനിശ്ശേരി)

രാഷ്ട്രീയം വിപരീതം അരാഷ്ട്രീയം എന്നതു പോലെയല്ല ഇക്കാലത്ത് ലിംഗം വിപരീതം അലിംഗം എന്നു വായിക്കേണ്ടത്. ലിംഗമേൽക്കോയ്മകൾക്ക് നിർണ്ണയിക്കാൻ കഴിയാത്തത്ര പാകത്തിൽ രാഷ്ട്രീയവത്ക്കരിക്കപ്പെട്ടിട്ടുണ്ട് അലിംഗം, മൂന്നാംലിംഗം തുടങ്ങിയ പ്രതിനിധാനങ്ങൾ. തിരസ്കാരജീവിതത്തിന്റെ കയ്ക്കുന്ന ഭൂതകാലം വകഞ്ഞുമാറ്റി കൂടുതൽ സുതാര്യമായ പൊതുധാരകളിലേക്ക് ഭിന്നസ്വരമൊരുക്കാൻ മൂന്നാംലിംഗക്കാർക്കായിട്ടുണ്ട്. സാക്ഷരതയിലെന്നപോലെ യാഥാസ്ഥിതികത്വത്തിലും ഏറെ മുന്നിൽ നിൽക്കുന്ന പ്രബുദ്ധകേരളവും ട്രാൻസ്ജെൻഡറുകളുടെ അവകാശത്തിൽ നിലപാടെടുക്കുന്ന ചരിത്രഘട്ടമാണിത്.

പുതിയ കാലം എങ്ങനെ ട്രാൻജെൻഡറുകളെ അടയാളപ്പെടുത്തുന്നു? പൂർവ്വോത്തരലിംഗങ്ങളിൽ തങ്ങൾ എത്രമേൽ സുരക്ഷിതരാണ് എന്ന് തുടങ്ങി ആശങ്കകളുടേയും പ്രതീക്ഷകളുടേയും നൈരന്തര്യങ്ങളിലാണ് മൂന്നാംലിംഗക്കാരുടെ ശിഷ്ടജീവിതം. അതേ കുറിച്ച് സംസാരിക്കുകയാണ് ട്രാൻസ്ജെൻഡർ ആക്ടിവിസ്റ്റും സംഗമ എന്ന സംഘടനയുടെ പ്രവർത്തകനുമായ സുനിൽമോഹൻ.

*മൂന്നാംലിംഗക്കാരെ അപഹാസ്യരായും കേവലം ഞരമ്പുരോഗികളായുമൊക്കെ മുദ്രകുത്തുന്ന വിവരദോഷികളായ പൊതുസമൂഹമായിരുന്നു ഇവിടെ ഇതുവരെയുണ്ടായിരുന്നത്. ഇപ്പോഴതിന് മാറ്റം വന്നിട്ടില്ലേ?*

ഒരു വ്യവസ്ഥാപിത പുരുഷാധിപത്യസമൂഹം, ആൺ-പെൺ ലിംഗചട്ടക്കൂടുകളിൽ നിന്ന് ഇപ്പോഴും മുക്തിനേടാത്ത സമൂഹം, എതിർലിംഗത്തോടുള്ള സംഭോഗതത്പരതമാത്രം സ്വീകാര്യമായിട്ടുള്ള ഒരു സമൂഹം അതിൽ നിന്ന് വ്യതിചലിക്കുന്ന ഏതൊരു ലിംഗപരായ സ്വത്വാവിഷ്ക്കാരാവും എക്കാലത്തും പരിഹാസത്തിനും അവജ്ഞയ്ക്കും പാത്രീഭവിച്ചിട്ടുണ്ട്. മാത്രമല്ല ലൈംഗികചോതനകൊണ്ടു മാത്രം നിയന്ത്രിക്കപ്പെടുന്നവർ എന്ന് ചാപ്പകുത്തി അവരെ സമൂഹം ആട്ടിയോടിച്ചിട്ടുമുണ്ട്. ലിംഗപരിവർത്തനമോ അല്ലെങ്കിൽ സ്വവർഗാഭിമുഖ്യം പോലുള്ള ലൈംഗികസ്വത്വാവിഷ്ക്കാരമോ, വെറും ലൈംഗികതൃഷ്ണയുടെ പ്രകടനമായി വിവക്ഷിക്കുന്നതുകൊണ്ടാണ് സ്വവർഗ്ഗാനുരാഗികളേയും ഭിന്നലിംഗക്കാരേയും ഇപ്പോഴും ലൈംഗികത്തൊഴിലാളികളുടേതിന് തുല്യമായി കണക്കാക്കപ്പെടുന്നത്.

എന്നാൽ ഇതല്ല സത്യം. എനിക്ക് നിസ്സംശയം പറയാൻ കഴിയും ഉഭയലിംഗതത്പരത മാത്രം, എതിർലിംഗത്തോടുള്ള ആകർഷണീയതമാത്രം ശരിയെന്ന് വിശ്വസിച്ച ഒരു സമൂഹമാമാണ് മറ്റൊരു തരത്തിലുള്ള ലിംഗപരമായ വ്യതിയാനങ്ങളെയും ഉൾക്കൊള്ളാനാകാത്ത വിധം മനുഷ്യമനസ്സുകളെ മലീമസമാക്കിയത്. ആ സമൂഹത്തിന്റെ വികലമനോഭാവം തന്നെയാണ് ഇപ്പോഴും ഭിന്നലിംഗക്കാർ നേരിടുന്ന അവജ്ഞയുടേയും അവഹേളനത്തിന്റേയും കാരണം. പുരോഗമനവും സ്വാതന്ത്ര്യബോധവും എല്ലാം കൊട്ടിഘോഷിക്കുമ്പോഴും ഇന്നും രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ മനുഷ്യരാണെന്നു പോലും പരിഗണിക്കപ്പെടാതെ ജീവിക്കുന്ന നിരവധിപ്പേരുണ്ടെന്ന് നാം അറിയണം. ഒരു പൗരന് അവകാശപ്പെട്ട, ഭരണഘടനനൽകുന്ന പൗരാവകാശങ്ങൾ, മൗലികാവകാശങ്ങൾ, മനുഷ്യാവകാശങ്ങൾ എന്നിവ നേടിയെടുക്കുന്നതിനുവേണ്ടി രാജ്യമൊട്ടുക്ക് ഇരുപതോളം വർഷങ്ങൾ നടത്തിയ

പോരാട്ടങ്ങൾക്കു ശേഷവും സമൂഹം ട്രാൻസ് ആളുകളെ സൗകര്യാർത്ഥം മൂന്നാം വിഭാഗത്തിലാണ് പെടുത്തിയിരിക്കുന്നത്. എന്റെ അഭിപ്രായത്തിൽ ഇപ്പോഴും ഞങ്ങൾക്കു കിട്ടിയ സ്വീകാര്യത പൂർണ്ണമല്ല. സഹതാപത്തിലും നിക്ഷിപ്തതാത്പര്യങ്ങളിലും സൗകര്യങ്ങളിലും അധിഷ്ഠിതമാണത്. യുഗ്മകവേർതിരിവിനോട് മാത്രം പരിചയിച്ച സമൂഹം വർത്തമാനകാലവ്യവസ്ഥിതി നിലനിർത്താനായി ഒരു വിഭാഗം ആളുകളെ അരികുപറ്റി നിൽക്കുന്ന മൂന്നാംവിഭാഗത്തിലേക്ക് ഉന്തിത്തള്ളി വിടുകയാണ് ചെയ്തത്. തോറ്റ് മടങ്ങാനും തലകുനിക്കാനും തയ്യാറാകാതെ ഇവർ നടത്തിയ അക്ഷീണസമരത്തിന്റെ ഫലമായാണ് ആൺപെൺ ലിംഗസ്വത്വം മാത്രം അംഗീകരിച്ചിരുന്ന സാമൂഹികാവസ്ഥയിലേക്ക് നാമമാത്രമായ ഇടം കണ്ടെത്തി ഇവരെക്കൂടി ഉൾക്കൊള്ളിക്കാനുള്ള ശ്രമം ഉണ്ടായത്. അംഗീകരിക്കപ്പെട്ട ലിംഗവ്യത്യാസങ്ങളിൽ നിന്നും ലൈംഗികസ്വത്വാവിഷ്കാരങ്ങളിൽ നിന്നും വ്യതിചലിച്ചുള്ള ഏതൊരു ലിംഗഭേദവും ലൈംഗിക അപഭ്രംശമായി കണക്കാക്കുന്ന അവസ്ഥമാറണമെങ്കിൽ ലിംഗപരത ശാരീരികാവസ്ഥാവിശേഷമായി മാത്രം കാണുന്ന മനസ്ഥിതിയിൽ നിന്നും സമൂഹം സ്വയം വിമുക്തി നേടിയെടുക്കേണ്ടതുണ്ട്.

*സ്ത്രീയിൽ നിന്ന് സുനിൽ മോഹൻ എന്ന പുരുഷനിലേക്കുള്ള മാറ്റത്തിൽ താങ്കൾ പൂർണ്ണ അർത്ഥത്തിൽ തൃപ്തനാണോ? അല്ലെങ്കിൽ എല്ലാ ലിംഗമാറ്റക്കാരും അവരുടെ നിലവിലെ ലിംഗാവസ്ഥയിൽ കംഫർട്ടബിൾ ആണോ?*

എന്റെ അഭിപ്രായത്തിൽ ലിംഗം എന്നത് വ്യക്തിപരമായ അനുഭവമാണ് ഒരു മനുഷ്യന്റെ ദൈനംദിനജീവിതത്തിലുടനീളം. ഓരോ മനുഷ്യനും തെരഞ്ഞെടുക്കാവുന്ന അവസ്ഥാവിശേഷമാണത്. ജെൻഡർ ചലനാത്മകവും ക്രിയാത്മകവുമാണ്. അത് സാമൂഹികവും രാഷ്ട്രീയപരവും സാംസ്കാരികപരവും സാമ്പത്തികപരവുമാണ്. നമ്മുടെ ചുറ്റുമുള്ള പല സങ്കീർണ്ണതകളുടെയും ഒരു സംയോജിതരൂപമാണ് ജെൻഡർ. അത് ഒരു വ്യതിചലനം കൂടെയാണ്.  ആവിഷ്ക്കാരസ്വാതന്ത്ര്യം പുൽകാനുള്ള അതിർത്തി ഭഞ്ജനം. അതൊരു ജീവിതയാത്രയാണ്. മനുഷ്യശരീരത്തിൽ നിന്നും മനുഷ്യമനസ്സിലേക്കുള്ള യാത്ര. വ്യക്തിപരവും രാഷ്ട്രീയപരവുമായ യാത്ര. ലിംഗസ്വതം തേടിയുള്ള ഈ യാത്രയിൽ വ്യത്യസ്തരായ ആളുകൾ വ്യത്യസ്തരീതിയിൽ പെരുമാറുകയും തങ്ങളുടെ ആവശ്യങ്ങളെ ഉൾക്കൊള്ളുന്ന രീതിയിൽ അംഗീകൃതധാരണകളെ പൊളിച്ചടുക്കുകയും ചെയ്യുന്നു. ഞാനീ ആൺപെൺ ലിംഗസ്വത്വത്തിൽ വിശ്വസിക്കുന്ന ആളല്ല. ഈ ബൈനറി ലിംഗപരത ഉള്ളതുകൊണ്ടാണ് ഒരു മൂന്നാവിഭാഗത്തേയും ട്രാൻസ്ജെൻഡർ വിഭാഗത്തേയും മൂന്നാമതൊരു ഐഡന്റിറ്റിയായി പരിഗണിക്കാൻ ജനങ്ങൾ നിർബന്ധിതരാകുന്നത്. ലിംഗപരമായ ഐഡന്റിറ്റിയിൽ ഞാൻ വിശ്വസിക്കാത്തിടത്തോളം കാലം ഞാൻ എങ്ങനെ ഈ കാറ്റഗറികളിലേക്കും ലിംഗത്തിന്റെ കള്ളികളിലേക്കും ഒതുങ്ങിപ്പോകും? തന്മൂലം പല ചോദ്യങ്ങളും എനിക്കു നേരെ ഉയരാം. ഉദാഹരണമായി ഈ വ്യവസ്ഥയിൽ എന്നെ എവിടെ നിർത്തണം എന്നത്. ഞാൻ നിസ്സംശയം പറയും ലിംഗവ്യതിയാനങ്ങളെയും വ്യത്യസ്തതകളേയും നിങ്ങൾ കള്ളികൾക്കുള്ളിൽ ഒതുക്കാൻ ശ്രമിച്ചതുകൊണ്ടാണ്, ഇപ്പോഴും നിങ്ങൾ ഈ ദ്വന്ദ്വത്തിന്റെ പിടിയിൽ നിൽക്കുന്നതുകൊണ്ടാണ് എന്ന്.

*എന്താണ് ട്രാൻസ്ജെൻഡറുകളുടെ ഐഡന്റിറ്റി? സ്ത്രീപുരുഷവിഭിന്നമായൊരു ലിംഗ ഇടമാണോ അതോ സ്ത്രീയോട് ചേർന്നു നിൽക്കുന്നതാണോ?*

സമൂഹം വ്യക്തമായ അതിർവരമ്പുകൾ ഓരോ ആൺപെൺലിംഗങ്ങൾക്ക് നിശ്ചയിച്ചിട്ടുണ്ട്. അതുകൊണ്ട് രൂപം, ഭാവം, വേഷം, പെരുമാറ്റം എല്ലാം ആ അതിർവരമ്പുകൾക്കിടയിൽ തളച്ചിടേണ്ടതുണ്ടെന്ന മിഥ്യാധാരണയുണ്ട്. ആ മിഥ്യാധാരണകളിൽ നിന്നു തന്നെയാണ് ഓരോ ജെൻഡറിനും സുവ്യക്തവും മുൻകൂട്ടി തീരുമാനിച്ചതുമായ സ്വത്വം പ്രദാനം ചെയ്യുന്നത്. മാത്രമല്ല, സമൂഹമെന്നത് ആൺ–പെൺ എന്ന ദ്വന്ദ്വത്തിലെ പദങ്ങൾക്ക് തുല്യപ്രാധാന്യമല്ല നിശ്ചയിച്ചിരിക്കുന്നത്. സമൂഹം ഇന്നും പിതൃവാഴ്ചസമ്പ്രദായത്തിൽ നിന്ന് അശേഷം മുക്തിനേടിയിട്ടില്ല. ഈ രണ്ട് കളങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന സ്വത്വബോധം മറ്റേതൊരു വ്യത്യസ്ത സ്വത്വബോധത്തേയും സമൂഹത്തിന്റെ നിർദ്ദിഷ്ടസീമകളെ ലംഘിക്കുന്നതായാണ് കണക്കാക്കുന്നത്. എനിക്ക് തോന്നിയിട്ടുള്ളത് സമൂഹത്തിന്റെ ഏറ്റവും വലിയ പ്രശ്നം എന്നു പറയുന്നത് അവർക്ക് ലിംഗപരമായ സവിശേഷതകളെ, ആഭിമുഖ്യകളെ ലൈംഗികതയുടെ കെട്ടുപാടുകൾക്കിടയിൽ വരിഞ്ഞുമുറുക്കുന്നു എന്നുള്ളതാണ്. വ്യത്യസ്തലൈംഗിക സ്വത്വങ്ങളെ സമൂഹം അംഗീകരിക്കേണ്ടതുണ്ട്. എന്നാൽ ലിംഗസ്വത്വം സംബന്ധിച്ച ചർച്ചകൾ വരുമ്പോൾ നിയമപരമായും സാമൂഹ്യപരമായും സാംസ്കാരികമായും നമ്മൾ അംഗീകരിച്ച രണ്ട് ലിംഗസ്വത്വങ്ങളെയുള്ളൂ. ആൺലിംഗവും പെൺലിംഗവും. ശരീരം സ്വത്വമായി മാറുമ്പോഴാണ് നിലവിലുള്ള സാമൂഹിക കീഴ്വഴക്കങ്ങൾക്ക് ഒപ്പിച്ച് പിതൃകോയ്മയും പെൺതാഴ്മയും എല്ലാം ഉണ്ടാവുന്നത്. അതിനുപകരം ഞാൻ നേരത്തെ പറഞ്ഞപോലെ ലൈംഗികാഭിമുഖ്യമാണ് കണക്കിലെടുക്കുന്നതെങ്കിൽ ആർക്കും ഏതുലിംഗത്തേയും പ്രതിനിധാനം ചെയ്യാം. ●



ചർച്ചാവിഷയം

# ലെസ്ബിയൻ ആത്മഹത്യകൾ : സഹയാത്രിക പഠനറിപ്പോർട്ട്

**"പഠിപ്പില്ലാത്ത" അല്ലെങ്കിൽ "വിവരമില്ലാത്ത" "പാവപ്പെട്ട വീട്ടിലെ" പെൺകുട്ടികളുടെ നന്നാക്കപ്പെടേണ്ട" അപക്വമായ പ്രവണത യായി മാത്രമാണ് സ്വവർഗ്ഗാനുരാഗം മാദ്ധ്യമങ്ങളിലൂടെ പൊതുമണ്ഡലത്തിൽ അവതരിപ്പിക്കപ്പെടുന്നത്.**



സുധ കെ.എഫ്

**ലെ**സ്ബിയൻ ആത്മഹത്യകളുടെ വസ്തുതാശേഖരണപഠനങ്ങളെ ആസ്പദമാക്കിയുള്ള അവലോകനം :

90കൾ തൊട്ട് 2003 വരെ നടന്നിട്ടുള്ള ലെസ്ബിയൻ ആത്മഹത്യകളുമായി ബന്ധപ്പെട്ട് സഹയാത്രികയും സ്ത്രീവേദിയും മറ്റു ഫെമിനിസ്റ്റുകളും നടത്തി വന്ന വസ്തുത ശേഖരണ പഠനങ്ങളെയും ഇന്റർവ്യൂകളേയും കുറിച്ചുള്ള ഒരു ചെറിയ അവലോകനമാണ് ഈ ലേഖനം. 'സഹയാത്രിക' എന്ന സംഘടനക്കും ഇപ്പോൾ സാമാന്യം വലുതായിത്തന്നെയുള്ള LGBTIQ പ്രസ്ഥാനത്തിനും തുടക്കം കുറിച്ചത് എന്നിരിക്കെ ഈ അവലോകനത്തിൽ നമ്മളെത്തിച്ചേരുന്ന പല നിഗമനങ്ങളും അന്നത്തെപ്പോലെ ഇന്നും ബാധകമാണ്. ഇതിൽ നമ്മുടെ ശ്രദ്ധയിൽപ്പെടുന്ന ആദ്യത്തെ കാര്യം ആത്മഹത്യ ചെയ്ത എല്ലാ പെൺകുട്ടികളും താഴ്ന്ന സാമ്പത്തികശ്രേണിയിൽപ്പെട്ടവരാണെന്നാണ്. (ജാതിയെക്കുറിച്ചുള്ള പരാമർശങ്ങളില്ല. ഒന്നുരണ്ടെണ്ണം ഒഴിച്ചു നിർത്തിയാൽ) ഈ കാര്യങ്ങളുമായി ബന്ധപ്പെട്ട് രണ്ടു കാര്യങ്ങളാണ് പറയാനുള്ളത്. ഒന്ന്, ആത്മഹത്യ ചെയ്ത പെൺകുട്ടികളുടെ വീട്ടുകാരും നാട്ടുകാരുമായി നടത്തിയിട്ടുള്ള ഇന്റർവ്യൂകളൊക്കെ പ്രതിധ്വനിപ്പിക്കുന്നത് ഹോമോഫോബിക് (Homophobic) ആയിട്ടുള്ള ഒരു സമൂഹത്തിൽ ഒട്ടും സാമ്പത്തികഭദ്രതയില്ലാത്ത ചുറ്റുപാടിൽ നിന്നും വരുന്ന ഈ പെൺകുട്ടികൾക്ക് ജീവിക്കാൻ ഭൗതികമായതോ സാമൂഹികമായതോ ആയിട്ടുള്ള ഒരു അനുകൂലസാഹചര്യവും നിലനിൽക്കാതിരിക്കെയാണ് അവർ പലപ്പോഴും ആത്മഹത്യയിലേക്ക് എത്തിച്ചേർന്നതെന്നാണ്. ജോലിസ്ഥിരതയോ മെച്ചപ്പെട്ട വേതനമോ ഇല്ലാത്തവരായിരുന്നു എല്ലാവരും തന്നെ. അതുകൊണ്ടു തന്നെ പിരിയാൻ പറ്റാത്തത്ര പ്രേമവും അടുപ്പവും ഉണ്ടായിരുന്ന പെൺകുട്ടികൾക്ക് മുന്നോട്ട് ജീവിക്കാനുള്ള ഭൗതികവും സാമൂഹികവുമായുള്ള ഇടങ്ങളുടെ അഭാവവും, അത് വിഭാവന പോലും ചെയ്യാൻ പറ്റാത്തത്ര ഹെറ്ററോനോർമേറ്റീവ് (Heteronormative) ആയ ഒരു പുരുഷാധിപത്യ സമൂഹത്തിലെ കല്പനകളും നിലനിൽക്കെ, മരണമല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല അവരുടെ സ്നേഹം ആവിഷ്ക്കരിക്കാൻ എന്നുള്ള ബോധത്തിൽ നിന്നുമാണ് ഈ ആത്മഹത്യകൾ ഉണ്ടാവുന്നത്. രണ്ടാമത്തെ കാര്യമെന്തെന്നാൽ, ഒരു വസ്തുത ശേഖരണ റിപ്പോർട്ടിലെ ഇന്റർവ്യൂവിൽ ക്വിയർ ആക്ടിവിസ്റ്റ് ദീപ സൂചിപ്പിച്ചതു പോലെ, പത്രമാദ്ധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ആത്മഹത്യകൾ മിക്കതും തൊഴിലാളിവർഗ്ഗത്തിനിടയിൽ നടക്കുന്ന ലെസ്ബിയൻ ആത്മഹത്യകൾ മാത്രമാണ്. ഇതിൽ പോലീസ് മാദ്ധ്യമങ്ങൾക്ക് കൊടുക്കുന്ന വിവരങ്ങൾക്കും റിപ്പോർട്ടുകൾക്കും സ്വവർഗ്ഗാനുരാഗത്തിന് ഒരു വർഗ്ഗവ്യവഹാര മാനം നൽകുന്നുണ്ട്. "പഠിപ്പില്ലാത്ത" അല്ലെങ്കിൽ "വിവരമില്ലാത്ത" "പാവപ്പെട്ട വീട്ടിലെ പെൺകുട്ടികളുടെ നന്നാക്കപ്പെടേണ്ട" അപക്വമായ പ്രവണതയായി മാത്രമാണ് സ്വവർഗ്ഗാനുരാഗം മാദ്ധ്യമങ്ങളിലൂടെ പൊതുമണ്ഡലത്തിൽ അവതരിപ്പിക്കപ്പെടുന്നത്. മദ്ധ്യവർഗ്ഗസാഹചര്യങ്ങളിൽ ഇത് ചർച്ചചെയ്യപ്പെടുമ്പോൾ, മുഖ്യധാരാപത്രങ്ങളും മാസികകളും ഇത് കൗമാരക്കാരായ പെൺകുട്ടികളുടെ അശ്ലീലമായ ലൈംഗികപരീക്ഷണങ്ങൾ മാത്രമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്.

പൊതുസമൂഹവും സമുദായങ്ങളും പങ്കുവ

*ശേഷം പേജ് 55 ൽ*







കുസുമം ജോസഫ്

# ഹരിതസാഹോദര്യത്തിന്റെ വക്താവിന് വിട

ജൂലൈ 28ന് മരണപ്പെട്ട മഹാശ്വേതാദേവി എഴുത്തുകാരി മാത്രമായിരുന്നില്ല; വാക്കും ശബ്ദവും ക്രിയയുമായിരുന്നു. ബംഗാളി ഭാഷയിൽ ഉദാത്തമായ കഥകൾ എഴുതി ഇന്ത്യയിലെ ഒന്നാംകിട എഴുത്തുകാരുടെ നിരയിലെത്തിയപ്പോഴും താൻ ജനക്കൂട്ടത്തിന്റെ പ്രതിനിധിയാകണം എന്നാഗ്രഹിച്ചു. എത്ര ആളുകളിലേക്ക് എത്താനാവുമോ അത്രയും ആളുകളിലേക്ക് എത്തിച്ചേരണം എന്നാഗ്രഹിച്ചു. രാജ്യം ജ്ഞാനപീഠത്തിലിരുത്തി ആദരിച്ച എഴുത്തുകാരി കഴിഞ്ഞ കുറേ വർഷങ്ങളായി രാജ്യത്തെ ഏറ്റവും ശക്തയായ പ്രതിപക്ഷനേതാവായിരുന്നു. കുറഞ്ഞ പക്ഷം ബംഗാളിലും കേരളത്തിലും ഇടതുപക്ഷ അനുഭാവിയായിരുന്നിട്ടും ബംഗാളിലെ ബുദ്ധദേവ് സർക്കാർ ആദിവാസികൾക്കും സ്ത്രീകൾക്കുമെതിരെ നിലപാടെടുത്തപ്പോൾ ശക്തമായ പ്രതിഷേധവുമായി അവർ മുൻനിരയിൽ നിന്നു. പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ പക്ഷം ചേരലായിരുന്നു അവരുടെ രാഷ്ട്രീയം. തന്റെ മഹത്തായ എഴുത്തു ശേഷിയും അവർ വിനിയോഗിച്ചത് ദുഃഖിതരെപ്പറ്റിയും നിസ്വരെപ്പറ്റിയും നിരാലംബരെപ്പറ്റിയും എഴുതാനാണ്. മഹാശ്വേതാദേവിയുടെ രചനകൾ പരിഭാഷയിലൂടെ മലയാളി ആസ്വദിച്ചുതുടങ്ങിയിട്ട് നാളേറെയായി. എന്നാൽ എൺപതുകൾക്കു ശേഷമുള്ള പതിറ്റാണ്ടുകളിൽ കേരളത്തിലെ സാമൂഹ്യരംഗത്തും രാഷ്ട്രീയരംഗത്തും സുപരിചിതയായി. ഇവിടുത്തെ ആദിവാസികൾക്കു വേണ്ടി ശബ്ദമുയർത്താൻ, കുടിയൊഴിപ്പിക്കപ്പെട്ടവന്റെ വേദനയിൽ പങ്കുചേരാൻ, രാഷ്ട്രീയ കൊലപാതകത്തിലെ ഇരകളുടെ ബന്ധുക്കളെ ആശ്വസിപ്പിക്കാൻ, പരിസ്ഥിതി മലിനീകരണത്തെ എതിർക്കാൻ, ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കപ്പെടണം എന്നാവശ്യപ്പെടാൻ, എഴുത്തുകാർ, ആക്ടിവിസ്റ്റുകൾ കൂടി ആകേണ്ടതുണ്ട് എന്നുറക്കെപ്പറയാൻ മഹാശ്വേതാദേവി കേരളത്തിൽ എത്തിക്കൊണ്ടിരുന്നു.

കേരളത്തിലെ പരിസ്ഥിതി സമരങ്ങളിൽ നിലപാടെടുക്കണമെന്നും ഒപ്പം നിൽക്കണമെന്നും അവരോടാവശ്യപ്പെടാൻ ഇവിടുത്തെ സാധാരണക്കാരായ പൊതുപ്രവർത്തകർക്കു പോലും സ്വാതന്ത്ര്യമുണ്ടായിരുന്നു. മഹാശ്വേതാദേവി അവർക്ക് കരുത്തിന്റെ കരമായിരുന്നു. അവരുടെ ശബ്ദം ലോകം ശ്രദ്ധിക്കും എന്നതുകൊണ്ട് അവർ തങ്ങൾക്കു വേണ്ടി സംസാരിക്കണമെന്നും എഴുതണമെന്നും പരിസ്ഥിതിപ്രവർത്തകരും സമരസംഘടനകളും ആഗ്രഹിച്ചു. വീൽചെയറിലിരുന്ന് കാതിക്കുടത്തെ മലിനീകരണത്തിനെതിരെ പ്രതിഷേധിക്കാനെത്തി. വികസനത്തിന്റെ പേരിൽ സ്വന്തം വീടുകളിൽ നിന്ന് ഭരണകൂടം പുറത്താക്കിയ മൂലമ്പിള്ളിയിലെ ജീവിതങ്ങളെ കാണാനെത്തി. രാജ്യം ആദരിക്കുന്ന എഴുത്തുകാരി തന്റെ ശാരീരികക്ലേശങ്ങളെല്ലാം അവഗണിച്ച് ജീവിതക്ലേശങ്ങളിൽപ്പെട്ടുപോകുന്നവരോടൊപ്പം നിൽക്കാൻ തയ്യാറായി എല്ലായിടത്തും എത്തി.

മാളയിലെ ജൂതസ്മാരകങ്ങൾ വികസനത്തിന്റെ പേരിൽ തകർക്കുന്ന അധികാരികളെ അത് തലമുറകളോട് ചെയ്യുന്ന തെറ്റാണ്, സംസ്കാരത്തോട് ചെയ്യുന്ന അതിക്രമമാണ് എന്നോർമ്മിപ്പിക്കാൻ ദീദി മാളയിലും വന്നു. പ്രകൃതിയിൽ എല്ലാത്തരം സസ്യലതാദികളും സൗഹൃദത്തോടെ വളരുന്നു. വിശേഷിച്ച് കേരളം വിവിധയിനം വൃക്ഷങ്ങൾ വളരുന്ന ഇടമാണ്. അത്തരം ഒരു ഹരിതസൗഹൃദമാണ് വിവിധ സമൂഹങ്ങൾ ഒന്നിച്ചു ജീവിക്കുമ്പോൾ സാധ്യമാകേണ്ടത്. മാളയിലെ ജൂതസാന്നിദ്ധ്യം ഈ ഹരിതസാഹോദര്യത്തിന്റെ തെളിവായിരുന്നു. ജൂതസ്മാരകങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് ജനങ്ങളുടെ ആവശ്യമാണ്, അധികാരികളുടെ ഉത്തരവാദിത്വമാണ് എന്ന് 2012 ഡിസംബറിലെ കേരളയാത്രയിൽ മഹാശ്വേതാദേവി മാള സന്ദർശിച്ചുകൊണ്ട് ഓർമ്മിച്ചു.

മഗ്സസെ അവാർഡ്, പത്മവിഭൂഷൺ, കേന്ദ്രസാഹിത്യഅക്കാദമി അവാർഡ് എല്ലാം ലഭിച്ചത് എഴുത്തുകാരുടെ സിംഹാസനത്തിൽ ഇരിക്കാൻ അവരെ പ്രേരിപ്പിച്ചില്ല. നന്ദിഗ്രാമിലേയും സിങ്കൂരിലേയും ആദിവാസികൾക്ക് തന്റെ ചുമലിൽ തലചായ്ച്ചു കരയാൻ അവർ നിന്നുകൊടുത്തു. ദരിദ്രരായ സ്ത്രീകൾ തന്നെ ചേർത്ത് പിടിച്ചു കരയുമ്പോൾ ഈറൻ മിഴികളോടെ നിൽക്കുന്ന മഹാശ്വേതാദേവിയാണ് മനസ്സിലെ തെളിമയാർന്ന ചിത്രം. സമസ്തജനങ്ങളുടെയും സ്വാസ്ഥ്യത്തിനായി എഴുതിയും പ്രസംഗിച്ചും പ്രതിഷേധിച്ചും ജീവിതം സാർത്ഥകമാക്കിയ മഹാശ്വേതാദേവിക്ക് സാദരപ്രണാമം. ●





ഡോ.ജാൻസി ജോസ്

# വാസ്തവം

ധാരാളം വാഗ്ദാനങ്ങളും പ്രതീക്ഷകളും നൽകുന്ന ഒരു ബജറ്റ് അവതരിപ്പിച്ചു കഴിഞ്ഞു. കോടികളുടെ കടം ഉണ്ടെന്നു പറയുകയും അതി നിരട്ടിക്കോടികളുടെ ബജറ്റ് അവതരിപ്പിക്കുകയും ചെയ്തില്ലേ എന്ന ഗൂഢമായ ഒരു ശങ്കയൊഴി ച്ചാൽ മറ്റൊരു ദോഷവും (ഗുണവും ഉണ്ടാ യിട്ടില്ല) എന്നു പറയാം. ഒതുക്കേണ്ടവരെ ഒതുക്കി ഒതുക്കത്തിൽ ഭരിക്കാൻ പഠിച്ചിറങ്ങി യതു പോലല്ലേ ഭരണസാരഥികളുടെ നീക്കം. ഒന്നു രണ്ടു പിഴ (നാവുപിഴച്ചത്) മറക്കാനും പറ്റുന്നില്ല. പക്ഷേ പുകിലുകൾ ധാരാളം ഉണ്ടാ കുന്നുണ്ട് (ഉണ്ടാക്കുന്നുമുണ്ട്). അവകാശപ്പോരാ ട്ടങ്ങൾക്ക് ഫലം കണ്ടെത്താൻ കഴിയുന്ന ഭരണ കാലമായിരിക്കും ഇതെന്ന് പോരാട്ട ബോധമുള്ള ആളുകളെല്ലാം ചിന്തിക്കുന്നുണ്ടാവും.

ടെക്സ്റ്റൈൽ തൊഴിലാളികളുടെ തൊഴിൽസമ യം, കൂലി തുടങ്ങിയ കാര്യങ്ങളിൽ പുതിയ നിയമം വരും എന്ന തീരുമാനം തന്നെ ആവേ ശമുളവാക്കുന്നതാണ്. നഴ്സുമാർ, സപ്ലൈകോ തൊഴിലാളികൾ മറ്റു അസംഘടിതമേഖലയിൽ പ്രവർത്തിക്കുന്നവരുടെയൊക്കെ കാര്യങ്ങളിൽ തീരുമാനമുണ്ടാകുമെന്ന് ഞങ്ങൾ വിശ്വസിക്കു ന്നു. പ്രശ്നങ്ങളില്ലാതെ ഉറങ്ങാൻ പറ്റാത്ത അവ സ്ഥയായിരിക്കുന്നു ഇപ്പോൾ. ഏറ്റവും ഒടുവിൽ വന്ന പത്രപ്രവർത്തക-അഭിഭാഷകസംഘട്ടനം വരെ ഉദാഹരണം. ഒന്നോ രണ്ടോ ആളുകളുടെ പേരിൽ മുഴുവൻ വിഭാഗവും നാറേണ്ടി വരുന്നത് ആദ്യമായിട്ടൊന്നുമല്ല. ആരുടെ പക്ഷത്ത് ശരിയു ണ്ടെങ്കിലും തെറ്റുണ്ടെങ്കിലും എനിക്ക് തോന്നുന്നു പ്രതിപക്ഷ ബഹുമാനം കൈവിടരു തെന്ന്. എന്തായാലും എഴുതാനറിയുന്നവർ പത്ര ക്കാർ മാത്രമോ പറയാനറിയുന്നവർ അഭിഭാഷ കർ മാത്രമോ അല്ല എന്നോർമ്മവേണം.

മതബോധത്തിന്റെ തീവ്രത മൃഗീയമെന്നു പറ യുന്നതിനും പോരായ്മയുണ്ട്. മൃഗങ്ങൾ തങ്ങളെ ഉപദ്രവിക്കുന്നവരെ മാത്രം ഉപദ്രവിക്കുന്നു. ഭക്ഷ ണത്തിനുവേണ്ടി മാത്രം കൊല്ലുന്നു. മൃഗ ങ്ങൾക്കു വേണ്ടി മനുഷ്യനെ കൊല്ലുന്ന ഏർപ്പാട് നമ്മുടെ രാജ്യത്ത് മാത്രമേയുള്ളൂ എന്നുതോന്നു ന്നു. അറിവില്ലാത്തവർ തുള്ളുകയും അറിവുള്ള വർ കണ്ട് രസിക്കുകയും ചെയ്യുന്ന ഒരേർപ്പാടാ ണിത്. മതത്തിനു വേണ്ടി മനുഷ്യനെ കൊല്ലുന്ന ഏർപ്പാട് വ്യാപകമാണിപ്പോൾ. പോപ്പ് പറഞ്ഞതി നോട് പൂർണ്ണമായും യോജിക്കാതിരിക്കാനാവില്ല. “സ്വർഗ്ഗത്തിൽ പോകാൻ ദൈവത്തിൽ വിശ്വസി ക്കേണ്ടതില്ല നന്മ ചെയ്താൽ മതി.”

കേരളത്തിൽ ഏറ്റവുമധികം സ്ത്രീ വിരുദ്ധ പ്രസ്താവനകൾനടത്തിപ്പരുക്കേറ്റവർ ആരാണ് എന്ന് എല്ലാവർക്കുമറിയാം. കാന്തപുരം മുസ്ലിയാരുടെയും മറ്റും പ്രസംഗങ്ങൾ നമുക്ക് മറക്കാൻ കഴിയില്ല. എന്നാൽ ശക്തരും വീരരുമായ എത്രയോ മുസ്ലിം സ്ത്രീകൾ ഭരണാധികളായിരുന്നിട്ടുണ്ട്. വിവിധ രാജ്യങ്ങളിൽ തലപ്പത്തിരുന്ന ഒൻപതു സ്ത്രീകളെക്കൂടി ഞാനിവിടെ പരിചയപ്പെടുത്തുന്നു.

| | |
|---|---|
| ടാൻസു സില്ലർ | - ടർക്കിഷ് പ്രധാനമന്ത്രി |
| മേഗാവതി ശുക്രനോപുത്രി | - ഇൻഡോനേഷ്യൻ പ്രസിഡന്റ് |
| മാമേ മഡിയോർ ബോയ് | - സെനിഗൽ പ്രധാനമന്ത്രി |
| അറ്റിഫേറ്റെ ജഹ്ജാഗാ | - കോസോവോ പ്രഡിഡന്റ് |
| റോസാ ഒട്ടുൻബയേവാ | - കിർഗിസ്ഥാൻ പ്രസിഡന്റ് |
| ഷെയ്ക്ക് ഹസീന | - ബംഗ്ലാദേശ് പ്രധാനമന്ത്രി |
| ബേനസീർ ഭൂട്ടോ | - പാകിസ്ഥാൻ പ്രധാനമന്ത്രി |
| ബീഗം ഖാലിയാ സീയ | - ബംഗ്ലാദേശ് പ്രധാനമന്ത്രി |
| അമീനാ ഫക്കീം | - മൗറീഷ്യസ് പ്രസിഡന്റ് |

# ഒറ്റപ്പെട്ടവൾക്കായി ചില വഴിവെളിച്ചങ്ങൾ




എം.ഡി.രാധിക

**കാ**വയിത്രിയായ ബ്ലാക് ലെസ്ബിയൻ ഫെമിനിസ്റ്റ് ഓഡ്രി ലോർഡിന്റെ (Audre Lorde) പതിനഞ്ച് ലേഖനങ്ങളുടെ സമാഹാരമാണ് 'സിസ്റ്റർ ഔട്ട് സൈഡർ' കറുത്തവംശജയും സ്വവർഗ്ഗസ്നേഹിയും ആകയാലാണ് അവർക്ക് സ്വയം ഒരന്യയായി കാണേണ്ടിവരുന്നത്. താൻ ഒരു സൈദ്ധാന്തികയല്ല എന്നവർ പറയുന്നു. സ്വന്തം ജീവിതാനുഭവങ്ങളിൽ ഊന്നിനിന്നുകൊണ്ട്, ചിന്തകളേക്കാൾ വികാരങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടാണ് താൻ എപ്പോഴും എഴുതുന്നത്.

വിവേചനമുളവാക്കുന്ന വേദന ശരിക്കുമറിയുന്ന കറുത്തവർക്കിടയിൽപ്പോലും ലെസ്ബിയനിസം അംഗീകരിക്കപ്പെടുന്നില്ല. എന്നാൽ പുരുഷന്മാരുടെ സ്വവർഗ്ഗാനുരാഗത്തോട് അത്രക്ക് എതിർപ്പില്ലതാനും. തങ്ങളുടെ വംശത്തിന്റെ അന്ത്യമായിരിക്കും ലെസ്ബിയനിസം കുറിക്കുക എന്ന് ചിലർ വാദിക്കുന്നു. എന്നാൽ അവർക്കിടയിലെ എല്ലാ സ്ത്രീകളും ലെസ്ബിയൻസല്ല. ലെസ്ബിയൻസിനിടയിൽ തന്നെ കുട്ടികൾ ഉള്ളവരുമുണ്ട്. ഓഡ്രെ ലോർഡ് അതിന് ഒരു ഉദാഹരണമാണ്. അതുകൊണ്ടു തന്നെ ഇത്തരം പേടിക്കൊന്നും അർത്ഥമില്ല. സ്വന്തം മുഖം ഒരു പുരുഷന്റെ കണ്ണുകളിൽ പ്രതിഫലിച്ചുകാണാൻ കൊതിക്കാത്തതുകൊണ്ടാണോ, സ്വന്തം ആത്മനിർവ്വചനത്തിന് ഒരു പുരുഷനെ ആശ്രയിക്കാത്തതുകൊണ്ടാണോ ഒരു ലെസ്ബിയൻ വെറുക്കപ്പെടുന്നത് എന്ന് ലോർഡ് ചോദിക്കുന്നു.

പുരുഷാധിപത്യം എപ്പോഴും യുക്തിബോധത്തെ ആധാരമാക്കുന്നു. എന്നാൽ സ്ത്രീയുടെ ഊർജ്ജത്തിന്റെ, കരുത്തിന്റെ ഉറവിടം അവളുടെ ജീവിതരതിയാണ്, കാമനകളാണ്. The erotic എന്ന് ലോർഡ് അതിനെ വിളിക്കുന്നു. നാമെടുക്കുന്ന തൊഴിൽ പോലും ആസ്വാദ്യമാവുന്നത് ഈ രതിഭാവം ഉൾച്ചേരുമ്പോൾ മാത്രമാണ്. ഈ രതി ആത്മീയത തന്നെയാണ്. എന്തെന്നാൽ യഥാർത്ഥ ആത്മീയത ജീവിതനിഷേധിയല്ല.

'മേരി ഡാലിക്ക് ഒരു തുറന്ന കത്ത്' എന്ന ലേഖനത്തിൽ എന്തുകൊണ്ടാണ് ഒരു റാഡിക്കൽ ഫെമിനിസ്റ്റ് ചിന്തകയും ദൈവശാസ്ത്രജ്ഞയുമായ ഡാലിയുടെ ദേവീ സങ്കല്പം പടിഞ്ഞാറിന്റേതും ജൂത-ക്രിസ്തീയ പാരമ്പര്യത്തിന്റേതും മാത്രമായി ചുരുങ്ങിയത് എന്ന ചോദ്യം ലോർഡ് ഉന്നയിക്കുന്നു. കറുത്തവംശജരുടെ പൂർവ്വമാതാക്കളെക്കുറിച്ച് അവരുടെ ശക്തിയേയും സ്നേഹിക്കാനുള്ള വലുതായ കഴിവിനേയും കുറിച്ച് 'എന്തുകൊണ്ട്'






ഓഡ്രി ലോർഡ്

മേരി ഡാലി എഴുതുന്നില്ല? കറുത്തവരുടെ ചരിത്രത്തിലും പുരാവൃത്തങ്ങളിലും ഇരയാക്കപ്പെടൽ മാത്രമല്ലല്ലോ ഉള്ളത്. നിങ്ങളെ വായിക്കുമ്പോൾ സ്ത്രീ സാഹോദര്യത്തിനപ്പുറം വംശവിദ്വേഷം പിന്നേയും നിലനിൽക്കുന്നതായി ഞാനറിയുന്നു എന്നവർ മേരിഡാലിയോട് തുറന്നടിക്കുന്നു.

ബെത് എന്നൊരു മകളും ജോനാഥൻ എന്നൊരു മകനുമുണ്ട് ഓഡ്രി ലോർഡിന്. അവരുടെ ലെസ്ബിയൻ ഇണ ഫ്രാൻസെസ് (Frances) ഒരു വെള്ളക്കാരിയാണ്. നാൽവരും ഒരുമിച്ചു താമസിക്കുന്നു. ജീവിതത്തിൽ ആൺകുട്ടികളുടെ മാർഗം പെൺകുട്ടികളുടേതിനേക്കാൾ ദുഷ്ക്കരമാണെന്ന് ലോർഡ്. കാരണം ആണുങ്ങളാവാൻ അവർക്ക് അമ്മമാരിൽ നിന്ന് അകന്നുപോകേണ്ടതുണ്ട്. അതോടൊപ്പം വികാരങ്ങളിൽ നിന്ന് അകലം ദീക്ഷിക്കാനും അവർ ശീലിക്കുന്നു. വൈകാരികത സ്ത്രീയുടെ മാത്രം ബാദ്ധ്യതയായിത്തീരുന്നു. എന്നാൽ അതിന്റെ പേരിൽ അവളെ താഴ്ത്തിക്കെട്ടുകയും ചെയ്യുന്നു. ആഴമുള്ള വികാരങ്ങൾ ആസ്വദിക്കാൻ കെല്പുള്ള ഒരാളായി തന്റെ മകൻ വളരണമെന്ന വേറിട്ട ആഗ്രഹമാണ് ലോർഡിനുള്ളത്. ആ പണി അമ്മയേയോ മറ്റേതെങ്കിലും സ്ത്രീയേയോ ഏല്പിച്ച് അവൻ തടിതപ്പരുത്. സ്കൂളിൽ ജോനാഥൻ വ്യത്യസ്തനായിരുന്നു. അവൻ പരുക്കൻ കളികളിൽ പങ്കെടുത്തില്ല. തല്ലുകൂടാൻ മുതിർന്നില്ല. നായ്ക്കളെ കല്ലെറിഞ്ഞില്ല. പുറമേ നിന്നും വരുന്ന പ്രേരണകളേയും ഭീഷണികളേയും വകവെക്കാതെ തന്റെ ഉള്ളിൽ നിന്നും വരുന്ന സ്വരത്തെ കേൾക്കാൻ അതനുസരിച്ചു ജീവിക്കാൻ തന്റെ മകൻ പ്രാപ്തനാവണം എന്നതാണ് ലോർഡിന്റെ സ്വപ്നം. എന്റെ മക്കൾ എന്നെപ്പോലെയാവാനല്ല എന്നിൽ നിന്നും പഠിക്കേണ്ടത്; അവരവർ തന്നെ ആകാനാണ്. ആ പാഠം തനിക്കവരെ പഠിപ്പിക്കാൻ കഴിയുക, എപ്പോഴും താൻ തന്നെ ആയിരിക്കുമ്പോൾ മാത്രമാണെന്ന് അവർ വിശ്വസിക്കുന്നു. ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും ഇല്ലാത്ത ഒരു വീട്ടിൽ വളരാനുള്ള ഭാഗ്യം തന്റെ മക്കൾക്കുണ്ടായി എന്നവർ കരുതുന്നു. എന്നാൽ എല്ലാ ലെസ്ബിയൻ ഇണകളും ഇത്തരമൊരു ജീവിതരീതിയല്ല അവലംബിക്കുന്നത്. പലരും ശ്രേണീബദ്ധമായ, പുരുഷാധിപത്യ കുടുംബരീതികളുടെ തടവിൽ തന്നെയാണ് ഇപ്പോഴും.

പടിപടിയായി കൃത്യതയോടെ ചിന്തിക്കുന്ന ഒരാളല്ല താൻ എന്ന് ലോർഡ്. തന്റെ ഉള്ളിൽ നിന്ന് ആശയങ്ങൾ കുമിളകൾ പോലെ പൊങ്ങിവരികയാണ് ചെയ്യാറ്. ചിട്ടപ്രകാരമുള്ള ചിന്ത ഒരുപാടു തെറ്റുകൾ വരുത്തുന്നുണ്ട്. മാത്രമല്ല, മുമ്പ് ഇവിടെ ഇല്ലാത്തത്, തികച്ചും നവ്യമായത് മുളച്ചു പൊന്തുന്നത് മനുഷ്യമനസ്സിന്റെ വളക്കൂറുള്ള ആഴങ്ങളിൽ നിന്നാണ്. എന്നാൽ പലപ്പോഴും സ്വയം അവിശ്വസിക്കാനാണ് നമ്മെ പരിശീലിപ്പിക്കുന്നത്. വരണ്ട ചിന്തയെ സംശയത്തോടെ കാണുന്ന ലോർഡ്, മനുഷ്യവംശം വികാരങ്ങളുടെ കൂടി വക്താവായ സ്ത്രീയിലൂടെ പരിണമിച്ചു കൊണ്ടിരിക്കയാണ് എന്ന് ഉറച്ചുവിശ്വസിക്കുന്നു.

വംശം, വർഗ്ഗം, ലൈംഗികതെരഞ്ഞെടുപ്പുകൾ, പ്രായം എന്നിങ്ങനെയുള്ള വ്യത്യസ്തതകൾ കണക്കിലെടുക്കാത്ത സ്ത്രീവാദചർച്ചകൾ ദുർബലങ്ങളാണ്. കോൺഫറൻസുകളിൽ പങ്കെടുത്ത്, ഫെമിനിസ്റ്റ് സിദ്ധാന്തം ചർച്ചചെയ്യുന്ന വെള്ളക്കാരി, അവളുടെ വീട് വൃത്തിയാക്കുന്ന, കുട്ടികളെ നോക്കുന്ന കറുത്തവളുടെ പ്രശ്നങ്ങളെപ്പറ്റി ഒരക്ഷരം മിണ്ടുന്നില്ല. ലോർഡു ഈ സമീപനത്തെ 'റേസിസ്റ്റ് ഫെമിനിസം' (racist feminism) എന്നു തന്നെ വിളിക്കുന്നു. കലാപ്രദർശനങ്ങളിൽ നിന്ന് കറുത്തവളുടെ സൃഷ്ടികൾ ഒഴിവാക്കപ്പെടുന്നു. ഫെമിനിസ്റ്റ് പ്രസാധകർ അവളുടെ കൃതികൾ എടുക്കാതെ മാറ്റിവെക്കുന്നു. അവളുടെ രചനകൾ മിക്കപ്പോഴും വായിക്കപ്പെടാതെ പോകുന്നു. ഇതൊക്കെയും ഫെമിനിസ്റ്റ് വംശവെറി തന്നെ. വ്യത്യസ്തരാകാൻ കറുത്തവരുടെ സാഹിത്യം തനിക്ക് പഠിപ്പിക്കാനറിയില്ലെന്ന പറയുന്ന വെളുത്ത അദ്ധ്യാപികയോട് എത്ര വർഷങ്ങൾ നിങ്ങൾ പ്ലോറ്റോയേയും ഷേക്സ്പിയറേയും പ്രൗസ്റ്റിനേയും യാതൊരെതിർപ്പുമില്ലാതെ പഠിപ്പിച്ചു എന്ന് ലോർഡ് തിരിച്ചു ചോദിക്കുന്നു.

ആപ്പിൾ പൈ പോലെത്തന്നെ അമേരിക്കനാണ് വംശവിദ്വേഷവും എന്ന് ലോർഡ്. വിചിത്രമെന്നു പറയട്ടെ, അടിച്ചമർത്തുന്നവരെ അവരുടെ തെറ്റുകളെപ്പറ്റി ബോധ്യപ്പെടുത്തേണ്ടത് അടിച്ചമർത്തപ്പെട്ടവരുടെ ഉത്തരവാദിത്വമായി എവിടേയും കണക്കാക്കപ്പെടുന്നു. വ്യത്യസ്തരെ തുല്യരായി കാണാൻ നമ്മെ ആരും പഠിപ്പിക്കുന്നില്ല. കറുത്തസ്ത്രീകളുടെയും വെളുത്തസ്ത്രീകളുടെയും ചില പ്രശ്നങ്ങൾ ഒരു പോലെ ആയിരിക്കാം. എന്നാൽ മറ്റു ചിലവ അല്ല. ഉദാഹരണത്തിന് , വെളുത്ത സ്ത്രീവാദിക്ക് തന്റെ മകൻ ഒരു പുരുഷമേധാവിയായി വളരുമെന്നും തനിക്കെതിരെ തിരിയുമെന്നും ഉള്ള പേടിയായിരിക്കാം ഉള്ളിൽ; എന്നാൽ കറുത്തവൾ ഭയപ്പെടുന്നത് അവളുടെ മകൻ ഏതുനിമിഷവും തെരുവിൽ കൊല്ലപ്പെട്ടേക്കാം എന്നാണ്.

വംശവിദ്വേഷത്തോടുള്ള തന്റെ പ്രതികരണം രോഷമാണ് എന്ന് ലോർഡ്. രോഷവും വെറുപ്പും രണ്ടാണെന്ന് അവർ. വ്യക്തിപരവും സ്ഥാപനപരവുമായ അടിച്ചമർത്തലിൽ നിന്നുണ്ടായ രോഷത്തിന്റെ ഒരു കലവറ തന്നെയുണ്ട് സ്ത്രീകൾക്കുള്ളിൽ നിർവ്വീര്യമാക്കപ്പെടാത്ത ഒരു ബോംബു പോലെ. എന്നാൽ ഈ രോഷത്തിൽ ഒരുപാട് അറിവും ഊർജ്ജവും അടങ്ങിയിരിക്കുന്നു. അതിനെ സമൂഹത്തിൽ മാറ്റം കൊണ്ടുവരുന്നതിനായി സർഗ്ഗാത്മകമായി ഉപയോഗിക്കാനാകും. എന്നാൽ വെറുപ്പാകട്ടെ, വന്ധ്യവും മരണത്തിലേക്കും നാശത്തിലേക്കും മാത്രം നയിക്കുന്നതും ആണ്.

അമേരിക്കയിൽ, ഏറ്റവും കുറഞ്ഞ കൂലി ലഭിക്കുന്നവർ കറുത്തവംശജകളാണ്. അവരുടെ ഇടയിലെ ശിശുമരണനിരക്ക് വെളുത്തവർക്കിടയിലേതിനേക്കാൾ ഇരട്ടിയാണ്. വെളുത്തവരുടെ കണ്ണിൽ തെളിയുന്ന താൻ ഇല്ലാതായിക്കാണാൻ വരെ അവരാഗ്രഹിക്കുന്നു എന്നു തോന്നിക്കുന്ന കഠിനമായ വെറുപ്പ് ചെറുപ്പം മുതലേ താൻ അനുഭവിക്കുന്നുണ്ട് എന്ന് ലോർഡ്. പിന്നീടത് പത്രങ്ങളിലും റേഡിയോയിലും സിനിമകളിലുമൊക്കെ ആവർത്തിച്ചു കാണാനിടയായി. ഈ ലോകത്തെ മറ്റേതൊരു ജീവിക്കാണ് ഒരു കറുത്തവംശജയോളം വെറുപ്പ് ഏറ്റുവാങ്ങേണ്ടി വരുന്നത് എന്നവർ ഹൃദയഭേദകമാംവിധം ചോദിക്കുന്നു. ഈ ഭൂമിയിൽ സ്വന്തം അമ്മയിൽ നിന്നു മാത്രമാണ് അവർ സ്നേഹമറിയുന്നത്. എല്ലാ പെൺമക്കൾക്കും ഒരു നാൾ അമ്മയെ പിരിയേണ്ടി വരും. എന്നാൽ കറുത്ത പെൺകുട്ടി അതോടെ ഈ ക്രൂരമായ ലോകത്ത് തീർത്തും ഏകയാവുന്നു. സ്വയം സ്നേഹിക്കാൻ കഴിയാത്തതുകൊണ്ടാവും ഇന്നത്തെ കറുത്ത സ്ത്രീകൾ അന്യോന്യം സ്നേഹിക്കാനും അംഗീകരിക്കാനും തയ്യാറാവാത്തത് എന്ന് ലോർഡ് കരുതുന്നു. എന്നാൽ അവരുടെ പൂർവ്വികരായ സ്ത്രീകൾ അങ്ങനെയായിരുന്നില്ല. അവർ പരസ്പരം താങ്ങും തണലുമായി നിന്നു. അന്യോന്യം മുറിവുകളുണ്ടാക്കി. നഷ്ടപ്പെട്ട ആ കൂട്ടായ്മ തിരിച്ചുപിടിച്ചേ പറ്റൂ.

നമുക്ക് നമ്മുടെ തന്നെ അമ്മമാരാവാൻ പഠിക്കുക എന്ന് ലോകത്തിലേക്കും ഒറ്റപ്പെട്ട തന്റെ സഹയാത്രികകളോട് ഓഡ്രി ലോർഡ്. കണ്ണാടിയിൽ നോക്കി നിങ്ങളിലെ സ്നേഹിക്കപ്പെടാത്ത ആ കറുത്ത പെൺകുട്ടിയെ സ്നേഹിക്കുക. സ്വന്തം സാദ്ധ്യതകൾ സഫലീകരിക്കാനായി യത്നിക്കുക. വിജയങ്ങൾ ആഘോഷിക്കുമ്പോൾത്തന്നെ, തോൽവികളിൽ സ്വയം സമാശ്വാസമാവുക. തന്നിലെത്തന്നെ മാധുര്യം നുകരുക. കാരണം, ജലവും സൂര്യപ്രകാശവും പാറക്കെട്ടും പോലെ പ്രകൃതിയിലെ ഒരു ഉത്സവമാകുന്നു. നിങ്ങളും. ●

---

*പേജ് 50 തുടർച്ച*

യ്ക്കുന്ന ഹെറ്ററോനോർമേറ്റീവായതും ഹോമോഫോബിക്കായതുമായ മനോഭാവങ്ങളോടൊപ്പം തന്നെ പല ആധുനികവ്യവഹാരങ്ങളും ഭരണകൂടസ്ഥാപനങ്ങളും ഇത് വെച്ചുപുലർത്തുന്നുണ്ട്. അദ്ധ്യാപകർ, മാദ്ധ്യമപ്രവർത്തകർ, പോലീസ് ഉദ്യോഗസ്ഥർ അങ്ങനെ പല അധികാരസ്ഥാനങ്ങളിലിരിക്കുന്നവരുടെയും കാഴ്ചപ്പാട് ഒട്ടും വ്യത്യസ്തമല്ല. ഉപദേശിച്ച് ശരിയാക്കാവുന്ന ബാലിശമായ അല്ലെങ്കിൽ അപകടമായ പ്രവണതമാത്രമാണ് സ്വവർഗ്ഗാനുരാഗം അല്ലെങ്കിൽ സ്വവർഗ്ഗരതി എന്നാണ് ധാരണ.

അതിലും ഗുരുതരവും ഗാഢമായ ചർച്ചയ്ക്കും പുനരവലോകനങ്ങൾക്കും വിധേയമാകേണ്ടതും പലപ്പോഴും വൈദ്യവ്യവഹാരമാണ്. ഈ വസ്തുതാശേഖരണറിപ്പോർട്ടുകളിൽ വെളിപ്പെടുന്ന പല മനഃശ്ശാസ്ത്രജ്ഞരുടേയും വാദത്തിൽ ഇത് അനുകമ്പ അർഹിക്കുന്ന അവസ്ഥയാണെങ്കിലും ശരിയാക്കപ്പെടേണ്ട ഒരു 'developmental phase' ആയിട്ടാണ് സ്വവർഗ്ഗാനുരാഗത്തെ കാണുന്നത്. അത് ലൈംഗികതാത്പര്യമായി കാണാതെ ഒരു ലൈംഗികവ്യതിയാനം മാത്രമായി മനശാസ്ത്രജ്ഞരും വൈദ്യശാസ്ത്രശാഖയും അതിനെ നിർവ്വചിക്കുമ്പോൾ, LGBTQ സ്പെക്ട്രം ഒരിക്കലും ഐഡന്റിറ്റീസ് ആയിട്ട് കാണപ്പെടുന്നില്ല എന്നുള്ളതും ലൈംഗികതാല്പര്യം ഒരു മനുഷ്യാവകാശപ്രശ്നമായി ഒരിക്കലും അംഗീകരിക്കപ്പെടുന്നില്ല എന്നതുമാണ്.

ഈ റിപ്പോർട്ടുകളിലെ കേസ് സ്റ്റഡികളിൽ മിക്കതിലും രണ്ട് പെൺകുട്ടികളും ആദ്യം അവരവരുടെ വീടുവിട്ട് ഒരുമിച്ച് ജീവിക്കാനുള്ള ശ്രമമെന്നവണ്ണം നാടുവിട്ട് പോവുകയും പിന്നീട് വീടുകളിൽ തിരിച്ചെത്തി കുറച്ച് നാളുകൾക്കുള്ളിൽത്തന്നെ ആത്മഹത്യ ചെയ്തവരുമാണ്. വീട്ടിലും ചുറ്റുപാടുകളിലും പ്രതികൂല സാഹചര്യങ്ങൾ നിലനിൽക്കെ അവരുടെ വികാരങ്ങളെയോ വിചാരങ്ങളെയോ ശരിവെക്കുന്ന ഒരു തരം സപ്പോർട്ട് സിസ്റ്റവും ലഭ്യമാവാതെയാണ് പലരും ആത്മഹത്യയിലേക്ക് എത്തിച്ചേർന്നതെന്ന് ഈ ഇന്റർവ്യൂകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. വ്യത്യസ്തമായതുകൊണ്ട് അത് ക്രമവിരുദ്ധവും (Abnormal) വ്യതിയാനവും (deviation) ആകുന്നില്ല എന്നും സ്വവർഗ്ഗാനുരാഗം ഒരു ലൈംഗികതാത്പര്യം ആണെന്നും അത് നിഷേധിക്കുന്നത് ഒരു മനുഷ്യാവകാശലംഘനം തന്നെയാണെന്നും പൊതുമണ്ഡലത്തിലും ശരീരത്തിനെക്കുറിച്ചുള്ള 'അറിവ്' എന്താണ് എന്ന് നിർണ്ണയിക്കുന്നതിൽ പ്രധാനപങ്ക് വഹിക്കുന്ന വൈദ്യവ്യവഹാരത്തിനെക്കുറിച്ചും നടക്കേണ്ട കൃത്യമായിട്ടുള്ള വിമർശനപരമായ വിലയിരുത്തലുകളുടെ ആവശ്യകതയാണ് ചൂണ്ടിക്കാണിക്കുന്നത്.

ഇന്ന് ഇതുപോലെയുള്ള പലർക്കും എത്തിച്ചേരാനും സഹായം ലഭിക്കാനും ഇടങ്ങൾ ഉണ്ടെന്നിരിക്കെ സമൂഹമുഖ്യധാരയുടെ ചിന്താരീതികളിൽ പലതിലും കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കേണ്ടതുണ്ട്. ●



രാജിരാധാകൃഷ്ണൻ

# ചിന്താനുറുങ്ങുകൾ



ഗേറ്റിന് വെളിയിൽ ഒരു വാഹനം ബ്രേക്കിട്ട ശബ്ദം. ഇങ്ങോട്ടുള്ള ആരുമല്ല. ആർക്കോ വീടു തെറ്റിയതാവാം. ഇന്നിപ്പോൾ പഴയതുപോലെ അപ്രതീക്ഷിത അതിഥികൾ ഉണ്ടാവാറില്ലല്ലോ. മൊബൈൽ ഫോണിന്റെ വരവോടു  കൂടി വിളിച്ചു പറഞ്ഞ് അപ്പോയിന്റ്മെന്റ് ഫിക്സ് ചെയ്തിട്ടല്ലേ ആളുകൾ വരാറുള്ളൂ പഴയ കാലത്ത് പ്രതീക്ഷകളും ആശങ്കകളും അതിഥികളെച്ചൊല്ലി ഉണ്ടാവാറുണ്ട്. ഇന്നതിന്റെയൊന്നും ആവശ്യമില്ല. പലപ്പോഴും ആശിച്ചുപോവാറുണ്ട്, അപ്രതീക്ഷിതമായി പ്രിയപ്പെച്ച ഒരതിഥി എത്തിയെങ്കിൽ എന്ന്. കാലത്തിന്റെ കുത്തൊഴുക്കിൽ ബന്ധങ്ങളും സൗഹൃദങ്ങളും കാത്തുസൂക്ഷിക്കാൻ നേരമെവിടെ? ഒന്നിനും സമയമില്ലാത്ത മനുഷ്യർക്ക് ബന്ധങ്ങൾ ബന്ധനങ്ങളാകുന്നുണ്ടോ? രക്തബന്ധങ്ങൾക്ക് പഴകാലദൃഢതയില്ല. ചിലർക്ക് മുഖംമൂടിയണിഞ്ഞ സൗഹൃദങ്ങൾ മാത്രം മതി. എല്ലാ സൗഹൃദങ്ങളും അങ്ങിനെയാണെന്ന് പറയുകയല്ല.

വാർദ്ധക്യത്തിൽ തനിച്ചാവുന്ന വൃദ്ധജനങ്ങൾ. മക്കളുണ്ടെങ്കിൽ തന്നെ അവർ കാതങ്ങൾക്കകലെയായിരിക്കും. കൈത്താങ്ങായി വൃദ്ധസദനങ്ങൾ ഇഷ്ടംപോലെ. അച്ഛനമ്മമാരെ ഫൈവ് സ്റ്റാർ വൃദ്ധമന്ദിരങ്ങളിലാക്കിയാൽ മതിയല്ലോ. ഒരുപക്ഷേ, പുതിയതലമുറയിലെ മാതാപിതാക്കളും അതുതന്നെയായിരിക്കും ആഗ്രഹിക്കുന്നത്.  ഇന്നത്തെ യുവാക്കളിൽ പലർക്കും മക്കൾ ഒരനിവാര്യതയേയല്ല. അവർക്കത് ബാധ്യതമാത്രം. വെറുതെയെന്തിനീ പൊല്ലാപ്പ് എന്ന മനോഭാവം.

ജീവിതാന്ത്യത്തിൽ ഒറ്റപ്പെട്ടുപോകുന്ന സ്ത്രീ അല്ലെങ്കിൽ പുരുഷൻ. അവരിൽ ചിലരെങ്കിലും ഇണയും തുണയുമായിരുന്നവരെ ഓർത്ത്, അവരുടെ സ്നേഹവാത്സല്യങ്ങളും കരുതലുകളും ഓർത്ത് കണ്ണീരൊഴുക്കി കഴിയുന്നു. എന്നാൽ ഇന്നത്തെ പല ദാമ്പത്യബന്ധങ്ങളും ശിഥിലമായിക്കൊണ്ടിരിക്കുന്നു..  നമ്മുടെ പുരുഷാധിപത്യ സമൂഹം ഭാര്യമാരെ അന്നും ഇന്നും അടിമകളായിത്തന്നെയാണ് കാണുന്നത്. അതനുവദിച്ചുകൊടുക്കാൻ ഇക്കാലത്തെ ഭൂരിഭാഗം പെൺകുട്ടികളും ഒരുക്കമല്ല.  അതുകൊണ്ടു തന്നെ അവരെ സമൂഹം കാണുന്നത് മറ്റൊരു കണ്ണിലൂടെയാണ്. കുട്ടികൾ ഉണ്ടായിക്കഴിഞ്ഞ് ദാമ്പത്യബന്ധം പിരിയേണ്ടിവരുന്ന അമ്മമാർ മക്കളുടെ ഉത്തരവാദിത്തം അവരുടേത് മാത്രമായി കാണാൻ തയ്യാറാവുന്നില്ല. മാതൃത്വത്തിന് പറഞ്ഞ് പഴകിയ 'പവിത്രത'യോ 'മഹനീയത'യോ ഉണ്ടെന്നവർ സമ്മതിച്ചു തരില്ല.

നാട്ടിൽ കൊലപാതകങ്ങൾ പെരുകുന്നു. രാഷ്ട്രീയ കൊലപാതകങ്ങൾ ഒരുവശത്ത്. വ്യക്തിവൈരാഗ്യങ്ങൾ വേറെ. പെണ്ണിനും പണത്തിനും വേണ്ടി ഒരു കൂട്ടർ. പുരുഷൻ മാനസികമായും ശാരീരികമായും സ്ത്രീയെ പിച്ചിച്ചീന്തുന്നു. അവളുടെ ആഗ്രഹങ്ങൾ വനരോദനങ്ങൾ മാത്രം. 'സ്ത്രീയുടെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും ആരാണ് പരിധി നിശ്ചയിക്കുന്നത്' (ഹൗ ഓൾഡ് ആർ യു). വീട്ടിലും തൊഴിലിടങ്ങളിലും സ്ത്രീ അനുഭവിക്കുന്ന വിവേചനങ്ങൾക്കു കണക്കുണ്ടോ? നമ്മുടെ ആൺകുട്ടികളെ സ്ത്രീയെ ബഹുമാനിക്കുന്നവരായി വളർത്താൻ ഇനിയെങ്കിലും അമ്മമാർ ശ്രദ്ധിക്കുമോ? വളർന്നുവരുന്ന തലമുറയെങ്കിലും അങ്ങനെയായിരുന്നെങ്കിൽ!

ക്രൂരമായ ബലാത്സംഗത്തിനിരയായി മരിച്ചുപോയ എത്രയോ സൗമ്യമാർ, ജിഷമാർ, നിർഭയമാർ. പിഞ്ചുകുഞ്ഞുങ്ങളെയടക്കം പലതരത്തിൽ പീഡിപ്പിക്കുന്നവർ എന്തേ അവരുടെ മക്കളെ, സഹോദരിയെ, അമ്മയെ ഓർക്കാത്തത്. (സഹോദരിയും മകളും സ്നേഹിതയും വെറും ശരീരം മാത്രമാണെന്ന് താത്രിക്കുട്ടിയുടെ സ്മാർത്തവിചാരം മുതലേ നമ്മൾ കണ്ടതാണ്.) പ്രണയം നടിച്ച് പെൺകുട്ടികളെ ചതിക്കുഴിയിൽ വീഴ്ത്തുന്നവർക്ക് സഹോദരിമാരും മക്കളുമില്ലെങ്കിൽ അമ്മമാർ തീർച്ചയായും ഉണ്ടായിരിക്കുമല്ലോ. അവർ ഭൂമിയിൽ തനിയെ പൊട്ടിമുളച്ചവരായിരിക്കില്ലല്ലോ. നിർബന്ധിത മതംമാറ്റവും തീവ്രവാദവും എത്രയെത്ര കുടുംബങ്ങളെ തീരാവേദനയിലാഴ്ത്തുന്നു. ഇതിനൊക്കെ പുറമെ മാറാരോഗങ്ങൾ ബാധിച്ചവർ, ചികിത്സക്ക് പണമില്ലാത്തവർ, കിടപ്പാടമില്ലാത്തവർ, പ്രകൃതിദുരന്തങ്ങൾക്കിരയാവുന്നവർ  അങ്ങനെയങ്ങനെ....

ദിനേന നമ്മുടെ റോഡുകളിൽ പൊലിഞ്ഞു പോകുന്ന ജീവനുകളോ? അമിതവേഗം, ശ്രദ്ധക്കുറവ്, റോഡുകളുടെ ശോചനീയാവസ്ഥ ഇതെല്ലാം കാരണങ്ങളാണ്. കാരണങ്ങൾ അന്വേഷിക്കുന്നതിൽ മാത്രം കാര്യമില്ല. തക്കതായ പരിഹാരങ്ങൾ കണ്ടെത്തുക തന്നെ വേണം.  എത്രയെത്ര കുഞ്ഞുങ്ങൾ, യുവാക്കളടങ്ങിയ മുതിർന്നവർ. സ്വപ്നങ്ങൾ ബാക്കിയാക്കി, പ്രിയപ്പെട്ടവരെ തനിച്ചാക്കി മരണത്തിന്റെ അജ്ഞാതഗുഹയിലേക്ക് എന്നെന്നേക്കുമായി നൂഴ്ന്നു പോകുന്നു.

ഇതിനെല്ലാം  എന്നെങ്കിലും അറുതി വരുമോ? അങ്ങനെയൊരു നല്ല കാലം എന്നെങ്കിലുമുണ്ടാകുമോ? ആശയുടെ ഒരു കൈത്തിരി എങ്ങാനുമുണ്ടോ? ●

ശാസ്ത്രം



സീമ ശ്രീലയം

# ഒടുവിൽ ജൂണോ എത്തി വ്യാഴത്തിനരികെ



നീണ്ട അഞ്ചു വർഷത്തെ യാത്രയ്ക്കൊടുവിൽ ജൂണോ വ്യാഴത്തിനരികെ എത്തി. സൌരയൂഥത്തിലെ ഏറ്റവും വലിയ ഗ്രഹമായ വ്യാഴത്തിന്റെ രഹസ്യങ്ങൾ ചുരുൾനിവർത്താനായി 2011 ഓഗസ്റ്റ് 5 നാണ് ഫ്ലോറിഡയിലെ കേപ്കനാവറൽ എയർഫോഴ്സ് സ്റ്റേഷനിൽ നിന്നും നാസയുടെ ജൂണോ പേടകം യാത്ര തിരിച്ചത്. 2016 ജൂലൈ 4 ന് വ്യാഴത്തിന്റെ ഭ്രമണപഥത്തിൽ പ്രവേശിക്കുകയും ചെയ്തു. അങ്ങനെ ജൂണോ ജൂപ്പിറ്ററിനടുത്തെത്തി. റോമൻ ദേവനായ ജൂപ്പിറ്ററിന്റെ ഭാര്യയായ ജൂണോയുടെ പേരാണ് പേടകത്തിനു നൽകിയിരിക്കുന്നത്! ഇനി 20 മാസം നീളുന്ന വ്യാഴപര്യവേക്ഷണം എന്ന ദൌത്യമാണ് പേടകത്തിനു പൂർത്തീകരിക്കാനുള്ളത്.2018 ഫെബ്രുവരിയിൽ ജൂണോ ദൌത്യം അവസാനിക്കും.

വ്യാഴത്തിന്റെ പിറവിയും പരിണാമവും സംബന്ധിച്ച രഹസ്യങ്ങൾ ജൂണോ വെളിച്ചത്തു കൊണ്ടുവരുമെന്നാണ് ശാസ്ത്രലോകത്തിന്റെ പ്രതീക്ഷ. ഗ്രഹത്തിന്റെ ഉൾക്കാമ്പിന്റെയും അന്തരീക്ഷത്തിന്റെയും ഘടന മനസ്സിലാക്കൽ , അതിശക്തമായ കാന്തിക മണ്ഡല രഹസ്യങ്ങൾ തിരയൽ , ജലത്തിന്റെയും അമോണിയയുടെയും സാന്നിധ്യം അന്വേഷിക്കൽ എന്നിവയൊക്കെ ദൌത്യലക്ഷ്യങ്ങളിൽപ്പെടുന്നു. വ്യാഴത്തിന്റെ ഉത്ഭവ, പരിണാമരഹസ്യങ്ങളിലൂടെ ഇതുപോലുള്ള വലിയ ഗ്രഹങ്ങളുടെ ഉല്പത്തിരഹസ്യങ്ങളും സൌരയൂഥത്തിന്റെ തന്നെ പരിണാമരഹസ്യങ്ങളുമാണ് ചുരുൾ നിവരുക.

പയനിയർ 10 ആണ് വ്യാഴത്തിലേക്ക് വിക്ഷേപിക്കപ്പെട്ട ആദ്യ ബഹിരാകാശ പേടകം. അങ്ങനെയാണ് വ്യാഴത്തിന്റെ ആദ്യ സമീപദൃശ്യങ്ങൾ ലഭ്യമായത്. 1972 മാർച്ച് 2നായിരുന്നു വിക്ഷേപണം. .തൊട്ടടുത്ത വർഷം പയനിയർ 11 ഉം വിക്ഷേപിക്കപ്പെട്ടു. സൌരയൂഥത്തിന്റെയും സൂര്യന്റെയും രണ്ടു മനുഷ്യരുടെയും ചിത്രങ്ങൾ രേഖപ്പെടുത്തിയ രണ്ടു ലോഹഫലകങ്ങൾ ഈ പേടകങ്ങളിൽ വച്ചിരുന്നു ! പിന്നീട് നാസയുടെ വൊയേജർ 1,2 പേടകങ്ങൾ വ്യാഴ പര്യവേക്ഷണം നടത്തി. പ്രത്യേകതകൾ

ഏറെയുള്ള ഗ്രഹമാണ് വ്യാഴം. 1995 ൽ ആറു വർഷത്തെ യാത്രയ്ക്കൊടുവിൽ വ്യാഴത്തിനു സമീപമെത്തിയ പേടകമാണ് ഗലീലിയോ. ഈ പേടകം വ്യാഴത്തിനു സമീപമെത്തുന്നതിനു മുൻപാണ് 1994 ൽ ഷൂമാകർ ലെവി9 എന്ന വാൽ നക്ഷത്രം വ്യാഴത്തിൽ വന്നിടിച്ചത്. എങ്കിലും യാത്രയ്ക്കിടയിൽ അതിന്റെ ഫലമായുണ്ടായ പ്രകാശജ്വാലകളും മറ്റും പകർത്താൻ പേടകത്തിനു സാധിച്ചു. ശനിയിലേക്കയച്ച കാസ്സിനിഹൈജൻസ് പേടകവും വ്യാഴത്തിനു സമീപത്തുകൂടെ പറന്ന സമയത്ത് വിസ്മയദൃശ്യങ്ങൾ ലഭ്യമാക്കി.

പ്രത്യേകതകൾ ഏറെയുണ്ട് സൂര്യനിൽ നിന്നും അഞ്ചാമതായി സ്ഥിതിചെയ്യുന്ന ഈ വലിയ ഗ്രഹത്തിന്. ഉയർന്ന ഭ്രമണവേഗതയും ഉയർന്ന ഗുരുത്വാകർഷണവുമുണ്ട് വ്യാഴത്തിന്. ഇവിടെ കൂടുതലായുള്ള വാതകങ്ങൾ ഹൈഡ്രജനും ഹീലിയവുമാണ് .വ്യാഴത്തിനുചുറ്റുമായി വലിയൊരു കുമിളയായാണ് കാന്തികമണ്ഡലമുള്ളത്. ഈ മാഗ്നറ്റോസ്ഫിയർ ചുരുങ്ങുകയും വികസിക്കുകയും ചെയ്യുന്നുണ്ട്. ഒപ്പം ശക്തിയേറിയ വികിരണ ബെൽറ്റുകളുമുണ്ട്. മേഘപടലങ്ങളിൽ തുടർച്ചയായി ഉണ്ടാവുന്ന ഇടിമിന്നലുകളാണ് മറ്റൊരു പ്രത്യേകത. ഭംഗിയുള്ള മേഘനാടകളും വലിയ ചുവന്ന വട്ടവും മറ്റൊരു സവിശേഷതയാണ് .വ്യാഴത്തിന്റെ വലിയ നാലുപഗ്രഹങ്ങളെ ടെലിസ്കോപ്പിലൂടെ ആദ്യമായി നിരീക്ഷിച്ചത് ഗലീലിയോ ആണ് .വ്യാഴത്തിന്റെ ഉപഗ്രഹമായ ഗാനമീഡ് ആണ് സൌരയൂഥത്തിലെ ഏറ്റവും വലിയ ഉപഗ്രഹം.വ്യാഴത്തിന്റെ ഉപഗ്രഹങ്ങളിൽ ചിലതിൽ സജീവമായ അഗ്നിപർവ്വതങ്ങളുണ്ട്. ചിലതാവട്ടെ മഞ്ഞുപാളികൾ മൂടിക്കിടക്കുന്ന ലവണസമുദ്രങ്ങൾ നിറഞ്ഞവയാണ് .വ്യാഴത്തിന്റെ ഉപഗ്രഹമായ യോറോപ്പയിൽ മഞ്ഞുമൂടിക്കിടക്കുന്ന സമുദ്രമുണ്ടെന്നാണ് കരുതപ്പെടുന്നത്. അതുകൊണ്ടുതന്നെ അന്യഗ്രഹജീവൻ തേടുന്ന ഗവേഷണങ്ങളുടെ ശ്രദ്ധാകേന്ദ്രമാണ് ഈ ഉപഗ്രഹം. വ്യാഴത്തെക്കുറിച്ച് നാമിങ്ങറിഞ്ഞത് ഇത്തിരി മാത്രം. ഇനി ജൂണോ പകർന്നുതരുന്ന വ്യാഴരഹസ്യങ്ങൾക്കായി കൺ തുറന്നിരിക്കുകയാണ് ശാസ്ത്രലോകം. ●

## കാർട്ടൂൺ





**ആർട്ടിക്കിൾ 377 തൊട്ടുകളിക്കരുത്**
**ഹോ നാനാത്വത്തിൽ ഏകത്വം തന്നെ**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara


# സൈബർലോകത്തെ






ഷാരോൺ റാണി






# ചിത്രക്കാഴ്ചകൾ




Rilke's Flower



Abstract Asemic, Breaking



ഡോണ മയൂര



Abstract Asemic, From 'Contemplating on a Week' series

www.aryavaidyasala.com





# നൂറ്റാണ്ടിന്റെ ഔഷധസംസ്കാരം

Kottakkal ayurveda



Ayurvedic Hospital & Research Centre, Kottakkal
(Tel. No. 0483 2808000)



Ayurvedic Hospital & Research Centre, Delhi
(Tel. No. 011 22106500)



Ayurvedic Hospital & Research Centre, Trikkakkara (Kochi)
(Tel. No. 0484 2554000)



Ayurvedic Hospital & Research Centre, Aluva
(Tel. No. 0484 2839076)

- കോട്ടയ്ക്കലും ഡൽഹിയിലും ആലുവയിലും കൊച്ചിയിലും ആശുപത്രികൾ
- കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ
- കോട്ടയ്ക്കലും കഞ്ചിക്കോട്ടും നഞ്ചൻകോട്ടും ഔഷധനിർമ്മാണഫാക്ടറികൾ
- അഞ്ഞൂറിലധികം ശാസ്ത്രീയ ഔഷധങ്ങൾ
- ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനും പ്രത്യേകം വിഭാഗങ്ങൾ
- ഔഷധത്തോട്ടങ്ങൾ
- ഔഷധസസ്യഗവേഷണകേന്ദ്രം
- ആയുർവേദപഠനസൗകര്യങ്ങൾ
- 27 ശാഖകൾ, 1500-ൽപരം അംഗീകൃതവിതരണക്കാർ
- പി.എസ്.വി. നാട്യസംഘം
- മൊബൈൽ മെഡിക്കൽ യൂണിറ്റ്
- വൈദ്യരത്നം പി.എസ്. വാരിയർ മ്യൂസിയം

## ആയുർവേദത്തിന്റെ ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ

## ആര്യവൈദ്യശാല

ESTD 1902 കോട്ടയ്ക്കൽ-676 503, കേരളം



Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com

**Our Branch Clinics across the country**

**Adoor**- 04734 220440, **Ahmedabad**- 079 27489450, **Aluva** - 0484 2623549, **Bangalore** - 080 26572956, **Chennai** - 044 28251246, 47, **Coimbatore** - 0422 2491594, **Ernakulam** - 0484, 2375674, **Indore** - 0731 2513335, **Jamshedpur** - 0657 6544432, **Kannur** - 0497 2761164, **Kolkata** - 033 24630661, **Kottakkal** - 0483 2743380, **Kottayam** - 0481-2304817/2562396, **Kozhikode(Kallai Road)** - 0495 2302666, **Kozhikode(Mananchira)** - 0495 2720664, 2723450, **Madurai** - 0452 2623123, **Mangalore** - 0824 2443140, **Mumbai, Sion (E)** - 022 24016879, **Mumbai, Vashi** - 022-27814542, **Mysore** - 0821-2331062, **New Delhi** - 011 24621790, **Palakkad(Vadakanthara)** - 0491 2502404, **Palakkad(Town)** - 0491 2527084, **Secunderabad** - 040 27722226, **Thiruvananthapuram** - 0471 2463439, **Thrissur** - 0487-2380950, **Tirur** - 0494 2422231